# സാമൂഹ്യശാസ്ത്രം I

ഭാഗം - 1

## സ്റ്റാൻഡേർഡ് IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-203-1-SOC. SCI-I (M)-9-VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**സാമൂഹ്യശാസ്ത്രം I**

**9**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സമകാലീനസമൂഹത്തെ തിരിച്ചറിയുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ട് ഉത്തരവാദിത്തപൂർണ്ണമായ പൗര ജീവിതം നയിക്കുന്നതിനും നമുക്കു കഴിയണം. അതിന്, സാമൂഹ്യ ശാസ്ത്രപഠനം നമ്മെ സഹായിക്കുന്നു. ശിലായുഗത്തിൽ മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനസവിശേഷതകൾ രൂപപ്പെട്ടിടത്തു നിന്നാണ് ഈ പുസ്തകം ആരംഭിക്കുന്നത്. തുടർന്ന്, ആശയങ്ങളും ആദ്യകാല രാഷ്ട്രങ്ങളും ഇന്ത്യയിലെ രാഷ്ട്രരൂപീകരണത്തിന്റെ ചരിത്രവും ചർച്ച ചെയ്യുന്നു. ബുദ്ധ-ജൈനാശയങ്ങൾ രൂപപ്പെട്ട പശ്ചാത്തലവും രാഷ്ട്ര രൂപീകരണവും ഭൗതികവികാസവും തമ്മിലുള്ള ബന്ധവും ഇതിൽ വിശദീകരിക്കുന്നുണ്ട്. ഭൂമിദാനവും ഇന്ത്യൻ സമൂഹവും എന്ന അധ്യായത്തിൽ ഭൂമിദാന പ്രക്രിയയി ലൂടെ ഇന്ത്യൻ സമൂഹത്തിൽ ഫ്യൂഡൽ വ്യവസ്ഥിതി രൂപപ്പെട്ടതിന്റെ ചരിത്രം അനാവരണം ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയിലെ അധികാരവിന്യാസവും ഇന്ത്യയിലെ ജനസംഖ്യാപ്രവണതകളും ഈ പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. പ്രധാന വിവര സ്രോത സുകളെ പരിചയപ്പെട്ടും വിശകലനം ചെയ്തും വ്യാഖ്യാനിച്ചും അറിവു നിർമ്മാണം നടക്കുന്ന രീതിയിലാണ് പാഠങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങളെ പഠനത്തിൽ പ്രയോജനപ്പെടുത്തുന്നതിന് അവസരമുണ്ട്. ജനാധിപത്യ മതേതര മൂല്യങ്ങളോടൊപ്പം ശാസ്ത്രീയവും ബഹുസ്വരതയെ ഉൾക്കൊള്ളുന്നതു മായ മനോഭാവവും ഇതിലൂടെ കുട്ടികളിൽ രൂപപ്പെടേണ്ടതാണ്.

ആശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. ശിവദാസൻ പി.**
പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി
കാലിക്കട്ട് യൂണിവേഴ്സിറ്റി

## വിദഗ്ധർ

**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട)
ഗവ. വിമൻസ് കോളേജ്
തിരുവനന്തപുരം

**ഡോ. പ്രദീപ്കുമാർ കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്
ഗവ. കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം

**ഡോ. ബൈജു കെ.സി.**
പ്രൊഫസർ & വൈസ് ചാൻസിലർ (ഇൻ-ചാർജ്)
ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ്,
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കാസർഗോഡ്

## അംഗങ്ങൾ

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ
സെന്റ് ഡൊമനിക് കോളേജ്
കാഞ്ഞിരപ്പള്ളി, കോട്ടയം

**ഡോ. നന്ദകുമാർ ബി.വി**
അസിസ്റ്റന്റ് പ്രൊഫസർ
എസ്. എൻ. കോളേജ്
വർക്കല, തിരുവനന്തപുരം

**യൂസഫ് കുമാർ എസ്.എം.**
പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.
ചിതറ, കൊല്ലം

**അജു എസ്.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്.
വെച്ചൂച്ചിറ കോളനി, പത്തനംതിട്ട

**പ്രദീപൻ ടി.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്. പാലയാട്, കണ്ണൂർ

**നജീം എ.**
പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്.
കടയ്ക്കൽ, കൊല്ലം

**രാജൻ എം.**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
ജി.എച്ച്.എസ്. നാഗലശ്ശേരി, പാലക്കാട്

**ശ്രീജിത്ത് എം. മുത്തേടത്ത്**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
സി.എൻ.എൻ. ജി.എച്ച്.എസ്. ചേർപ്പ്, തൃശ്ശൂർ

**സന്ധ്യാറാണി പി.എസ്.**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
ജി.എച്ച്.എസ്.എസ്. അഞ്ചൽ വെസ്റ്റ്, കൊല്ലം

## അക്കാദമിക് കോഡിനേറ്റർ

**സുരേഷ്കുമാർ എസ്.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


01 ശിലായുഗത്തിൽ നിന്ന് മുന്നോട്ട് 07-24

02 ആശയങ്ങളും ആദ്യകാല രാഷ്ട്രങ്ങളും 25-44

03 ഭൂമിദാനവും ഇന്ത്യൻ സമൂഹവും 45-62

04 ഇന്ത്യൻ ഭരണഘടനയിലെ അധികാരവിന്യാസം 63-82

05 ഇന്ത്യയിലെ ജനസംഖ്യാപ്രവണതകൾ 83-100


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


കുറിപ്പ് തയ്യാറാക്കുക


പഠനപ്രവർത്തനം


കൊളാഷ് നിർമ്മാണം


വിലയിരുത്തൽ ചോദ്യങ്ങൾ


പ്ലക്കാർഡ് നിർമ്മാണം


തുടർപ്രവർത്തനങ്ങൾ


ചർച്ചചെയ്യാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



# 1 ശിലായുഗത്തിൽ നിന്ന് മുന്നോട്ട്




ജവഹർലാൽ നെഹ്റുവിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന കൃതിയിൽ നിന്നുള്ള ഭാഗമാണ് നിങ്ങൾ മുകളിൽ വായിച്ചത്. ആദിമമനുഷ്യരുടെ ജീവിതത്തെക്കുറിച്ചാണ് ഈ കത്തിൽ സൂചന നൽകുന്നത്.

കാട്ടുജന്തുക്കളിൽ നിന്ന് രക്ഷനേടാൻ മനുഷ്യർ ഏതുതരം ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു എന്നാണ് അദ്ദേഹം ഇവിടെ പറയുന്നത്?

- കല്ലുകൊണ്ടുള്ള മഴു
- 
- 

ഇത്തരം ഉപകരണങ്ങൾ അക്കാലത്തെ മനുഷ്യർ എന്തൊക്കെ ആവശ്യങ്ങൾ ക്കായി ഉപയോഗിച്ചിട്ടുണ്ടാകും?

- മൃഗങ്ങളിൽ നിന്ന് രക്ഷനേടാൻ
- വേട്ടയാടാൻ
-

മേല്പറഞ്ഞ ആവശ്യങ്ങൾക്കായി മനുഷ്യർ നിർമ്മിച്ച ഉപകരണങ്ങൾ തുടക്കത്തിൽ ശിലകൾകൊണ്ടുള്ളവയായിരുന്നു. പിൽക്കാലത്ത് ശിലയുടെ സ്ഥാനത്ത് ലോഹങ്ങൾ കടന്നുവന്നു.

മനുഷ്യർ ഉപകരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ച വസ്തുക്കളുടെ അടിസ്ഥാനത്തിൽ പുരാവസ്തുഗവേഷകർ മാനവചരിത്രത്തെ വിവിധ കാലഘട്ടങ്ങളായി തിരിക്കുന്നു.




## ശിലായുഗം (Stone Age)

മാനവചരിത്രത്തിന്റെ ആദ്യഘട്ടത്തെ ശിലായുഗമെന്ന് വിളിച്ചത് എന്തു കൊണ്ടാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അക്കാലത്ത് മനുഷ്യർ ഉപകര ണങ്ങളും ആയുധങ്ങളും പ്രധാനമായും നിർമ്മിച്ചിരുന്നത് കല്ലുകൊണ്ടാണ്. അതിനാൽ ചരിത്രകാരർ ആദ്യഘട്ടത്തെ ശിലായുഗം എന്ന് വിശേഷി പ്പിക്കുന്നു. കല്ലുകൾകൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണരീതിയെ അടിസ്ഥാനമാക്കി ശിലായുഗത്തെ പ്രാചീനശിലായുഗം, മധ്യശിലായുഗം, നവീനശിലായുഗം എന്നിങ്ങനെ മൂന്നായി തിരിക്കുന്നു.

ഇവ ഓരോന്നിന്റെയും സവിശേഷതകൾ നോക്കാം.

## പ്രാചീനശിലായുഗം (Palaeolithic Age)

പരുക്കൻ ശിലാ ഉപകരണങ്ങളാണ് പ്രാചീനശിലായുഗ കാലഘട്ടത്തിലെ ഉപകരണങ്ങളുടെ പ്രധാനസവിശേഷത. 'പാലിയോസ്' (പ്രാചീനം), 'ലിത്തോസ്' (ശില) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'പാലിയോലിത്തിക്' എന്ന പദം രൂപംകൊണ്ടത്.

ആദിമമനുഷ്യരുടെ ജീവനോപാധികളുമായി ബന്ധമുള്ളതാണ് ഉപകരണങ്ങളുടെ നിർമ്മാണം. ഉപകരണങ്ങളുടെ ഉപയോഗത്തിൽ മൂന്നു പ്രധാന ഘട്ടങ്ങൾ ഉണ്ടായിരുന്നതായി പുരാവസ്തുഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. അവ ചുവടെ നൽകുന്നു.

പ്രയോജനപ്പെടുത്തൽ (Utilization) → ലഭ്യമായ കല്ലുകളെ രൂപമാറ്റം വരുത്താതെ തന്നെ ഉപയോഗിക്കുന്ന രീതി

രൂപമാറ്റം വരുത്തൽ (Fashioning) → ലഭ്യമായ കല്ലുകളെ ആവശ്യാനുസരണം രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന രീതി

ക്രമവൽക്കരണം (Standardization) → ഓരോ ആവശ്യത്തിനും പ്രത്യേകതരം ഉപകരണങ്ങൾ നിർമ്മിക്കുന്ന രീതി

പ്രാചീനശിലായുഗത്തിലെ വിവിധഘട്ടങ്ങളിൽ ആദിമമനുഷ്യർ ഉപയോഗിച്ച വ്യത്യസ്ത ഉപകരണങ്ങളുടെ ചിത്രങ്ങളാണ് ചുവടെ തന്നിരിക്കുന്നത്. അവ നിരീക്ഷിച്ച് ഈ ഉപകരണങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.



ഉരുളൻ കല്ലുപകരണങ്ങൾ (Pebble tools)

ദ്വിമുഖ മാതൃശിലാഉപകരണങ്ങൾ (Biface core tools)

കൽച്ചീളുപകരണങ്ങൾ (Flake tools)

## മാതൃശിലകളും കൽച്ചീളുകളും (Core and Flakes)

ഒരു കഷണം കല്ലിനെ രണ്ടോ അതിലധികമോ കഷണങ്ങളായി പൊട്ടിക്കുമ്പോൾ അതിൽ ഏറ്റവും വലിയ കഷണത്തെ മാതൃശില (Core) എന്നും ചെറിയ കഷണങ്ങളെ കൽച്ചീളുകളെന്നും (flakes) വിളിക്കുന്നു. മാതൃശില കൊണ്ട് നിർമ്മിക്കുന്നവയെ മാതൃശിലാ ഉപകരണങ്ങൾ എന്നും കൽച്ചീളുകൾകൊണ്ട് നിർമ്മിക്കുന്നവയെ കൽച്ചീളുപകരണങ്ങൾ എന്നും വിളിക്കുന്നു.






വെട്ടിമുറിക്കാനുള്ള കല്ലുപകരണങ്ങൾ (Chopper-Chopping tools)

ബ്ലേഡ് സാങ്കേതിക രീതിയിൽ നിർമ്മിച്ച ശിലാ ഉപകരണങ്ങൾ

പ്രാചീനശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ ശിലകൾ കൊണ്ട് നിർമ്മിച്ച ഉപകരണങ്ങൾക്ക് പുറമെ അസ്ഥികൾ കൊണ്ട് നിർമ്മിച്ച ഉപകരണങ്ങളും മനുഷ്യർ ഉപയോഗിച്ചിരുന്നു. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക.



ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾക്ക് നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഉപകരണവുമായി സാമ്യമുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് എഴുതുക.

- 
- 
- 



പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളുടെ നിർമ്മാണവും സാങ്കേതികവളർച്ചയും എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.



ഷോവെ, ഫ്രാൻസ്



ലാസ്കോ, ഫ്രാൻസ്



ആനക്കൊമ്പിൽ നിർമ്മിച്ച ശില്പം സറയ്സ്ക്, റഷ്യ



കുസ്സാക് (ഫ്രാൻസ്) ഗുഹയിലെ കോറിയിട്ട ചിത്രങ്ങൾ



സ്പെയിനിലെ ലാ ഗർമ ഗുഹകളിൽ നിന്നും കണ്ടെത്തിയ അസ്ഥികളിലെ കൊത്തുപണികൾ

പ്രാചീനമനുഷ്യരുടെ കലാസൃഷ്ടികളുടെ ചിത്രങ്ങളാണ് മുകളിൽ തന്നിരിക്കുന്നത്. ഈ ചിത്രങ്ങളിൽ നിന്ന് നിങ്ങൾക്ക് എന്തെല്ലാം മനസ്സിലാക്കാൻ കഴിയുന്നു. ലളിതമായ ഒഴുക്കൻവരകൾ, കോറിയിട്ട ചിത്രങ്ങൾ, ശില്പങ്ങൾ തുടങ്ങി വിവിധ മാർഗങ്ങൾ പ്രാചീന ശിലായുഗത്തിന്റെ അവസാനഘട്ടത്തിൽ ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്നതായി ഈ ചിത്രങ്ങളിൽ നിന്നും മനസിലാക്കാൻ കഴിയും. മൃഗങ്ങളുടെ ചിത്രീകരണം (ഷോവെ, ലാസ്കോ ഗുഹകൾ), മൃഗത്തിന്റെയും സ്ത്രീയുടെയും കോറിയിട്ട രൂപം (കുസ്സാക് ഗുഹ) വീനസ് പ്രതിമ (സറയ്സ്ക്, റഷ്യ) എന്നിവ അനുഷ്ഠാനവുമായോ വിശ്വാസവുമായോ ബന്ധമുള്ളതായി പുരാവസ്തുഗവേഷകർ അഭിപ്രായപ്പെടുന്നു. സ്പെയിനിലെ ലാ ഗർമ ഗുഹയിൽ നിന്ന് കണ്ടെത്തിയ അസ്ഥികളിലെ കൊത്തുപണികൾ അക്കാലത്തെ മനുഷ്യരുടെ കലാവൈദഗ്ധ്യത്തിന് തെളിവാണ്.

ഗുഹാചിത്രങ്ങൾ വരയ്ക്കുന്നതിന് വിവിധതരം നിറങ്ങൾ ഉപയോഗിച്ചിരുന്നു. ചെടികൾ, മരത്തിന്റെ തോല്, കായ്കൾ എന്നിവ അരച്ച് ചെങ്കൽപ്പൊടി ചേർത്താണ് നിറങ്ങൾ ഉണ്ടാക്കിയിരുന്നത്. സൂര്യപ്രകാശം എത്താൻ കഴിയാത്ത ഗുഹയുടെ ഉൾഭിത്തികളിലാണ് ചിത്രങ്ങൾ വരച്ചിരുന്നത്. കൽസൂചികളും മുനയുള്ള ആയുധങ്ങളും ഉപയോഗിച്ചാണ് ഇത്തരം ചിത്രങ്ങൾ അവർ വരച്ചിരുന്നത്. ഗുഹകളിലെ മേൽഭിത്തികളിലും ചിത്രങ്ങൾ വരച്ചിരുന്നതായി കാണാൻ കഴിയും. പ്രാചീനമനുഷ്യർ ആർജിച്ച വൈജ്ഞാനിക വികാസത്തിന്റെയും സാങ്കേതികവൈദഗ്ധ്യത്തിന്റെയും തെളിവായി ഇത്തരം ചിത്രങ്ങളും ശില്പങ്ങളും കണക്കാക്കപ്പെടുന്നു.

പ്രാചീനശിലായുഗ കാലത്തെ ഉപകരണങ്ങൾ, കലകൾ എന്നിവയിൽ നിന്നും മനുഷ്യരുടെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നതെന്ന് നോക്കാം.




**ബാൻഡുകൾ**

നൂറിൽ താഴെ അംഗങ്ങൾ ഉൾപ്പെടുന്ന ചെറുസമൂഹങ്ങളാണ് ബാൻഡുകൾ (പറ്റങ്ങൾ). രക്ത ബന്ധമാണ് ബാൻഡിലെ അംഗങ്ങളെ പരസ്പരം ബന്ധിപ്പിച്ചിരുന്നത്.






ലോകഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാചീനശിലായുഗ കേന്ദ്രങ്ങളുടെ സവിശേഷതകൾ രേഖപ്പെടുത്തുക.

## മധ്യശിലായുഗം (Mesolithic Age)

പ്രാചീനശിലായുഗത്തിൽ നിന്നും നവീനശിലായുഗത്തിലേക്കുള്ള പരിവർത്തനത്തിന്റെ ഘട്ടമാണ് മധ്യശിലായുഗം. 'മെസോസ്'(മധ്യം), 'ലിത്തോസ്'(ശില) എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'മെസോലിത്തിക്' എന്ന പദം ഉടലെടുത്തത്.

നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക. പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളും ചിത്രത്തിൽ കാണുന്ന മധ്യശിലായുഗത്തിലെ ഉപകരണങ്ങളും തമ്മിലുള്ള വ്യത്യാസം നമുക്ക് പരിശോധിക്കാം.

- പ്രാചീനശിലായുഗത്തിൽ ഉപയോഗിച്ചിരുന്നവയേക്കാൾ ചെറിയ ഉപകരണങ്ങളാണ് ഇവ.
- മൈക്രോലിത്തുകൾ (Microliths) അഥവാ സൂക്ഷ്മശിലകൾ എന്ന് വിളിക്കുന്ന കല്ലുപകരണങ്ങൾ ഉപയോഗിച്ചിരുന്ന കാലമാണിത്.



മധ്യശിലായുഗത്തിലെ ഉപകരണങ്ങൾ

ആദിമമനുഷ്യരുടെ ആശയവിനിമയത്തിന്റെ വികാസം പ്രാചീനശിലായുഗത്തിന്റെ അവസാനഘട്ടങ്ങളിലാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ

ഇന്ത്യയിൽ പ്രധാനമായും ഈ വികാസം നമുക്ക് കാണാൻ കഴിയുന്നത് മധ്യശിലായുഗത്തിലാണ്. മധ്യപ്രദേശിലെ ഭിംബേഡ്ക, ലഖ്ജാവോർ, കഥോട്ടിയ എന്നീ ഗുഹാകേന്ദ്രങ്ങളിലെ കലാസൃഷ്ടികൾ ആദിമമനുഷ്യന്റെ ജീവിതരീതികൾ മനസ്സിലാക്കാൻ സഹായിക്കുന്നുണ്ട്.



ഭിംബേഡ്ക



ലഖ്ജാവോർ



കഥോട്ടിയ



ലഖ്ജാവോർ



ഭിംബേഡ്ക



ലഖ്ജാവോർ

ചിത്രങ്ങൾ നിരീക്ഷിച്ച് അവ പ്രാചീനമനുഷ്യന്റെ ഏതെല്ലാം ജീവിതരംഗങ്ങളെയാണ് ചിത്രീകരിച്ചിരിക്കുന്നതെന്ന് പട്ടികപ്പെടുത്തുക.

- വേട്ടയാടൽ
- 
- 
- 
- 
- 

ഈ ചിത്രത്തിൽനിന്ന് മധ്യശിലായുഗത്തിലെ മനുഷ്യരുടെ ജീവിതരീതികളെപ്പറ്റി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ ചുവടെ നൽകുന്നു.

- മൈക്രോലിത്തുകൾ അഥവാ സൂക്ഷ്മശിലായുധങ്ങളുടെ ഉപയോഗം
- വേട്ടയാടലിനും ശേഖരണത്തിനും പുറമെ മീൻപിടുത്തവും ഉപജീവന മാർഗമാക്കി.
- മൃഗങ്ങളെ ഇണക്കിവളർത്തലിന്റെ സൂചനകൾ
- വിനോദങ്ങൾ
- ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം

| മധ്യശിലായുഗകേന്ദ്രങ്ങൾ | |
|---|---|
| സ്റ്റാർകാർ | ഇംഗ്ലണ്ട് |
| ഫാഹിയാൻ ഗുഹ | ശ്രീലങ്ക |
| സരൈനഹർറായ് | ഇന്ത്യ (ഉത്തർപ്രദേശ്) |

## സ്റ്റാർകാർ : യൂറോപ്പിലെ മധ്യശിലായുഗകേന്ദ്രം

വടക്കുകിഴക്കൻ ഇംഗ്ലണ്ടിൽ കണ്ടെത്തിയ മധ്യശിലായുഗത്തിലെ ഒരു തുറസ്സായ അധിവാസ കേന്ദ്രമാണിത്. ജൈവ അവശിഷ്ടങ്ങളുടെ സാന്നിധ്യമാണ് ഈ കേന്ദ്രത്തിന്റെ പ്രധാന സവിശേഷത. ശിലകൾ കൊണ്ടും അസ്ഥികൾ കൊണ്ടും നിർമ്മിച്ച ഉപകരണങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യകാല മരപ്പണിയുടെ തെളിവുകളും ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ട്. ആദിമ മനുഷ്യർ ഈ പ്രദേശത്തെ താൽക്കാലിക വാസസ്ഥലമായി ഉപയോഗിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു.






### സരൈനഹർറായ് : ഇന്ത്യയിലെ ഒരു മധ്യശിലായുഗ കേന്ദ്രം

ഉത്തർപ്രദേശിലെ പ്രതാപ്നഗർ ജില്ലയിൽ ഓക്സ്ബോ തടാകക്കരയിലാണ് സരൈനഹർറായ് സ്ഥിതിചെയ്യുന്നത്. മധ്യശിലായുഗത്തിന്റെ പ്രധാന സവിശേഷതയായ മൈക്രോലിത്തുകൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ നിന്ന് ലഭിച്ച ഉയരമുള്ള മനുഷ്യരുടെ അസ്ഥികൾ വളരെ പ്രധാനപ്പെട്ട പുരാവസ്തുത്തെളിവാണ്. ഇതിൽ പുരുഷന്മാരുടെ ഉയരം 180 സെന്റിമീറ്ററും സ്ത്രീകളുടെ ഉയരം 170 സെന്റിമീറ്ററുമാണ്. വേട്ടയാടലിന് അമ്പും വില്ലും ഉപയോഗിച്ചിരുന്നതായി കരുതുന്നു. വിത്തുകൾ ശേഖരിക്കുകയും സംഭരിക്കുകയും ചെയ്തിരുന്നതിനും മൃഗത്തോലുകൾ വസ്ത്രങ്ങളായി ഉപയോഗിച്ചിരുന്നതിനും തെളിവുണ്ട്.

പ്രാചീനശിലായുഗത്തിലെയും മധ്യശിലായുഗത്തിലെയും മനുഷ്യജീവിതത്തിലെ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

## നവീനശിലായുഗം (Neolithic Age)

മനുഷ്യജീവിതത്തിൽ സമൂലമായ മാറ്റത്തിന് തുടക്കംകുറിച്ച കാലമാണിത്. 'നിയോസ്' (നവീനം), 'ലിത്തോസ്' (ശില) എന്നീ പദങ്ങളിൽ നിന്നുമാണ് 'നിയോലിത്തിക്ക്' എന്ന പദം രൂപംകൊണ്ടത്. *മാൻ മേക്സ് ഹിംസെൽഫ് (മനുഷ്യൻ സ്വയം നിർമ്മിക്കുന്നു)* എന്ന ഗ്രന്ഥത്തിൽ ഗോർഡൻ ചൈൽഡ്, മനുഷ്യജീവിതത്തെ മാറ്റിമറിച്ച നവീനശിലായുഗത്തിലെ രണ്ടു സുപ്രധാനമാറ്റങ്ങളെ സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്:

*മനുഷ്യ സമ്പദ്‌വ്യവസ്ഥയെ ആകെ മാറ്റിമറിച്ച ആദ്യവിപ്ലവം, മനുഷ്യന് തന്റെ ഭക്ഷണലഭ്യതയിന്മേൽ നിയന്ത്രണം നേടിക്കൊടുത്തു. ഭക്ഷ്യയോഗ്യമായ ചെടികളും വേരുകളും വൃക്ഷങ്ങളും തിരഞ്ഞെടുത്ത് നടാനും കൃഷിചെയ്യാനും മെച്ചപ്പെടുത്താനും തുടങ്ങി. തനിക്ക് നൽകാൻ സാധിക്കുന്ന കന്നുകാലിത്തീറ്റയുടെയും കൊടുക്കാൻ കഴിയുന്ന സംരക്ഷണത്തിന്റെയും ചെലുത്താവുന്ന ദീർഘദൃഷ്ടിയുടെയും ഫലമായി, പ്രത്യേക മൃഗങ്ങളെമാത്രം മെരുക്കിയെടുത്ത്, ഇണക്കിനിർത്തുന്നതിൽ മനുഷ്യൻ വിജയിച്ചു. മേല്പറഞ്ഞ രണ്ടുകാര്യങ്ങളും പരസ്പരം ഇഴചേർന്നവയാണ്.*

ഈ വിവരണത്തിൽ നവീനശിലായുഗത്തിലുണ്ടായ ഏതൊക്കെ മാറ്റങ്ങളാണ് പ്രതിപാദിക്കുന്നത്?

- 
- 

ചുറ്റുപാടുകളുമായുള്ള മനുഷ്യന്റെ ഇടപെടലിൽ വന്ന മാറ്റമാണ് ഇതിന് അടിസ്ഥാനമായത്. നവീന ശിലായുഗത്തിൽ പുതിയ ഉപജീവനരീതികൾക്ക് മനുഷ്യർ തുടക്കംകുറിച്ചു. അവ ചുവടെ നൽകുന്നു.

- മൃഗങ്ങളെ ഇണക്കിവളർത്തൽ
- കൃഷിയുടെ ആരംഭം



ഭൂപടം 2

ഭൂപടം നിരീക്ഷിക്കൂ. ചന്ദ്രക്കലയുടെ ആകൃതിയിൽ രേഖപ്പെടുത്തിയ പ്രദേശം കാണാമല്ലോ. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ പ്രദേശത്താണ് കൃഷിയുടെ ആരംഭമെന്ന് പുരാവസ്തു ഗവേഷകർ പറയുന്നു. 'ഫെർട്ടയിൽ ക്രസന്റ്' (ഫലഭൂയിഷ്ഠമായ ചന്ദ്രക്കല) എന്നാണ് ഈ പ്രദേശത്തെ വിശേഷിപ്പിക്കുന്നത്. ഈ പ്രദേശം ഇന്ന് ഏതൊക്കെ രാജ്യങ്ങളുടെ ഭാഗമാണെന്ന് കണ്ടെത്താമോ?

മൃഗങ്ങളെ ഇണക്കിവളർത്താനും, കൃഷി ആരംഭിക്കുവാനും മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് നമുക്ക് നോക്കാം.

- ജനസംഖ്യാവർധനവ്
- മനുഷ്യാധിവാസകേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർധന
- സങ്കീർണ്ണമായ സാമൂഹികസംഘാടനം
- ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യതക്കുറവ്
- സാങ്കേതികവിദ്യയിൽ വന്ന മാറ്റം



നവീനശിലായുഗത്തിലെ ഉപകരണങ്ങളുടെ ചിത്രങ്ങളാണ് തന്നിരിക്കുന്നത്. ചിത്രം നിരീക്ഷിച്ച് ഇവയുടെ സവിശേഷതകൾ കണ്ടെത്തുക.

- മിനുസപ്പെടുത്തിയ ഉപകരണങ്ങൾ
- 
- 

ഇത്തരം ഉപകരണങ്ങൾ മണ്ണിൽ കൃഷിചെയ്യാൻ മനുഷ്യർക്ക് സഹായകമായി. മരം മുറിക്കാനും മണ്ണ് ഉഴുതുമറിക്കാനും ഈ ഉപകരണങ്ങൾ അവരെ സഹായിച്ചു. ഇത് മനുഷ്യരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു.

കൃഷിയും കന്നുകാലിവളർത്തലും ഭക്ഷ്യോൽപന്നങ്ങളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കി. തൽഫലമായി സ്ഥിരവാസവും കാർഷികഗ്രാമങ്ങളും വളർന്നുവന്നു. കളിമൺപാത്രനിർമ്മാണവും കളിമണ്ണുകൊണ്ടു നിർമ്മിച്ച ഇഷ്ടികകളുടെ ഉപയോഗവും ധാന്യസംഭരണം സാധ്യമാക്കി. കാർഷിക രംഗത്ത് മിച്ചോൽപാദനം സാധ്യമായതോടെ സമൂഹത്തിലെ ഒരു വിഭാഗം കാർഷികപ്രവർത്തനങ്ങളിൽ നിന്ന് സ്വതന്ത്രരായി. അവർ കളിമൺപാത്ര നിർമ്മാണം, നെയ്ത്ത് തുടങ്ങിയ മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ തുടങ്ങി. അങ്ങനെ സമൂഹം വിവിധ തൊഴിൽവിഭാഗങ്ങൾ ഉൾപ്പെടുന്നതായി മാറി. ഇതോടെ സമൂഹരൂപീകരണത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു. ഇന്ന് നാം കാണുന്ന മനുഷ്യമുന്നേറ്റങ്ങളുടെ അടിസ്ഥാനം നവീനശിലായുഗത്തിലെ ഈ മാറ്റങ്ങളാണ്. ഇത്തരം മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രസിദ്ധ പുരാവസ്തുഗവേഷകനായ ഗോർഡൻ ചൈൽഡ്, ഈ കാലഘട്ടത്തെ 'നവീനശിലായുഗ വിപ്ലവ'മെന്ന് വിശേഷിപ്പിക്കുന്നത്.

മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നവീനശിലായുഗത്തിലെ മാറ്റങ്ങൾ ഒരു ഫ്ലോചാർട്ടായി അവതരിപ്പിക്കുക.

- മൃഗങ്ങളെ ഇണക്കിവളർത്തൽ
- 
- 
- 
- 

ലോകഭൂപടം നിരീക്ഷിച്ച് ചുവടെ തന്നിരിക്കുന്ന നവീനശിലായുഗ കേന്ദ്രങ്ങൾ ഏതൊക്കെ രാജ്യങ്ങളിലാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.




| നവീനശിലായുഗ കേന്ദ്രങ്ങൾ | രാജ്യം |
|---|---|
| ജെറീക്കൊ | ---------------------------------------------- |
| ജാർമൊ | ---------------------------------------------- |
| അലികോഷ് | ---------------------------------------------- |
| മെഹർഗഡ് | ---------------------------------------------- |

## ഇറാഖിലെ ഖുർദിഷ് കുന്നുകളിലെ ജാർമൊ

റോബർട്ട് ജെ ബ്രയിഡ് വുഡാണ് ഖുർദിഷ് കുന്നുകളിലെ (ആധുനിക ഇറാഖ്) ജാർമൊയിൽ പുരാവസ്തുഗവേഷണത്തിന് നേതൃത്വം നൽകിയത്. ജാർമൊയിലെ ജനങ്ങൾ ബാർലിയും രണ്ടുതരം ഗോതമ്പും കൃഷി ചെയ്തിരുന്നു. ആടിനെയും മറ്റുചില മൃഗങ്ങളെയും ഇണക്കി വളർത്തിയതിന്റെ വ്യക്തമായ സൂചനകളുമുണ്ട്. ഇവിടുത്തെ വീടുകൾ ചെറുകുടിലുകളായിരുന്നു. അവർ കളിമണ്ണുകൊണ്ട് മൃഗങ്ങളുടെയും മനുഷ്യരുടെയും രൂപങ്ങൾ നിർമ്മിച്ചിരുന്നു. അവർ നിർമ്മിച്ച മനുഷ്യരൂപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗർഭിണിയായ സ്ത്രീയുടെ രൂപമാണ്.





### മെഹർഗഢ്: ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ നവീന ശിലായുഗ കേന്ദ്രം

നവീനശിലായുഗത്തിലെ പ്രധാനപ്പെട്ട സവിശേഷതകളായ മൃഗങ്ങളെ ഇണക്കിവളർത്തൽ, കൃഷി എന്നിവയ്ക്ക് തുടക്കം കുറിച്ച പ്രാചീന ഇന്ത്യയിലെ ആദ്യ പ്രദേശമാണ് മെഹർഗഢ് (ഇപ്പോൾ പാകിസ്താനിൽ) എന്ന് പുരാവസ്തുഗവേഷകർ കണക്കാക്കുന്നു. ഈ പ്രദേശത്തെ ബ്രഡ് ബാസ്ക്കറ്റ് ഓഫ് ബലൂചിസ്ഥാൻ (bread basket of Baluchistan) എന്ന് വിളിക്കുന്നു.



വ്യത്യസ്ത ശിലായുഗ കാലഘട്ടങ്ങളെ ചുവടെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കി സാമൂഹ്യശാസ്ത്രക്ലബ്ബിൽ പ്രദർശിപ്പിക്കുക.

- ഉപകരണങ്ങൾ
- ഉപജീവനരീതികൾ
- ആശയവിനിമയം

## ലോഹയുഗം (Metal Age)

ശിലയുടെ സ്ഥാനത്ത് ലോഹങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ മനുഷ്യർ ലോഹയുഗത്തിലേക്ക് പ്രവേശിച്ചു. സാങ്കേതിക വിദ്യയിൽ മനുഷ്യർ കൈവരിച്ച പുരോഗതി വ്യക്തമായി പ്രകടമാകുന്ന കാലമാണ് ലോഹയുഗം. മനുഷ്യർ ആദ്യമായി ഉപയോഗിച്ച ലോഹം ചെമ്പായിരുന്നു.

പ്രകൃതിദത്തമായ ചെമ്പിനെ ആയുധങ്ങളും ഉപകരണങ്ങളുമാക്കി മാറ്റുന്ന സാങ്കേതികരീതി ഈ ഘട്ടത്തിൽ മനുഷ്യർ കൈവരിച്ചു. ആദ്യകാല കാർഷികഗ്രാമങ്ങളായ ചാതൽ ഹൊയുക് (തുർക്കി), ചയോനു (വടക്കൻ സിറിയ), അലികോഷ് (ഇറാൻ) എന്നിവിടങ്ങളിൽ നിന്നും ചെമ്പിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ബി.സി.ഇ. 7000 മാണ് ഇതിന്റെ കാലമായി കണക്കാക്കുന്നത്.

ശിലാ ഉപകരണങ്ങളെക്കാൾ ചെമ്പ് ഉപകരണങ്ങൾക്കുള്ള മേന്മകൾ എന്തെല്ലാം?

- അനുയോജ്യമായ ആകൃതിയിലും രൂപത്തിലും മാറ്റാനാകും
- കൂടുതൽ കാലം നിലനിൽക്കും
- 
- 

## താമ്രശിലായുഗം (Chalcolithic Age)

ശിലായുഗത്തെക്കുറിച്ച് നമ്മൾ നേരത്തെ ചർച്ചചെയ്തുവല്ലോ. ചെമ്പ് കൊണ്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ച കാലഘട്ടത്തിലും മനുഷ്യർ ശിലായുധങ്ങൾ ഉപേക്ഷിച്ചില്ല. ശിലാ ഉപകരണങ്ങൾക്കൊപ്പം ചെമ്പ് ഉപകരണങ്ങളും ഉപയോഗിച്ച ഈ കാലത്തെ താമ്രശിലായുഗമെന്നാണ് വിളിക്കുന്നത്. ഇന്ത്യയിൽ രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്ന് താമ്രശിലായുഗത്തിന്റെ നിരവധി അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.



ദൈമാബാദിൽ (മഹാരാഷ്ട്ര) നിന്നും ലഭിച്ച ശവസംസ്കാരത്തിനുപയോഗിച്ചിരുന്ന കലശങ്ങൾ



നെവാസായിൽ (മഹാരാഷ്ട്ര) നിന്നും ലഭിച്ച കളിമണ്ണിലും ശിലയിലും തീർത്ത കലാനിർമ്മിതികൾ

## വെങ്കലയുഗം (Bronze Age)

*ബി.സി.ഇ 6000 നും 3000 നും ഇടയിൽ മനുഷ്യർ കാളയുടെയും കാറ്റിന്റെയും ശക്തിയെ പ്രയോജനപ്പെടുത്താൻ പഠിച്ചു. കലപ്പയും ചക്രവണ്ടിയും വഞ്ചിയും ഉപയോഗിക്കാൻ തുടങ്ങി. ലോഹസംസ്കരണവിദ്യയും കൂടുതൽ വികാസം നേടി. തൽഫലമായി കൃഷി വ്യാപകമാവുകയും മിച്ചോൽപാദനം സാധ്യമാവുകയും ചെയ്തു. കാർഷികേതര ഉൽപാദനങ്ങൾ ശക്തമാവുകയും മനുഷ്യർ അതിലൂടെ നാഗരികജീവിതത്തിന് സ്വയം സജ്ജമാകുകയും ചെയ്തു.*

*ഗോർഡൻ ചൈൽഡ്, മാൻ മേക്സ് ഹിംസെൽഫ്*
*(മനുഷ്യൻ സ്വയം നിർമ്മിക്കുന്നു)*

നാഗരികജീവിതത്തിലേക്കുള്ള മനുഷ്യരുടെ കടന്നുവരവിനെക്കുറിച്ചുള്ള വിവരണമാണിത്. ഒരു പ്രദേശത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും പകുതിയിലേറെപ്പേരും കാർഷികേതരപ്രവർത്തനങ്ങളായ വിവിധതരം കൈത്തൊഴിലുകൾ, കരകൗശലപ്രവർത്തനങ്ങൾ, കച്ചവടം തുടങ്ങിയ വയിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നതുമായ സ്ഥിതിവിശേഷമാണ് 'നാഗരികത' എന്ന് വിശേഷിപ്പിക്കുന്നത്. വിശാലമായ വീഥികളും പൊതു കെട്ടിടങ്ങളും മെച്ചപ്പെട്ട സൗകര്യങ്ങളും തിരക്കേറിയ ജീവിതവും വിനോദങ്ങളും നഗരജീവിതത്തിന്റെ സവിശേഷതകളാണ്. 'നാഗരിക' ജീവിതത്തിന് ആരംഭംകുറിച്ചത് വെങ്കലയുഗത്തിലാണെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ?

**വെങ്കലം (ഓട്)**
**(Bronze)**

ചെമ്പും (Copper) വെളുത്തീയവും (Tin) ചേർത്ത് സംസ്കരിച്ചുണ്ടാക്കുന്ന ലോഹസങ്കരമാണ് വെങ്കലം. ചെമ്പിനേക്കാൾ ഉറപ്പു ലഭിക്കുന്ന ലോഹമാണ് വെങ്കലം.

വെങ്കലയുഗ സംസ്കാരങ്ങൾ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തുക.

- 
- 
- 
- 

വെങ്കലയുഗത്തിൽ ഇന്ത്യയിൽ വികാസം പ്രാപിച്ചതാണ് ഹരപ്പൻസംസ്കാരം. ഹരപ്പ, മോഹൻജൊദാരോ, ലോഥൽ തുടങ്ങിയ നഗരങ്ങൾ, ആസൂത്രിതമായി നിർമ്മിച്ച പൊതുകെട്ടിടങ്ങൾ, വലിയ കുളം (Great Bath), വീടുകൾ, തെരുവീഥികൾ, അഴുക്കുചാലുകൾ, ധാന്യപ്പുരകൾ എന്നിവയും വിവിധതരം കൈത്തൊഴിലുകളുടെയും കച്ചവടത്തിന്റെയും സാന്നിധ്യവും ഇവിടത്തെ നഗരവൽക്കരണത്തെ നമുക്ക് വ്യക്തമാക്കിത്തരുന്നു. അതുകൊണ്ടാണ് ഹരപ്പൻസംസ്കാരത്തെ ഇന്ത്യാചരിത്രത്തിൽ 'ഒന്നാം നഗരവൽക്കരണം' എന്ന് വിശേഷിപ്പിക്കുന്നത്.

**സപ്തസിന്ധുപ്രദേശം**

സിന്ധുനദിയും അതിന്റെ പോഷകനദികളും ഉൾപ്പെടുന്ന പ്രദേശമാണ് സപ്തസിന്ധു പ്രദേശം

**ഇൻഡോ - യൂറോപ്യൻ ഭാഷകൾ**

സംസ്കൃതം, ലത്തീൻ, ഗ്രീക്ക്, ജർമ്മൻ, ഇംഗ്ലീഷ്, സ്വീഡിഷ്, റഷ്യൻ, പോളിഷ്, ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, റുമാനിയൻ എന്നീ ഭാഷകൾ ഇതിൽ ഉൾപ്പെടുന്നു.

## വേദകാലം (Vedic Age)

ഹരപ്പൻസംസ്കാരത്തിന്റെ തകർച്ചയ്ക്കുശേഷം സപ്തസിന്ധു (ഇന്ത്യയുടെ വടക്ക് - പടിഞ്ഞാറ്) പ്രദേശത്ത് കടന്നുവന്നത് ആര്യന്മാരായിരുന്നു. ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്ന ഭാഷ സംസാരിച്ചിരുന്നവരായിരുന്നു ആര്യന്മാർ. ഭാഷാപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആര്യന്മാരുടെ ജന്മദേശം മധ്യേഷ്യയാണെന്ന് കരുതപ്പെടുന്നു.

വേദങ്ങളിൽ നിന്നുമാണ് ഈ കാലഘട്ടത്തെക്കുറിച്ചുള്ള അറിവുകൾ നമുക്ക് ലഭിക്കുന്നത്. അതിനാൽ ഈ കാലത്തെ വേദകാലമെന്ന് വിളിക്കുന്നു. ബി.സി.ഇ. 1500 നും 600 നും ഇടയിലാണ് വേദകാലം.

വേദകാലത്തെ രണ്ടായി തരംതിരിക്കുന്നു.




ആദ്യകാല വേദകാലത്തിലെയും പിൽക്കാല വേദകാലത്തിലെയും ജനജീവിതത്തെ നമുക്ക് താരതമ്യംചെയ്യാം.

| ആദ്യകാല വേദകാലം | പിൽക്കാല വേദകാലം |
|---|---|
| • സപ്തസിന്ധു പ്രദേശം<br>• ഇടയ സമ്പദ്വ്യവസ്ഥ<br>• അർധനാടോടികൾ<br>• സമൂഹത്തിൽ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന സ്ഥാനം<br>• കാട് വെട്ടിത്തെളിച്ചും തീയിട്ടും കൃഷിചെയ്തു<br>• നിരവധി ഗോത്രങ്ങൾ ചേർന്നതായിരുന്നു സമൂഹം<br>• യാഗങ്ങൾ ലളിതവും ഓരോ കുടുംബനാഥനും ചെയ്യാവുന്നവയുമായിരുന്നു<br>• പ്രകൃതിശക്തികളെ ആരാധിച്ചു | • ഗംഗാസമതലം വരെ വ്യാപിച്ചു<br>• കൃഷിക്ക് പ്രധാന്യം നൽകി<br>• സ്ഥിരവാസജീവിതം<br>• സ്ത്രീകളുടെ സാമൂഹികപദവിക്ക് മങ്ങലേറ്റു<br>• ഇരുമ്പിന്റെ ഉപയോഗം<br>• വർണ്ണവ്യവസ്ഥ ശക്തിപ്പെടുന്നു<br>• യാഗങ്ങൾ സങ്കീർണ്ണവും ചെലവേറിയതുമായി. യാഗങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം അധികാരമായി മാറി<br>• പ്രത്യേക ആരാധനാമൂർത്തികൾ രൂപപ്പെടുന്നു<br>• വിവിധ കരകൗശലവിദ്യകളുടെ തുടക്കം |

## വേദസാഹിത്യം

'വേദം' എന്നാൽ അറിവ് (വിദ്) എന്നാണ് അർഥം. വേദങ്ങൾ നാലെണ്ണമാണ്. അവ ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിവയാണ്. ഇവയിൽ ഋഗ്വേദമാണ് ആദ്യത്തേത്. നാലുവേദങ്ങൾ കൂടാതെ, അനുബന്ധങ്ങളായി ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയും വേദസാഹിത്യത്തിന്റെ ഭാഗമാണ്. വേദകാലത്തെക്കുറിച്ചുള്ള പഠനത്തിനായുള്ള ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സാണ് വേദസാഹിത്യം.

## വർണ്ണവ്യവസ്ഥ

വർണ്ണങ്ങൾ നാലെണ്ണം ഉണ്ടായിരുന്നു. പൗരോഹിത്യത്തിൽ ഏർപ്പെട്ടവർ ബ്രാഹ്മണരും, രാജ്യഭരണവും സംരക്ഷണവും നടത്തിയവർ ക്ഷത്രിയരും, കൃഷിയിലും കച്ചവടത്തിലും ഏർപ്പെട്ടിരുന്നവർ വൈശ്യരും, ഈ മൂന്ന് വിഭാഗങ്ങൾക്കും ദാസ്യവൃത്തി ചെയ്തിരുന്നവർ ശൂദ്രരും ആയിരുന്നു.

ശിലായുഗത്തിൽ നിന്ന് ലോഹയുഗത്തിലേക്കുള്ള മാറ്റങ്ങൾ സംബന്ധിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

മാനവചരിത്രത്തിന്റെ തുടക്കവും കാലക്രമത്തിലുണ്ടായ വികാസങ്ങളുമാണ് ഈ പാഠഭാഗത്ത് നമ്മൾ കണ്ടത്. കാട്ടിലും ഗുഹകളിലും മരപ്പൊത്തുകളിലും ജീവിച്ച്, പ്രകൃതിയോടും മൃഗങ്ങളോടും പൊരുതി, വിവേകവും ബുദ്ധിശക്തിയും കൊണ്ടു മുന്നോട്ടുള്ള പ്രയാണം തുടങ്ങിയ മനുഷ്യർ തന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായ കണ്ടുപിടുത്തങ്ങളും സൃഷ്ടികളും നടത്തി.

പുരോഗതിയുടെ പാതയിലേറി ഒരു നാഗരികരായി മാറിയ മനുഷ്യർ അവരുടെ തായ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക സംവിധാനങ്ങൾ രൂപപ്പെടുത്തി. ഇന്ന് 21-ാം നൂറ്റാണ്ടിലേക്ക് എത്തിനിൽക്കുമ്പോൾ, മാനവചരിത്രത്തിന്റെ വിവിധ വികാസഘട്ടങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ മനുഷ്യർ എത്രദൂരം മുന്നോട്ടുപോയി എന്ന് നമുക്ക് അറിയുവാനും മനസ്സിലാക്കുവാനും സാധിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

- ആദ്യകാലമനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ചിത്രങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം/ആൽബം തയ്യാറാക്കുക.
- വിവിധ ശിലായുഗഘട്ടങ്ങളിലെ മനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ മാതൃകകൾ നിർമ്മിച്ച് സാമൂഹ്യശാസ്ത്രക്ലാസിൽ പ്രദർശിപ്പിക്കുക.
- മാനവചരിത്രപുരോഗതിയുടെ പ്രധാനമാറ്റങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ അവതരിപ്പിക്കുക.
- ആദ്യകാലമനുഷ്യജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തി അറ്റ്ലസ് നിർമ്മിക്കുക.

# 2 ആശയങ്ങളും ആദ്യകാല രാഷ്ട്രങ്ങളും

*'സിദ്ധാർഥൻ രാജവീഥിയിലൂടെ രഥത്തിൽ സഞ്ചരിക്കുമ്പോൾ, തീർത്തും അവശനായ ഒരു വൃദ്ധനെ കണ്ടു; അല്പം കഴിഞ്ഞപ്പോൾ ഗുരുതരമായ രോഗം ബാധിച്ച് വിറയ്ക്കുന്ന ഒരു മനുഷ്യനെയും കാണുകയുണ്ടായി. അതുകഴിഞ്ഞപ്പോൾ, വെള്ളത്തുണി പുതപ്പിച്ച് ചുടുകാട്ടിലേക്ക് വിലപിച്ചുകൊണ്ട് ആളുകൾ ചുമലിലേറ്റിക്കൊണ്ടു പോകുന്ന ഒരു ശവശരീരവും കണ്ടു. വേദനാജനകമായ ഈ കാഴ്ചകൾക്കുശേഷം അദ്ദേഹം തെരുവിൽ ഭിക്ഷയെടുക്കുന്ന ഒരു സന്യാസിയെ കാണുകയുണ്ടായി. ഭൗതികദുഃഖങ്ങളൊന്നും ഇല്ലാതെ ശാന്തനായും സന്തോഷത്തോടെയും കാണപ്പെട്ട ഈ സന്യാസി സിദ്ധാർഥനെ ആകർഷിച്ചു. ഇതാണ് അദ്ദേഹത്തെ ശാന്തിയും സമാധാനവും നേടാനുള്ള മാർഗം സന്യാസമാണെന്ന തീരുമാനത്തിലെത്തിച്ചത്.'*

*എ.എൽ.ബാഷാം, ദി വണ്ടർ ദാറ്റ് വാസ് ഇന്ത്യ*
*(രൂപ & കമ്പനി, 1981)*

ബി.സി.ഇ 6-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന തത്വചിന്തകനായ ഗൗതമബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സംഭവകഥയാണിത്. രാജകുമാരനായി സമ്പന്നതയിലും സുഖലോലുപതയിലും ജീവിച്ചിട്ടും സന്തോഷം ലഭിക്കാതിരുന്ന സിദ്ധാർഥന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയ സംഭവമാണ് ഇതിൽ വിവരിക്കുന്നത്. തന്റെ ചുറ്റുപാടുമുള്ള മനുഷ്യരുടെ ദുഃഖങ്ങളുടെ കാരണം അന്വേഷിച്ച് സന്യാസം സ്വീകരിച്ച സിദ്ധാർഥൻ ജ്ഞാനോദയം നേടി പിൽക്കാലത്ത് ഗൗതമബുദ്ധൻ എന്നറിയപ്പെട്ടു.

ബി.സി.ഇ. 6-ാം നൂറ്റാണ്ട് ലോകചരിത്രത്തിലെ ശ്രദ്ധേയമായ കാലഘട്ട മായിരുന്നു. ഇന്ത്യയിൽ വർധമാന മഹാവീരൻ, ഗൗതമബുദ്ധൻ, ഇറാനിൽ സരതുഷ്ട്ര, ചൈനയിൽ കൺഫ്യൂഷ്യസ്, ഗ്രീസിൽ ഹെറാക്ലിറ്റസ് തുടങ്ങിയവർ പുതിയ ആശയങ്ങൾ പ്രചരിപ്പിച്ച കാലമായിരുന്നു ഇത്. ലോകത്തിലാകമാനം സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിലും മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ട ഈ കാലഘട്ട ത്തിൽ പുതിയ രാഷ്ട്രസംവിധാനങ്ങളും നിലവിൽ വന്നു. അത്തരം മാറ്റങ്ങളെ ക്കുറിച്ചാണ് ഈ അധ്യായത്തിൽ നാം ചർച്ചചെയ്യുന്നത്.

## ഗംഗാതടത്തിലെ ആശയവിപ്ലവം


ആദ്യകാല ഇരുമ്പുപകരണങ്ങൾ

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പുതിയ ആശയങ്ങൾ രൂപംകൊണ്ടത് പ്രധാനമായും ഗംഗാ തടത്തിലായിരുന്നു. നവീനാശയങ്ങളുടെ വളർച്ചയിൽ ഗംഗാതടത്തിലെ ഭൗതികസാഹചര്യങ്ങൾ പ്രധാന പങ്കുവഹിച്ചു. ഈ ഭൗതികസാഹചര്യങ്ങളെ രൂപപ്പെടു ത്തിയത് ചുവടെപ്പറയുന്ന ഘടകങ്ങളായിരുന്നു.

- ഇരുമ്പുപകരണങ്ങളുടെ വ്യാപക ഉപയോഗം
- കാർഷികോൽപാദന വർധനവ്
- കച്ചവടം, നഗരങ്ങൾ എന്നിവയുടെ വളർച്ച

ബി.സി.ഇ. ആറാം നൂറ്റാണ്ടോടെ കൃഷിയെയും കന്നുകാ ലികളെയും ആശ്രയിച്ചുള്ള ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥ ഗംഗാതടത്തിൽ ഉയർന്നുവന്നു. ഇത് യാഗ ങ്ങൾക്കും മൃഗബലിക്കും പ്രാമുഖ്യം നൽകിയിരുന്ന വേദകാല ആചാരവുമായി പൊരുത്തപ്പെട്ടതായിരുന്നില്ല. യാഗങ്ങളുടെ ഭാഗമായി കന്നുകാലികളെ വ്യാപകമായി ബലികൊടു ക്കുന്നത്, അവയെ ആശ്രയിച്ചുള്ള കൃഷിയെ പ്രതികൂല മായി ബാധിച്ചു. വേദകാല ആചാരങ്ങൾക്കെതിരെ ചിന്തി ക്കാൻ ഇത് പ്രേരണയായി.

വ്യാപാരപുരോഗതിയിലൂടെ മെച്ചപ്പെട്ട ഭൗതികസാഹചര്യം കൈവന്ന വൈശ്യർ അതിനിണങ്ങുന്ന തരത്തിലുള്ള ഉയർന്ന സാമൂഹികസ്ഥാനം ആഗ്രഹിച്ചിരുന്നു.

ഇക്കാലത്ത് വർണ്ണവ്യവസ്ഥയ്ക്ക് പുറത്തും ചില വിഭാഗങ്ങൾ ഉയർന്നുവന്നു. ഇവയിൽ പ്രധാനപ്പെട്ടവരായിരുന്നു ധനാഢ്യരായ ഗഹപതികൾ. കച്ചവടം തൊഴിലാക്കിയ ഇവർ ഭൂമി കൈവശം വച്ചിരുന്നു. ഇത്തരത്തിൽ സാമ്പത്തിക മായി ഉയർന്നശ്രേണിയിൽ നിന്നിരുന്ന ഇവർ മെച്ചപ്പെട്ട സാമൂഹിക സ്ഥാനം നേടി. ഈ സാമൂഹികപശ്ചാത്തലത്തിലാണ് പുതിയ ആശയധാരകൾ ഉയർന്നുവന്നത്. ഇത്തരം ആശയധാരകളിൽ പ്രധാനപ്പെട്ടവയായിരുന്നു ജൈന-ബുദ്ധമത ദർശനങ്ങൾ. വൈശ്യർ, ഗഹപതികൾ തുടങ്ങിയവരുടെ പിന്തുണ ഈ ആശയങ്ങൾക്ക് ലഭിച്ചിരുന്നു.

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ കാർഷിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെട്ടത് പുതിയ ആശയങ്ങളുടെ ആവിർഭാവത്തിന് പശ്ചാത്തലം ഒരുക്കിയത് എങ്ങനെ? ചർച്ചചെയ്യുക.

## ജൈനമതം

വർധമാന മഹാവീരൻ ബീഹാറിലെ വൈശാലിക്ക് സമീപമുള്ള കുന്ദലഗ്രാമത്തിലാണ് ജനിച്ചത്. ജൈനമത വിശ്വാസ പ്രകാരം 24-ാമത്തെ തീർഥങ്കരനാണ് വർധമാന മഹാവീരൻ.

### തീർഥങ്കരന്മാർ

'സന്യാസത്തിലൂടെ ജ്ഞാനം നേടിയവൻ' എന്നാണ് 'തീർഥങ്കരൻ' എന്ന വാക്കിനർഥം. ജൈനമത വിശ്വാസപ്രകാരം 24 തീർഥങ്കരന്മാരുണ്ട്. അതിൽ ഋഷഭദേവനാണ് ഒന്നാമത്തെ തീർഥങ്കരൻ. 23-ാമത്തെ തീർഥങ്കരൻ പാർശ്വനാഥൻ ആയിരുന്നു. വർധമാന മഹാവീരൻ 24-ാമത്തെ (അവസാനത്തെയും) തീർഥങ്കരനാണ്. പാർശ്വനാഥന്റെ ആശയങ്ങളോട് തന്റെ തത്വങ്ങൾ കൂട്ടിച്ചേർത്താണ് മഹാവീരൻ ജൈനമത ആശയങ്ങൾ പ്രചരിപ്പിച്ചത്.



മഥുരയിൽ നിന്നും ലഭിച്ച തീർഥങ്കരന്റെ പ്രതിമ



## ജൈനമത ആശയങ്ങൾ

- ലോകത്തിലെ എല്ലാ വസ്തുക്കൾക്കും ജീവനുണ്ട്
- ജീവനുള്ള ഒന്നിനെയും ഉപദ്രവിക്കരുത്
- ജന്മവും പുനർജന്മവും നിശ്ചയിക്കപ്പെടുന്നത് കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്

വേദങ്ങളുടെ ആധികാരികതയെ തള്ളിപ്പറഞ്ഞ മഹാവീരൻ മോക്ഷപ്രാപ്തിക്കായി മൂന്നു തത്വങ്ങൾ മുന്നോട്ടുവച്ചു. ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി എന്നിവയായിരുന്നു അവ. ഇത് 'ത്രിരത്നങ്ങൾ' എന്നറിയപ്പെടുന്നു. പ്രാകൃത് ഭാഷകളിലാണ് മഹാവീരൻ തന്റെ ആശയങ്ങൾ ജനങ്ങളുമായി പങ്കുവച്ചത്. ജൈനമതപ്രകാരം സന്യാസിമാരും സന്യാസിനികളും അഞ്ചുവ്രതങ്ങൾ അനുഷ്ഠിക്കണമായിരുന്നു. ഒന്നിനെയും കൊല്ലരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, ബ്രഹ്മചര്യം അനുഷ്ഠിക്കുക, സ്വത്ത് കൈവശം വയ്ക്കാതിരിക്കുക എന്നിവയായിരുന്നു അവ. പിൽക്കാലത്ത് ജൈനമതത്തിൽ ശ്വേതംബരന്മാർ, ദിഗംബരന്മാർ എന്നീ രണ്ടുവിഭാഗങ്ങൾ രൂപപ്പെട്ടു. ജൈനമതം ഊന്നൽ നൽകിയ അഹിംസ എന്ന തത്വം ഇന്ത്യൻ തത്വചിന്തയെ സ്വാധീനിച്ചിട്ടുണ്ട്.

### കേരളവും ജൈനമതവും

ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ച ജൈനമതം കേരളത്തിലും പ്രചാരത്തിലുണ്ടായിരുന്നു. വയനാട് കേരളത്തിലെ പ്രധാനപ്പെട്ട ജൈനമതകേന്ദ്രമായിരുന്നു. ജൈനമതശേഷിപ്പുകളായ ക്ഷേത്രങ്ങൾ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നുണ്ട്.



വയനാട്ടിലെ ജൈനമതക്ഷേത്രം

## ദുഃഖങ്ങളുടെ കാരണം തേടിയ ഗൗതമബുദ്ധൻ

ദിഘനികായയിൽ ശ്രീബുദ്ധന്റെ ദൈർഘ്യമേറിയ പ്രഭാഷണങ്ങളിൽ മുപ്പത്തി ഒന്നാമത്തെ സൂക്തത്തിൽ ബുദ്ധമതത്തിൽ പുതുതായി ചേർന്ന യുവാവിനോട് ശ്രീബുദ്ധൻ പറയുന്നത് ഇപ്രകാരമാണ്:

കുടുംബജീവിതത്തിൽ പുരുഷനും സ്ത്രീയും പരസ്പര ആദരവോടെ ജീവിക്കേണ്ടതും രണ്ടുപേരും തങ്ങളുടേതായ ചുമതലകൾ കൃത്യമായി നിർവഹിക്കേണ്ടതുമുണ്ട്. ഇതു കൂടാതെ തൊഴിലുടമകൾ തങ്ങളുടെ സേവകരോടും തൊഴിലാളികളോടും മര്യാദയോടെ പെരുമാറണം. അവരുടെ ശാരീരികക്ഷമതയിലും കൂടുതൽ ഭാരമുള്ള ജോലികൾ അവരെക്കൊണ്ട് ചെയ്യിക്കരുത്. അവർക്ക് ആവശ്യമായ ആഹാരവും ന്യായമായ കൂലിയും നൽകണം. ശാരീരിക മാനസിക അവശതകളിൽ അവരെ സംരക്ഷിക്കണം. തൊഴിലാളികളാവട്ടെ, അവരുടെ ന്യായമായ വേതനത്തിൽ തൃപ്തരായി നന്നായി ജോലിചെയ്യണം. തങ്ങളുടെ തൊഴിലുടമയുടെ അന്തസ്സ് നിലനിർത്തണം.

ബുദ്ധന്റെ ഉപദേശങ്ങളും തത്വങ്ങളും വളരെ ലളിതവും പ്രായോഗികവുമായിരുന്നു. വേദങ്ങളെയും യാഗങ്ങളെയും ജാതിവ്യവസ്ഥയെയും അദ്ദേഹം നിരാകരിച്ചു. ഗംഗാതടത്തിലെ പുതിയ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതായിരുന്നു അദ്ദേഹം മുന്നോട്ടുവച്ച 'അഹിംസ' എന്ന ആശയം. കാർഷികവൃത്തിയിൽ കൃഷിക്കായി നിലമൊരുക്കാനും കച്ചവടവസ്തുക്കൾ കൊണ്ടുപോകാനും കന്നുകാലികൾ ആവശ്യമായിരുന്നു. എന്നാൽ യാഗങ്ങളിൽ കന്നുകാലികളെ വ്യാപകമായി ബലിനൽകിയത്, കൃഷിയെയും ചരക്കുനീക്കത്തെയും പ്രതികൂലമായി ബാധിച്ചു. യാഗങ്ങൾക്കെതിരായ അദ്ദേഹത്തിന്റെ നിലപാട് കാർഷികവൃത്തിയിൽ ഏർപ്പെട്ടവരെ ആകർഷിച്ചു. സാധാരണക്കാരന്റെ ഭാഷയായിരുന്ന പാലിയിൽ ആണ് ബുദ്ധൻ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്.

ബുദ്ധന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇതിനെ അടിസ്ഥാനമാക്കി ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. കൂടുതൽ വിവരങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്ന് ശേഖരിക്കുക.



മഥുരയിൽ നിന്നും ലഭിച്ച ബുദ്ധ പ്രതിമ (സി.ഇ.ഒന്നാം നൂറ്റാണ്ട്)




### അഷ്ടാംഗമാർഗം

- ശരിയായ വീക്ഷണം
- ശരിയായ ചിന്ത
- ശരിയായ വാക്ക്
- ശരിയായ പ്രവൃത്തി
- ശരിയായ ജീവിതം
- ശരിയായ പരിശ്രമം
- ശരിയായ സ്മരണ
- ശരിയായ ധ്യാനം

അഷ്ടാംഗമാർഗം മധ്യമാർഗം എന്നും അറിയപ്പെട്ടു.

### മധ്യമാർഗം

ഒരു വ്യക്തി കഠിനമായ സന്യാസം സ്വീകരിക്കുന്നതിനെ ബുദ്ധൻ വിലക്കുന്നു. അതുപോലെ ആർഭാട ജീവിതം നയിക്കുന്നതിനെയും ബുദ്ധൻ നിരാകരിക്കുന്നു. രണ്ടിനും ഇടയിലുള്ള മധ്യ മാർഗത്തെയാണ് ബുദ്ധൻ നിർദേശിക്കുന്നത്.

## ബുദ്ധന്റെ തത്വങ്ങൾ

- ജീവിതം ദുഃഖമയമാണ്
- ആശയാണ് ദുഃഖത്തിന് കാരണം
- ആശയെ നശിപ്പിച്ചാൽ ദുഃഖം ഇല്ലാതാകും
- ഇതിന് അഷ്ടാംഗമാർഗം അനുഷ്ഠിക്കണം

## സ്തൂപങ്ങൾ

ബുദ്ധന്റെ ഭൗതിക അവശിഷ്ടങ്ങളോ ബുദ്ധൻ ഉപയോഗിച്ച വസ്തുക്കളോ അടക്കംചെയ്ത സ്ഥലങ്ങളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളാണ് സ്തൂപങ്ങൾ. അർധവൃത്താകൃതിയിലാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. കൊത്തുപണികളാൽ സമ്പന്നമാണ് സ്തൂപങ്ങൾ. സാഞ്ചി, സാരനാഥ് എന്നിവിടങ്ങളിലെ സ്തൂപങ്ങൾ പ്രസിദ്ധമാണ്.

ബുദ്ധമത പ്രചരണത്തിനായി സന്യാസിമാരുടെ 'സംഘ'ങ്ങൾ രൂപീകരിച്ചിരുന്നു. ജാതി-ലിംഗ പരിഗണനകളൊന്നും കൂടാതെ എല്ലാവരെയും സംഘത്തിൽ ഉൾപ്പെടുത്തി. സംഘത്തിലെ സ്ത്രീകൾ 'ഭിക്ഷുണികൾ' എന്നും പുരുഷന്മാർ 'ഭിക്ഷുക്കൾ' എന്നുമാണ് അറിയപ്പെട്ടത്.

ചർച്ചകളിലൂടെയും ഭൂരിപക്ഷ അഭിപ്രായത്തിലൂടെയും ആയിരുന്നു സംഘങ്ങളിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്.

"നദികൾ ഒഴുകി സമുദ്രത്തിൽ എത്തുന്നതോടെ ഒന്നാവുകയും അവയുടെ പേരുകൾ നഷ്ടമാവുകയും ചെയ്യുന്നത് പോലെ ഒരാൾ ബുദ്ധസന്യാസി സംഘത്തിൽ അംഗമാകുന്നതോടെ അയാളുടെ ജാതിയും പദവിയും കുടുംബവും മറക്കുന്നു" എന്നാണ് സന്യാസിസംഘത്തെപ്പറ്റി ബുദ്ധൻ പറഞ്ഞത്.


മധ്യപ്രദേശിലെ സാഞ്ചിസ്തൂപം

പിൽക്കാലത്ത് ബുദ്ധമതം മഹായാനം, ഹീനയാനം എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. മഹായാനക്കാർ ബുദ്ധനെ ദൈവമായി ആരാധിച്ചു. ബുദ്ധമതം ഇന്ത്യയുടെ സംസ്കാരത്തിന് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. 'ബുദ്ധമത സംഘത്തിന്റെ' പ്രവർത്തന രീതി സമൂഹത്തിൽ ജനാധിപത്യബോധവും മൂല്യബോധവും വളർത്തുന്നതിന് സഹായകമായി.

### ലോകം ഇന്ത്യയെ അറിയുന്നു

പ്രാചീനലോകം ഇന്ത്യയെ തിരിച്ചറിയുന്നത് ബുദ്ധമതത്തിലൂടെയാണ്. ചൈന, ജപ്പാൻ, ബർമ്മ, ടിബറ്റ്, അഫ്ഗാനിസ്ഥാൻ, തെക്കുകിഴക്കൻ ഏഷ്യ, ശ്രീലങ്ക തുടങ്ങിയ പ്രദേശങ്ങളിൽ ബുദ്ധമതം പ്രചരിച്ചു.

ബുദ്ധമത സന്യാസിസംഘങ്ങളുടെ പ്രവർത്തനങ്ങൾ ജനാധിപത്യരീതിയിൽ ഉള്ളതായിരുന്നുവോ? വിലയിരുത്തുക.


ഉത്തർപ്രദേശിലെ സാരനാഥ് സ്തൂപം

### കേരളവും ബുദ്ധമതവും

ബുദ്ധവിശ്വാസങ്ങൾ കേരളത്തിലും പ്രചാരത്തിലുണ്ടായിരുന്നു. പുരാതന തമിഴ് കൃതിയായ, 'മണിമേഖല'യിലെ നായികയായ മണിമേഖല ബുദ്ധമതം സ്വീകരിക്കുന്നതായാണ് പറയുന്നത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് ബുദ്ധപ്രതിമകളും മറ്റ് ചില ശേഷിപ്പുകളും ലഭിച്ചിട്ടുണ്ട്. മലയാളത്തിലെ ചില വാക്കുകളും സ്ഥലനാമങ്ങളും ബുദ്ധമതസ്വാധീനത്തെ സൂചിപ്പിക്കുന്നതാണ്.

ബി.സി.ഇ. 6-ാം നൂറ്റാണ്ടിൽ നിലനിന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളോട് ബുദ്ധൻ എങ്ങനെയാണ് പ്രതികരിച്ചത്? ചർച്ചചെയ്യുക.

**സൂചനകൾ**

- വേദ ആചാരങ്ങൾ
- വർണ്ണവ്യവസ്ഥ
- സ്ത്രീകളുടെ പദവി

ബുദ്ധനും മഹാവീരനും മുന്നോട്ടുവച്ച പൊതു ആശയങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ഭൗതികവാദം

വ്യത്യസ്ത ആശയധാരകൾ ഉയർന്നുവന്നതാണ് പ്രാചീനകാലം മുതലുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന പ്രത്യേകത. ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ നിരവധി ആശയധാരകൾ രൂപപ്പെട്ടു. അവയിൽ ഒന്നായിരുന്നു ഭൗതികവാദം. അജിത കേശകംബളിൻ ആയിരുന്നു ഈ ചിന്താധാരയുടെ പ്രചാരകൻ. അദ്ദേഹം ബുദ്ധന്റെ സമകാലീനനായിരുന്നു. എല്ലാ മതാനുഷ്ഠാനങ്ങളും അർഥശൂന്യമാണെന്നും ഇഹലോകം, പരലോകം എന്നിവയില്ലെന്നും ഇവർ അഭിപ്രായപ്പെട്ടു. ഭൗതികവാദികൾ ഇങ്ങനെ പറഞ്ഞു, 'മനുഷ്യർ നാലുഘടകങ്ങളാൽ നിർമ്മിതമാണ്. അവർ മരിക്കുമ്പോൾ അവരിലെ ഖരാംശം ഭൂമിയിൽ ലയിക്കുന്നു. ദ്രവാംശം വെള്ളത്തിലും ചൂട് തീയിലും ശ്വാസം വായുവിലും ഇന്ദ്രിയങ്ങൾ ശൂന്യാന്തരീക്ഷത്തിലും ലയിക്കുന്നു.'

➢ ഇവരെ ഭൗതികവാദികൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടായിരിക്കും?

പുതിയ ആശയങ്ങളുടെയും മതങ്ങളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ഉൾപ്പെടുത്തി ഒരു വെർച്വൽ ടൂർ റിപ്പോർട്ട് തയ്യാറാക്കുക.

## മഹാജനപദങ്ങൾ അഥവാ ആദ്യകാല രാഷ്ട്രങ്ങൾ

> ...അത്തരത്തിൽ കൂടിച്ചേർന്ന് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുന്ന കാലത്തോളം; ഒന്നിച്ചു പ്രവർത്തിക്കുന്ന കാലത്തോളം; മുതിർന്ന വരെ ബഹുമാനിക്കുകയും പിന്തുണയ്ക്കുകയും ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുന്നിടത്തോളം; വജ്ജിയിലെ സ്ത്രീകൾ സ്വതന്ത്രരായി ജീവിക്കുന്ന കാലത്തോളം; ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ആരാധനാലയങ്ങൾ നിലനിൽക്കുന്ന കാലത്തോളം; വ്യത്യസ്ത വിശ്വാസങ്ങൾ പിന്തുടരുന്നവർക്ക് അവിടെ സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്നിടത്തോളം; അവർ ബഹുമാനിക്കപ്പെടുന്ന കാലത്തോളം, വജ്ജി നിലനിൽക്കും.

ഏകദേശം 2300 വർഷങ്ങൾക്കു മുമ്പ് രചിക്കപ്പെട്ട ബുദ്ധകൃതിയായ, 'ദീഘനികായ'യിൽ വജ്ജി എന്ന രാഷ്ട്രത്തെപ്പറ്റി (മഹാജനപദം) ബുദ്ധൻ പറഞ്ഞകാര്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അക്കാലത്തെ വജ്ജിയിലെ ഭരണസമ്പ്രദായങ്ങളെപ്പറ്റി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ നിന്ന് നമുക്ക് അറിയാൻ കഴിയുന്നത്?

| |
|---|
| • കൂടിച്ചേർന്ന് ചർച്ചചെയ്ത് തീരുമാനങ്ങൾ കൈകൊണ്ടിരുന്നു |
| • |
| • |
| • |
| • |
| • |

**ജനപദങ്ങൾ**

'ജനപദം' എന്നാൽ ജനം അധിവസിച്ച സ്ഥലം എന്നാണ് അർഥം. തീ ഉപയോഗിച്ച് കാടുകൾ കത്തിച്ച് കൃഷിയിടങ്ങളും താമസമേഖലകളും രൂപപ്പെടുത്തി. അവിടെ ജനങ്ങൾ സ്ഥിരമായി താമസിച്ചു. ഇങ്ങനെയാണ് ജനപദങ്ങൾ നിലവിൽവന്നത്. പിൽക്കാല വേദങ്ങളിൽ വിവിധ ജനപദങ്ങളെപറ്റി പരാമർശിക്കുന്നുണ്ട്.

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഉണ്ടായിരുന്ന നിരവധി രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു വജ്ജി. ഈ രാഷ്ട്രങ്ങളുടെ രൂപീകരണം എങ്ങനെയായിരുന്നുവെന്ന് പരിശോധിക്കാം.

വേദകാലഘട്ടത്തിൽ ഗോത്രസമൂഹവ്യവസ്ഥയാണ് നിലനിന്നിരുന്നത്. അവ 'ജന' എന്നാണ് അറിയപ്പെട്ടത്. കൃഷി വ്യാപകമായതോടെ ഈ ഗോത്രസമൂഹങ്ങൾ ഒരിടത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങി. ഇവ 'ജനപദങ്ങൾ' എന്നറിയപ്പെട്ടു.

ജനപദങ്ങളിലെ കാർഷിക മിച്ചോൽപാദനം കച്ചവടത്തിന്റെയും നഗരങ്ങളുടെയും വളർച്ചയിലേക്ക് നയിച്ചു. കച്ചവടത്തോടൊപ്പം വ്യത്യസ്ത കരകൗശലവസ്തുക്കളുടെ നിർമ്മാണകേന്ദ്രങ്ങളായി നഗരങ്ങൾ മാറി. ഇത്തരത്തിലുള്ള വ്യത്യസ്തമായ സാമ്പത്തിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ക്രമപ്പെടുത്താനും ചില നിയന്ത്രണങ്ങൾ ആവിശ്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ ഗോത്രങ്ങളെ അടിസ്ഥാനമാക്കിയ ഭരണവ്യവസ്ഥ അപ്രത്യക്ഷമായി.



ST-203-3-SOC. SCI-I (M)-9-VOL-1

## നഗരങ്ങൾ

ദീർഘനാളത്തെ യാത്ര കഴിഞ്ഞ് ബുദ്ധനും ശിഷ്യനായ ആനന്ദനും കുശിനഗരത്തിൽ എത്തിച്ചേർന്നു. നിരവധി കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ ബുദ്ധന്റെ നിർവാണവും കടന്നുവന്നു. കാട്ടിനുള്ളിലെ മൺകുടിലുകൾ മാത്രമുള്ള കുശിനഗരത്തിൽ വച്ച് മരണത്തെ വരിക്കരുതെന്നും ചമ്പ, രാജഗൃഹ, ശ്രാവസ്തി, സാകേത, കൗസാംബി, വാരണാസി തുടങ്ങിയ വലിയ നഗരങ്ങളായിരിക്കണം അന്ത്യശ്വാസത്തിനായി തിരഞ്ഞെടുക്കേണ്ടതെന്നും ആനന്ദൻ അഭിപ്രായപ്പെട്ടു. ബുദ്ധകൃതിയായ 'ദിഘനികായയി'ലെ ഈ വിവരണത്തിൽ നിന്ന് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്?

കൃഷിയോടും മണ്ണിനോടുമുള്ള ഇഴപിരിയാത്ത ബന്ധം ഇക്കാലത്ത് വളർന്നുവന്നു. ഇത് അവരവരുടെ പ്രദേശം എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തി. ഇങ്ങനെയാണ് രാഷ്ട്രരൂപീകരണം യാഥാർഥ്യമായിത്തീർന്നത്. ബുദ്ധകൃതിയായ 'അംഗുത്തരനികായ'യിൽ ഇത്തരത്തിൽ നിലവിൽ വന്ന 16 രാഷ്ട്രങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇവ 'മഹാജനപദങ്ങൾ' എന്നാണ് അറിയപ്പെട്ടത്. മേൽ വിവരിച്ച മാറ്റങ്ങളെ ചരിത്രകാരർ 'രണ്ടാം നഗരവൽക്കരണം' എന്നാണ് വിശേഷിപ്പിക്കുന്നത്.

ചുവടെ കൊടുത്തിരിക്കുന്ന ഭൂപടത്തിൽ നിന്ന് 16 മഹാജനപദങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.




ഭൂപടം 1
16 **മഹാജനപദങ്ങൾ**

| | | |
|---|---|---|
| • | • | • |
| • | • | • |
| • | • | • |
| • | • | • |
| • | • | |
| • | • | |

## മഹാജനപദങ്ങളിലെ ഭരണസംവിധാനം

സമകാലികകൃതികൾ മഹാജനപദങ്ങളിലെ ഭരണസമ്പ്രദായത്തെക്കുറിച്ച് ചില വിവരങ്ങൾ നൽകുന്നുണ്ട്. അക്കാലത്ത് കാര്യക്ഷമമായ നികുതിപിരിവ് സമ്പ്രദായവും സ്ഥിര സൈന്യവും നിലവിൽവന്നു. പാലി ഭാഷയിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ കാണുന്ന 'ബലി' എന്ന പദം നികുതിയെയാണ് അർഥമാക്കുന്നത്. 'ഭാഗ' എന്നത് മറ്റൊരുതരം നികുതിയായിരുന്നു. ധാന്യങ്ങൾ, കന്നുകാലികൾ എന്നിവയായിരുന്നു മുഖ്യമായും നികുതിയായി നൽകിയിരുന്നത്. വനങ്ങളിൽ താമസിച്ചിരുന്നവർ വനവിഭവങ്ങൾ നികുതിയായി നൽകിയപ്പോൾ കരകൗശലത്തൊഴിലാളികൾ നിശ്ചിതദിവസം രാജാവിനായി ജോലിചെയ്തു.

ഭരണനിർവഹണത്തിനായി ധാരാളം ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. 'ശതപഥബ്രാഹ്മണ' എന്ന കൃതിയിൽ രാജാവിനെ സഹായിച്ചിരുന്ന സേനാനി, പുരോഹിതൻ, ഗ്രാമണി എന്നിവരെ പരാമർശിക്കുന്നുണ്ട്. മഹാജനപദങ്ങൾക്ക് കോട്ടകളും തലസ്ഥാനനഗരികളും ഉണ്ടായിരുന്നു.



കൗസാംബിയിലെ മതിൽ (വത്സ മഹാജനപദത്തിന്റെ തലസ്ഥാനം)

ഗോത്രരാഷ്ട്രീയവ്യവസ്ഥയിൽ നിന്ന് മഹാജനപദങ്ങളിലേക്കുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങൾ അവയുടെ സവിശേഷതകൾ എന്നിവ കണ്ടെത്തി ചർച്ച ചെയ്യുക.

## മഗധയുടെ വളർച്ച

പതിനാറ് മഹാജനപദങ്ങൾ തമ്മിൽ അധികാരത്തിനുവേണ്ടി നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇതിൽ അന്തിമമായി വിജയിച്ചതു മഗധയായിരുന്നു. ഭൂപടത്തിൽ (1) നിന്ന് മഗധയുടെ സ്ഥാനം കണ്ടെത്തുക. മഗധ ഇന്നത്തെ ഏത് സംസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രദേശമായിരുന്നുവെന്ന് കണ്ടെത്താൻ സാധിക്കുമോ?

നല്ല മഴ ലഭിക്കുന്ന ഉൽപാദനക്ഷമതയുള്ള പ്രദേശമായിരുന്നു മഗധ. കൂടാതെ ധാരാളം ഇരുമ്പയിര് നിക്ഷേപവും ഉണ്ടായിരുന്നു. അതിനാൽ ഉപകരണങ്ങൾക്കും ആയുധങ്ങൾക്കും ആവശ്യമായ ഇരുമ്പ് അവിടെത്തന്നെ ലഭ്യമായി. അക്കാലത്ത് യുദ്ധങ്ങളിൽ ആനകൾ പ്രധാന ഘടകമായിരുന്നു. മഗധയിലെ വനങ്ങളിൽ ആനകൾ യഥേഷ്ടം ഉണ്ടായിരുന്നു. ഇത് മഗധയുടെ യുദ്ധവിജയം ഉറപ്പാക്കി. ഗംഗയും അതിന്റെ പോഷകനദികളും ചരക്ക് ഗതാഗതസൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു. ബിംബിസാരൻ, അജാതശത്രു തുടങ്ങിയ കഴിവുറ്റ ഭരണാധികാരികളും മഗധയിൽ ഉണ്ടായിരുന്നു.

### മഗധയിലെ രാജവംശങ്ങളും പ്രധാന രാജാക്കന്മാരും

- ഹര്യങ്ക രാജവംശം - ബിംബിസാരൻ, അജാതശത്രു
- ശിശുനാഗ രാജവംശം - ശിശുനാഗൻ
- നന്ദരാജവംശം - മഹാപത്മനന്ദൻ

ഭൂമിശാസ്ത്രസവിശേഷതകൾ മഗധയുടെ വളർച്ചയിൽ പ്രധാന കാരണമായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

## മഗധയിൽ നിന്ന് മൗര്യരാജ്യത്തിലേക്ക്

മഗധയിൽ വിവിധ രാജവംശങ്ങൾ ഭരണം നടത്തിയിരുന്നു. അവയിൽ നന്ദവംശത്തിലെ അവസാനത്തെ ഭരണാധികാരിയായിരുന്ന ധനനന്ദനെ പരാജയപ്പെടുത്തി ബി.സി.ഇ 321 ൽ ചന്ദ്രഗുപ്തമൗര്യൻ മൗര്യരാജ്യം സ്ഥാപിച്ചു.

*ഇത് മനോഹരമായ വലിയ നഗരമാണ്. ഈ നഗരത്തെ ചുറ്റി വലിയൊരു മതിലുണ്ട്. ഇതിന് 64 പ്രവേശനകവാടങ്ങളും ധാരാളം ഗോപുരങ്ങളുമുണ്ട്. രണ്ടും മൂന്നും നിലകളുള്ള വീടുകൾ നിർമ്മിച്ചിരിക്കുന്നത് മരവും ചെളിക്കട്ടകളും ഉപയോഗിച്ചാണ്. രാജാവിന്റെ കൊട്ടാരവും മരംകൊണ്ട് നിർമ്മിച്ചതാണ്.*

മൗര്യരാജ്യത്തിന്റെ തലസ്ഥാനമായ പാടലീപുത്രം (ഇന്നത്തെ പാറ്റ്ന) നഗരത്തെക്കുറിച്ച് മെഗസ്തനീസ് എന്ന ഗ്രീക്ക് രാജപ്രതിനിധിയുടെ വിവരണമാണ് മുകളിൽ നൽകിയിരിക്കുന്നത്. കൗടില്യൻ എഴുതിയ '*അർഥശാസ്ത്രം*', അശോക ചക്രവർത്തിയുടെ ലിഖിതങ്ങൾ, അക്കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്ന നാണയങ്ങൾ തുടങ്ങിയവ മൗര്യരാജ്യത്തിന്റെ ചരിത്ര പഠനത്തിനു സഹായിക്കുന്നു.

### അർഥശാസ്ത്രവും സപ്താംഗസിദ്ധാന്തവും



മൗര്യരാജ്യത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്ന പ്രധാന ചരിത്രരേഖ കൂടിയാണ് കൗടില്യൻ രചിച്ച അർഥശാസ്ത്രം. മൈസൂരിലെ പുരാവസ്തു ഗ്രന്ഥശാലവിഭാഗത്തിന്റെ തലവനായിരുന്ന ആർ. ശ്യാമശാസ്ത്രിക്ക് തഞ്ചാവൂരിലെ ഒരു പണ്ഡിതനിൽ നിന്നാണ് അർഥശാസ്ത്രത്തിന്റെ കൈയെഴുത്തുപ്രതി ലഭിച്ചത്. 1907-ൽ ശ്യാമശാസ്ത്രി ഇത് പ്രസിദ്ധീകരിച്ചു. പതിനഞ്ച് അധ്യായങ്ങളാണ് ഈ കൃതിക്കുള്ളത്. ഏഴു ഘടകങ്ങളിൽ അഥവാ സപ്താംഗങ്ങളിൽ ഊന്നിയാണ് ഒരു രാജ്യം നിലനിൽക്കുന്നതെന്ന് അർഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു.

- സ്വാമി - രാജാവ്
- അമാത്യർ - മന്ത്രിമാർ
- ജനപദം - ഭൂമേഖലയും ജനങ്ങളും
- ദുർഗം - കോട്ടകെട്ടി സംരക്ഷിച്ച സ്ഥലം
- കോശം - ഖജനാവ്
- ദണ്ഡ - നീതിന്യായം
- മിത്രം - സൗഹൃദരാജ്യങ്ങൾ

മൗര്യരാജ്യത്തിലെ ഏറ്റവും പ്രധാന ഭരണാധികാരി അശോക ചക്രവർത്തിയായിരുന്നു. അദ്ദേഹം കലിംഗം (ഇന്നത്തെ ഒഡീഷ) (ഭൂപടം 2 ശ്രദ്ധിക്കുക) ആക്രമിച്ച് കീഴടക്കിയതോടെ മൗര്യരാജ്യം വിശാലമായി. കലിംഗ യുദ്ധാനന്തരം അശോക ചക്രവർത്തി യുദ്ധങ്ങൾ ഉപേക്ഷിച്ചതായി ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.



റുമിൻദേയി (ലുംബിനി) ലിഖിതം

*'ബുദ്ധശാക്യമുനി ജനിച്ച ഈ സ്ഥലത്ത് ദേവാനാംപിയ പിയദസി കിരീടധാരണത്തിന് ഇരുപതുവർഷത്തിനുശേഷം നേരിട്ടു വന്ന് ആരാധനനടത്തി. ആ പുണ്യാത്മാവ് ജനിച്ച സ്ഥലമാണ് ഇത് എന്ന് അറിയിക്കുന്നതിനു വേണ്ടി ഇവിടെ കരിങ്കൽ മതിലിനാൽ ചുറ്റപ്പെട്ട സ്തൂപം സ്ഥാപിച്ചു. ലുംബിനിയിലുള്ള ആളുകളെ 'ബലി'യിൽ നിന്ന് ഒഴിവാക്കുകയും അവർ വിളവിന്റെ എട്ടിൽ ഒരു ഭാഗം ($\frac{1}{8}$) മാത്രം 'ഭാഗ'മായി കൊടുത്താൽ മതിയെന്നും തീരുമാനിക്കുകയും ചെയ്തു.'*

നേപ്പാളിലെ റുമിൻദേയിയിലെ (ലുംബിനി) ലിഖിതവും അതിന്റെ പരിഭാഷയുമാണ് മുകളിൽ നൽകിയിരിക്കുന്നത്.

ഈ ലിഖിതത്തിൽ നിന്ന് മൗര്യരാജ്യത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്?

- ..........
- ..........
- ..........
- ..........

## അശോകലിഖിതങ്ങൾ

അശോക ചക്രവർത്തിയുടേതായ ധാരാളം ശിലാലിഖിതങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ബ്രാഹ്മി, ഖരോഷ്ഠി, അരാമിക് ലിപികളിലാണ് ഇവ രചിച്ചിട്ടുള്ളത്. അശോക ലിഖിതങ്ങൾ ആദ്യമായി വായിച്ചത് 1838-ൽ ബ്രിട്ടീഷുകാരനായ ജെയിംസ് പ്രിൻസെപ്പ് ആണ്. ഭൂരിഭാഗം ലിഖിതങ്ങളിലും 'ദേവാനാംപിയ' (ദേവന്മാർക്ക് പ്രിയപ്പെട്ടവൻ) എന്നാണ് രാജാവിനെ പരാമർശിച്ചിരിക്കുന്നത്. എന്നാൽ കർണ്ണാടകയിലെ മാസ്കി, ഉദേഗുളം, നിട്ടൂർ എന്നിവിടങ്ങളിലെ ലിഖിതങ്ങളിൽ 'അശോക' എന്ന പേര് കാണാം.

ആധുനിക ഇന്ത്യയിൽ ഉപയോഗിക്കുന്ന ഭൂരിഭാഗം ലിഖിതഭാഷകളും ബ്രാഹ്മി ലിപിയിൽ നിന്ന് രൂപപ്പെട്ടതാണ്.


ബ്രാഹ്മി


ഹിന്ദി


ബംഗാളി


മലയാളം


തമിഴ്

## മൗര്യഭരണം

മൗര്യരാജ്യം വിശാലമായിരുന്നുവെന്ന് കണ്ടല്ലോ. ഇനി നമുക്ക് അവരുടെ ഭരണസംവിധാനം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

ഭരണസൗകര്യത്തിനായി നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളായി വിഭജിച്ചിട്ടുണ്ടല്ലോ. മാത്രമല്ല സംസ്ഥാനങ്ങൾക്കെല്ലാം തലസ്ഥാനങ്ങളുമുണ്ട്. മൗര്യരാജ്യവും ഇത്തരത്തിൽ വിവിധ പ്രവിശ്യകളായി വിഭജിച്ചിരുന്നു. ഇത്തരം പ്രവിശ്യകൾ ഗവർണ്ണർമാരുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. തലസ്ഥാനമായ പാടലീപുത്രം ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു.

ഭൂപടം 2-ൽ നിന്ന് പ്രവിശ്യാ തലസ്ഥാനങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

ഭൂപടം 2




▲ പ്രവിശ്യാതലസ്ഥാനങ്ങൾ

◈ രാജ്യതലസ്ഥാനം

| | |
|---|---|
| തെക്കൻ പ്രവിശ്യ | |
| പടിഞ്ഞാറൻ പ്രവിശ്യ | |
| വടക്കൻ പ്രവിശ്യ | |
| കിഴക്കൻ പ്രവിശ്യ | |

മൗര്യന്മാരുടെ സൈന്യത്തിന് അഞ്ചുവിഭാഗങ്ങൾ ഉണ്ടായിരുന്നു. കാലാൾപ്പട, കുതിരപ്പട, തേര്, ഗജസേന, നാവികസേന എന്നിവയായിരുന്നു അവ. സൈനിക ഭരണത്തിന്റെ ചുമതല 30 അംഗങ്ങളുള്ള സമിതിയാണ് നിർവഹിച്ചിരുന്നത്.

തന്റെ പ്രജകൾക്കിടയിൽ സഹവർത്തിത്വവും സമാധാനവും നിലനിർത്താൻ അശോക ചക്രവർത്തി പ്രചരിപ്പിച്ച ആശയങ്ങൾ 'അശോകധമ്മ' (ധർമ്മ) എന്നറിയപ്പെടുന്നു. അശോകന്റെ ശാസനങ്ങളിൽ നിന്നാണ് നമ്മൾ ഇതിനെക്കുറിച്ച് മനസ്സിലാക്കിയത്.

അശോകധമ്മയിലെ പ്രധാന ആശയങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

അശോക ധമ്മ (ധർമ്മ)

- മറ്റ് മതവിശ്വാസികളോട് സഹിഷ്ണുത കാണിക്കുക
- മുതിർന്നവരെയും ഗുരുക്കന്മാരെയും ബഹുമാനിക്കുക
- അടിമകളോടും രോഗികളോടും ദയകാണിക്കുക

വിശാലമായ രാജ്യത്തിന്റെ കാര്യക്ഷമമായ ഭരണത്തിനും വിവിധ സാമൂഹികവിഭാഗങ്ങളെ യോജിപ്പിച്ച് നിർത്തുന്നതിനും വേണ്ടിയുള്ള നയമായിരുന്നു അശോകധമ്മയെന്ന് പ്രമുഖ ചരിത്രകാരിയായ റൊമില ഥാപർ അഭിപ്രായപ്പെടുന്നു.



റൊമില ഥാപർ

ഇന്നത്തെ ഇന്ത്യൻ ഭരണസംവിധാനത്തിലെ ഏതൊക്കെ സവിശേഷതകൾ മൗര്യഭരണ സമ്പ്രദായത്തിൽ കാണാൻ കഴിയും. ചർച്ച ചെയ്ത് താരതമ്യപ്പെടുത്തുക.



## കച്ചവടത്തിന്റെ വളർച്ച

ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ആദ്യകാല നാണയങ്ങളാണ് ചിത്രത്തിൽ കാണുന്നത്. ഇവ മുദ്രാങ്കിത നാണയങ്ങൾ (Punch Marked Coins) എന്നറിയപ്പെടുന്നു. വെള്ളിയിലും ചെമ്പിലുമാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. കച്ചവടത്തിനായി നാണയങ്ങൾ ഉപയോഗിച്ചിരുന്നു എന്നതിന് തെളിവാണിവ.




കരവഴിയും കടൽവഴിയും നദികൾ വഴിയും സാധനങ്ങൾ കൊണ്ടുപോയിരുന്നു. ധാന്യങ്ങൾ, തുണിത്തരങ്ങൾ, ലോഹം തുടങ്ങിയവയായിരുന്നു പ്രധാന കച്ചവടവസ്തുക്കൾ. അക്കാലത്തെ പുസ്തകങ്ങളിൽ പരാമർശിക്കുന്ന 'സേത്ത്', 'സാത്തവാഹകർ' എന്നീ പദങ്ങൾ കച്ചവടക്കാരെയാണ് സൂചിപ്പിക്കുന്നത്.

ഭൂപടം നിരീക്ഷിച്ച് ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കച്ചവടം നടന്നതെന്ന് കണ്ടെത്തി രേഖപ്പെടുത്തുക.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മഹാജനപദങ്ങൾ രൂപംകൊണ്ട പശ്ചാത്തലവും അത് പിന്നീട് മൗര്യരാജ്യമായി പരിണമിച്ച കാര്യങ്ങളുമാണല്ലോ ഇതുവരെ ചർച്ചചെയ്തത്. അതേ കാലത്ത് സമാനമായ രാഷ്ട്രീയമാറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ച മറ്റൊരുമേഖല തെക്കുകിഴക്കൻ യൂറോപ്പിലെ ഗ്രീസ് ആയിരുന്നു.

## രാഷ്ട്രരൂപീകരണം ഗ്രീസിൽ

ചുവടെ നൽകിയിരിക്കുന്ന ഭൂപടത്തിൽ നിന്ന് ഗ്രീസിന്റെ സ്ഥാനം കണ്ടെത്തൂ.

ഭൂപടം 4




ഗ്രീസിൽ പൊതുസുരക്ഷയ്ക്കും ഭരണത്തിനുമായി ഗ്രാമങ്ങൾ ഒന്നിച്ചുനിന്നു. അവ നഗരരാഷ്ട്രങ്ങൾ എന്നറിയപ്പെട്ടു. ഒരു നഗരവും ചുറ്റുമുള്ള കാർഷിക ഗ്രാമങ്ങളും ഉൾപ്പെട്ടതായിരുന്നു ഒരു നഗരരാഷ്ട്രം. കുന്നുകളും പർവതങ്ങളും ഈ നഗരരാഷ്ട്രങ്ങൾക്ക് പ്രകൃതിദത്തമായ അതിർത്തികൾ നൽകി. ചില നഗര രാഷ്ട്രങ്ങൾ ദ്വീപുകളായിരുന്നു. ഉയർന്ന കുന്നുകൾക്ക് മീതെയായിരുന്നു നഗരരാഷ്ട്രങ്ങളുടെ തലസ്ഥാനം. ഏതൻസ്, സ്പാർട്ട, കൊറിന്ത്, തീബ്സ് എന്നിവയായിരുന്നു ഗ്രീസിലെ പ്രധാന നഗരരാഷ്ട്രങ്ങൾ.

## ജനാധിപത്യ വഴിയിലെ ഏതൻസ്

രണ്ടായിരത്തി അഞ്ഞൂറുവർഷങ്ങൾക്ക് മുമ്പ് ഗ്രീസിലെ ഏതൻസിൽ നിലനിന്നിരുന്ന ഭരണസമ്പ്രദായം ആധുനിക ജനാധിപത്യത്തോട് സാമ്യ മുള്ള ഒന്നായിരുന്നു. ഇത് മറ്റു നഗരരാഷ്ട്രങ്ങളിലെ ഭരണരീതിയിൽ നിന്ന് വ്യത്യസ്തമായിരുന്നു. അടിമകൾ അല്ലാത്ത 30 വയസ്സുള്ള എല്ലാ പുരുഷന്മാ രെയും പൗരന്മാരായി കണക്കാക്കിയിരുന്നു. ഈ പൗരന്മാർ ഉൾപ്പെട്ട ഒരു

സമിതിയായിരുന്നു പ്രധാനകാര്യങ്ങളിൽ തീരുമാനം കൈകൊണ്ടിരുന്നത്. ഇതിനായി വർഷത്തിൽ നാലുതവണ ഇവർ യോഗം ചേർന്നിരുന്നു. സ്ത്രീകൾ, കരകൗശലത്തൊഴിലാളികൾ, കച്ചവടക്കാരായി പ്രവർത്തിച്ചിരുന്ന വിദേശികൾ തുടങ്ങിയവരെ പൗരരായി കണക്കാക്കിയിരുന്നില്ല.

മധ്യധരണ്യാഴി (Mediterranean sea) പ്രദേശത്തെ കച്ചവടത്തിന്റെ പ്രധാനകേന്ദ്രം എന്ന നിലയിൽ ഏതൻസ് സമ്പന്നമായ നഗരരാഷ്ട്രമായിരുന്നു. കപ്പൽ നിർമ്മാണത്തിലും കടൽയാത്രയിലും വൈദഗ്ധ്യമുള്ള നിരവധിപേർ ഏതൻസിൽ ഉണ്ടായിരുന്നു. സമീപ പ്രദേശങ്ങളിൽ നിരന്തരം സഞ്ചരിച്ച ഇവർ പുത്തൻ ആശയങ്ങളെയും നൈപുണികളെയും സ്വീകരിച്ചു. മറ്റ് പ്രദേശങ്ങളിൽ നിന്ന് നിരവധി ചിന്തകർ ഏതൻസിലേക്ക് ആകർഷിക്കപ്പെട്ടു. സോഫിസ്റ്റുകൾ എന്നാണ് ഇവർ അറിയപ്പെട്ടത്. ഇത്തരത്തിൽ ഏതൻസിൽ എത്തിച്ചേർന്ന ചിന്തകരിൽ ഒരാളാണ് ചരിത്രത്തിന്റെ പിതാവായി കണക്കാക്കുന്ന ഹെറോഡോട്ടസ്.

ഏതൻസിലെ ഭരണസംവിധാനം ആധുനിക ജനാധിപത്യത്തിൽ നിന്ന് ഏതൊക്കെ കാര്യങ്ങളിൽ വ്യത്യസ്തമായിരുന്നു?

മഹാജനപദങ്ങളെയും ഗ്രീസിലെ നഗരരാഷ്ട്രങ്ങളെയും തമ്മിൽ താരതമ്യം ചെയ്യുക.

ബി.സി.ഇ. ആറാം നൂറ്റാണ്ട് ചരിത്രത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ച കാലമായിരുന്നു. ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ അക്കാലത്ത് മാറ്റങ്ങളുണ്ടായി. ഭൗതികജീവിതത്തിലെ മാറ്റങ്ങൾ രാഷ്ട്രീയ രംഗത്തും ചിന്താമണ്ഡലത്തിലും പ്രതിഫലിച്ചു. അങ്ങനെയാണ് അക്കാലത്ത് പുത്തൻ ആശയങ്ങൾ രൂപപ്പെട്ടത്. ഇവ പിൽക്കാല മാനവചരിത്രത്തെ നിർണ്ണായകമായി സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.


ബി.സി.ഇ. ആറാം നൂറ്റാണ്ട്
ഭൗതികരംഗത്തെ മാറ്റങ്ങൾ
ആശയധാരയിലെ മാറ്റങ്ങൾ
ബുദ്ധമതം
ജൈനമതം
ഭൗതികവാദം
ഇരുമ്പ് ഉപകരണങ്ങളുടെ ഉപയോഗം
കാർഷികപുരോഗതി
മിച്ചോൽപാദനം
കച്ചവടം
നഗരങ്ങൾ
രാഷ്ട്രരൂപീകരണം
ജനപദങ്ങൾ
മഹാജനപദങ്ങൾ
മഗധ
മൗര്യരാജ്യം
ഗ്രീസിലെ നഗര രാഷ്ട്രങ്ങൾ
അലക്സാണ്ടറുടെ സാമ്രാജ്യം

## തുടർപ്രവർത്തനങ്ങൾ

- ബി.സി.ഇ. 6-ാം നൂറ്റാണ്ടിൽ പുതിയ ആശയങ്ങൾ പ്രചരിപ്പിച്ച ചിന്തകരുടെ ജീവിതത്തെ ആസ്പദമാക്കി ലഘു ജീവചരിത്രപുസ്തകം തയ്യാറാക്കുക. ചിത്രങ്ങൾ ഉൾപ്പെടുത്തി അവ മനോഹരമാക്കുക.
- 'ജനപദങ്ങൾ മുതൽ മൗര്യരാജ്യം വരെ' എന്ന വിഷയത്തിൽ ഭൂപടങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- 'ആശയധാരകളും രാഷ്ട്രരൂപീകരണവും' എന്ന വിഷയത്തിൽ ഒരു പ്രശ്നോത്തരി സംഘടിപ്പിക്കുക.

# 3 ഭൂമിദാനവും ഇന്ത്യൻ സമൂഹവും

വകാടക മഹാരാജാവ് ശ്രീ വിന്ധ്യശക്തി രണ്ടാമന്റെ കല്പനപ്രകാരം...

വിജയവും ദീർഘായുസ്സും ഇഹ-പരലോകങ്ങളിൽ ക്ഷേമസമാധാനങ്ങളും കൈവരുന്നതിനായി ഈ ഗ്രാമത്തിന്റെ പകുതി നാം ബ്രാഹ്മണർക്ക് ദാനമായി നൽകുന്നു. ചതുർവേദങ്ങളാലും മുൻരാജാക്കന്മാരാലും അംഗീകരിക്കപ്പെട്ട ആചാരപ്രകാരമുള്ള ഒഴിവുകൾ ഈ ഭൂമിദാനത്തിനും ബാധകമായിരിക്കുന്നതാണ്. അവ: ഇതരപ്രദേശങ്ങൾ പോലെയല്ല ഇവിടെ ഭരണം. ഉപ്പും മദ്യവും ഊറ്റിയെടുക്കരുത്. രാജകീയ ഖജനാവിലേക്ക് പണമോ ഭക്ഷ്യധാന്യങ്ങളോ ഒടുക്കേണ്ടതില്ല. രാജാവിനായി പൂക്കളോ പാലോ നൽകേണ്ടതില്ല. ഉദ്യോഗസ്ഥർക്ക് പശുവിനെയോ കാളയെയോ നൽകേണ്ട. രാഷ്ട്രത്തിന് സേവനങ്ങൾ നൽകേണ്ട. കുതിരച്ചമയങ്ങളോ കരിയോ നൽകാൻ ബാധ്യതയില്ല, നിയമപാലകർ ഇവിടെ പ്രവേശിക്കരുത്. യാത്രയിലായിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കട്ടിലും അടുപ്പും മറ്റും നൽകേണ്ട. രാജാവിന് നികുതി അടക്കേണ്ടതില്ല. ചരക്ക് കടത്താൻ പണമൊടുക്കേണ്ട. ഭൂഗർഭ നിധിനിക്ഷേപങ്ങളുടെമേൽ അവകാശമുണ്ടായിരിക്കും. ഭൂമി വേലികെട്ടിത്തിരിക്കാനും മണ്ണുയർത്താനും വലിയ ഉപകരണങ്ങൾ ഉപയോഗിക്കാനും അവകാശമുണ്ടായിരിക്കും... ഇതിന് തടസ്സമാകുകയോ തടസ്സഹേതുവാകുകയോ ചെയ്യുന്നവരെ നാം പരാതിപ്രകാരം ശിക്ഷിക്കുന്നതാണ്.

*Cdr Alok Mohan, *Ancient Indian Inscriptions,* Vol 3, 1967, pp-122-124

വകാടക രാജാവായിരുന്ന വിന്ധ്യശക്തി രണ്ടാമൻ (355-400 സി.ഇ.) പുറപ്പെടുവിച്ച ഒരുത്തരവാണിത്. രാജാവിന്റെ കൈവശമുള്ളതിൽ കുറച്ചുഭൂമി പ്രത്യേക അവകാശങ്ങളോടെ ബ്രാഹ്മണർക്കു കൈമാറുന്നതു സംബന്ധിച്ചാണ് ഈ ഉത്തരവിൽ പരാമർശിക്കുന്നത്. ഇത് 'ഭൂമിദാനം' എന്നറിയപ്പെടുന്നു.

- രാജാവ് ഭൂമിദാനം നൽകുന്നതിന്റെ ലക്ഷ്യം എന്താണ്?
- ഭൂമിദാനങ്ങൾ ആരംഭിച്ചതെന്ന്? എന്തുകൊണ്ട്?
- ഇത്തരം ദാനങ്ങൾ സാധാരണമായിരുന്നോ?

ബുദ്ധകൃതികളിൽ ഭൂമിദാനത്തെക്കുറിച്ചുള്ള സൂചനകൾ കാണാം. എന്നാൽ അത് വ്യാപകമായതും ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചതും മൗര്യന്മാർക്കു ശേഷമാണ്.

ST-203-4-SOC. SCI-I (M)-9-VOL-1

മൗര്യരാജ്യത്തിന്റെ തകർച്ചക്കുശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരവധി രാജവംശങ്ങൾ അധികാരത്തിൽവന്നു. നൽകിയിരിക്കുന്ന ഭൂപടത്തിൽ നിന്നും അവ ഏതൊക്കെയെന്ന് കണ്ടെത്തി രേഖപ്പെടുത്തുക.




- ........................................
- ........................................
- ........................................
- ........................................
- ........................................
- ........................................
- ........................................
- ........................................

## ഭൂമിദാനം (Land Grants)

ഇവരിൽ ഡക്കാൻ കേന്ദ്രീകരിച്ച് ഭരണംനടത്തിയ ശതവാഹന രാജാക്കന്മാർ അന്നത്തെ സാമൂഹികഘടനയിൽ മുന്നിൽ നിന്നിരുന്ന ബ്രാഹ്മണരെ പ്രീതിപ്പെടുത്താനായി അവർക്ക് ഭൂമി ദാനം നൽകുന്ന വ്യവസ്ഥയ്ക്ക് തുടക്കംകുറിച്ചു. സി. ഇ. നാലാം നൂറ്റാണ്ടോടുകൂടി പാടലീപുത്രം കേന്ദ്രമാക്കി അധികാരത്തിൽ വന്ന ഗുപ്തരാജാക്കന്മാരുടെ കീഴിൽ ഈ വ്യവസ്ഥ വിപുലമാക്കപ്പെട്ടു.

### ഗുപ്ത രാജാക്കന്മാർ

ഗുപ്തരാജ്യത്തിന്റെ സ്ഥാപകൻ ശ്രീഗുപ്തൻ ആയിരുന്നു. മറ്റു പ്രധാന രാജാക്കന്മാരായിരുന്നു:

- ചന്ദ്രഗുപ്തൻ ഒന്നാമൻ
- സമുദ്രഗുപ്തൻ
- ചന്ദ്രഗുപ്തൻ രണ്ടാമൻ
- കുമാരഗുപ്തൻ ഒന്നാമൻ
- സ്കന്ദഗുപ്തൻ

ഭൂമിദാനത്തിലെ വ്യത്യാസം

ശതവാഹനന്മാർ → ഭൂമിയിലെ വിഭവങ്ങൾക്കുള്ള അവകാശം മാത്രം നൽകി

ഗുപ്തന്മാർ → ഭൂമിയിലെ വിഭവങ്ങളോടൊപ്പം അവിടെ വസിക്കുന്ന ജനങ്ങളുടെമേലുള്ള അധികാരങ്ങളും നൽകി

### ഗുപ്തകാലത്തിൽ ഭൂമിദാനപ്രക്രിയയിലൂടെ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

- ദാനംചെയ്യപ്പെട്ട ഭൂമിയിലെ രാജാവിന്റെ സ്വാധീനം കുറഞ്ഞു.
- ദാനംചെയ്യപ്പെടുന്ന ഭൂമിയിൽ നിന്നുള്ള നികുതി പിരിവിനും നീതിന്യായനിർവഹണത്തിനുമുള്ള അധികാരം ഭൂവുടമസ്ഥതക്കൊപ്പം കൈമാറ്റം ചെയ്യപ്പെട്ടു.
- ദാനമായി കിട്ടുന്ന ഭൂമി തങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് വീണ്ടും ദാനമായി നല്കാനുള്ള അവകാശവും ഭൂമി ദാനമായി കിട്ടിയവർക്ക് ലഭിച്ചു.
- ക്രമേണ രാജാവും പ്രഭുക്കളും തങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം പണമായി നല്കാതെ ഭൂമിദാനത്തിന്റെ രൂപത്തിൽ നൽകിത്തുടങ്ങി.
- രാജാവിൽനിന്ന് ഏറ്റവുമധികം ഭൂമി ലഭിച്ചത് ബ്രാഹ്മണർക്കാണെങ്കിലും ക്രമേണ മറ്റു വിഭാഗങ്ങൾക്കും ഭൂമിദാനം ലഭിച്ചുതുടങ്ങി.

ഇങ്ങനെ ഭൂമിദാനം വ്യാപകമായതോടെ സമൂഹത്തിൽ വലിയ സമ്പത്തും സ്വാധീനശേഷിയുമുള്ള ഭൂവുടമകളുടെ ശക്തമായ ഒരു വിഭാഗം രൂപംകൊണ്ടു. ഭൂമിയിൽ പണിയെടുക്കുന്ന അടിയാളർ അവകാശങ്ങളില്ലാത്തവരും ഭൂവുടമകളുടെ ആശ്രിതരുമായിത്തീർന്നു. ഈ വ്യവസ്ഥിതിയിൽ കർഷകരും കർഷകത്തൊഴിലാളികളും അടിമകളും ഭൂമിയിൽ ബന്ധിക്കപ്പെട്ട സ്ഥിതിയിലായിരുന്നു. അവർ ഒരേ മണ്ണിൽത്തന്നെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തു. അവരുടെ ഉടമകൾക്കു വേണ്ടിയാണ് അവർ അധ്വാനിച്ചതു്യും. സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ഇവർ മേലേത്തട്ടുകളിലുള്ളവർക്ക് നികുതിക്കു പുറമേ സൗജന്യസേവനങ്ങളും നൽകേണ്ടതുണ്ടായിരുന്നു. ഈ വ്യവസ്ഥിതിയെ 'സാമന്തവ്യവസ്ഥ'യെന്നും 'ഇന്ത്യൻ ഫ്യൂഡലിസം' എന്നും വിശേഷിപ്പിക്കുന്നു. ഇക്കാലത്ത് കാർഷികരംഗത്ത് പുരോഗതി പ്രകടമായിരുന്നു.

*കൃഷിയുടെ വ്യാപനത്തെ സഹായിച്ച ഘടകങ്ങൾ*

- കൃഷിക്കുപയോഗിക്കപ്പെടാതെ കിടന്ന പ്രദേശങ്ങൾപോലും കൃഷിക്കുപയുക്തമാക്കി
- പുതിയ സാമൂഹികവ്യവസ്ഥിതി കൃഷിക്കാവശ്യമായ തൊഴിൽശക്തി പ്രദാനം ചെയ്തു
- കൃഷിയുടെ സാങ്കേതികവിദ്യയെയും കാലാവസ്ഥയെയും സംബന്ധിച്ച് ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന അറിവ്
- വിവിധതരത്തിലുള്ള ജലസേചനമാർഗങ്ങൾ

*കൃഷിയുടെ വ്യാപനത്തെ സഹായിച്ച ജലസേചന മാർഗങ്ങൾ ഏതൊക്കെയെന്ന് നോക്കാം.*



ഗുപ്തകാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട സാമന്തവ്യവസ്ഥിതിയുടെ സവിശേഷതകൾ ചർച്ച ചെയ്യുക.



ഘടിയന്ത്രം (അരഘട്ട)

## കൈത്തൊഴിലും വ്യാപാരവും

ഭൂമിദാനത്തിന്റെ ഫലമായുണ്ടായ കൃഷിയുടെ വ്യാപനം കാർഷികേതരപ്രവർത്തനങ്ങളുടെ വികാസത്തിലേക്ക് നയിച്ചു. വിവിധതരം കൈത്തൊഴിലുകളെ ജനങ്ങൾ ജീവിതമാർഗമായി സ്വീകരിച്ചു. പുരാവസ്തുക്കളിൽ നിന്നും സാഹിത്യകൃതികളിൽ നിന്നും ഇക്കാലത്തെ കൈത്തൊഴിലുകളെക്കുറിച്ച് നമുക്ക് വിവരം ലഭിക്കുന്നുണ്ട്. ഉൽഖനനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള പുരാവസ്തുക്കളെക്കുറിച്ചുള്ള വിവരം ചുവടെ ചേർത്തിട്ടുണ്ട്. ഇതിൽ നിന്ന് അക്കാലത്ത് നിലനിന്നിരുന്ന കൈത്തൊഴിലുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| കണ്ടെത്തിയ പുരാവസ്തുക്കൾ | കൈത്തൊഴിലുകൾ |
|---|---|
| • മൺപാത്രങ്ങൾ | • മൺപാത്രനിർമ്മാണം |
| • സ്വർണ്ണം, വെള്ളി, വിലപിടിപ്പുള്ള കല്ല് എന്നിവയിൽ തീർത്ത ആഭരണങ്ങൾ | • ........................ |
| • മുത്തുകൾ | • ........................ |
| • ചില്ലുകൊണ്ടുള്ള വസ്തുക്കൾ | • ........................ |
| • പട്ട്, പരുത്തിവസ്ത്രങ്ങൾ | • ........................ |
| • ആനക്കൊമ്പിൽ തീർത്ത ശില്പങ്ങൾ | • ........................ |

വിവിധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവർ അവരുടെ കൂട്ടായ്മകൾ രൂപീകരിച്ചു. ഇവ 'ഗിൽഡുകൾ' അഥവാ 'ശ്രേണികൾ' എന്ന് അറിയപ്പെട്ടു. ഭരണകൂടം ശ്രേണികൾക്ക് അംഗീകാരം നല്കി. ശ്രേണികളിലെ അംഗങ്ങൾക്ക് അതിന്റെ നിയമങ്ങൾ പാലിക്കേണ്ടിയിരുന്നു.

### ശ്രേണികൾ

കൈത്തൊഴിലുകാരുടെയും കച്ചവടക്കാരുടെയും സംഘടനയായിരുന്നു ശ്രേണികൾ. അസംസ്കൃതവസ്തുക്കൾ ശേഖരിക്കുക, ഉൽപാദനത്തെ നിയന്ത്രിക്കുക, ഉൽപന്നങ്ങളെ വിപണിയിലെത്തിക്കുക എന്നിവയായിരുന്നു ഇവയുടെ ചുമതലകൾ.

## വ്യാപാരവും വാണിജ്യവും

ഗുപ്തകാലത്തിന്റെ തുടക്കത്തിൽ ആഭ്യന്തരവാണിജ്യം വളരെ വിപുലമായിരുന്നു. കൃഷിക്ക് പുറമെ വിവിധ കൈത്തൊഴിലുകളും കരകൗശല നിർമ്മാണവും നിലനിന്നിരുന്നതായി പട്ടികയിൽ നിന്ന് മനസ്സിലാക്കിയല്ലോ. കരകൗശല വിദഗ്ധർ നിർമ്മിച്ച ഇത്തരം ഉൽപന്നങ്ങൾ വ്യാപാരത്തിന്റെ മുഖ്യ ഇനങ്ങളായിരുന്നു. ഏറ്റവും വലിയ ആഭ്യന്തരവ്യാപാര വസ്തുക്കളിലൊന്നായിരുന്നു വസ്ത്രം. വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ (മസ്‌ലിൻ, കാലിക്കോ, ലിനൻ) വൻതോതിൽ നിർമ്മിച്ചിരുന്നു.

### നഗരത്താർ (നഗരശ്രേഷ്ഠിൻ)

നഗരങ്ങളിലെ സമ്പന്നരായ കച്ചവടക്കാരായ ഇവർ ഭരണത്തിലും പങ്കാളികളായിരുന്നു. കൂടാതെ വർത്തക സംഘങ്ങളിലെ പ്രമുഖരായിരുന്നു ഇക്കൂട്ടർ.

പശ്ചിമേഷ്യ, മധ്യേഷ്യ, ദക്ഷിണപൂർവേഷ്യ, റോം എന്നിവിടങ്ങളുമായി ഗുപ്തന്മാർക്ക് വിദേശ വ്യാപാരബന്ധം നിലനിന്നിരുന്നു. ഈ കാലഘട്ടത്തിൽ പുതിയ വ്യാപാരപാതകൾ വികസിച്ചുവന്നു. മികച്ച സ്വർണ്ണനാണയങ്ങളും വെള്ളി, ചെമ്പ് നാണയങ്ങളും പുറത്തിറക്കി. നഗരശ്രേഷ്ഠി, സാർഥവാഹ എന്നീ വ്യാപാര പ്രമുഖർക്ക് ഭരണത്തിൽ പങ്കാളിത്തമുണ്ടായിരുന്നു. വൈശാലി, പാടലീപുത്രം, കനൗജ്, ശ്രാവസ്തി, കൗസാംബി, ഉജ്ജയിനി, മഥുര മുതലായവ വ്യാപാരപ്രാധാന്യമുള്ള പട്ടണങ്ങളായിരുന്നു.



ഗുപ്തകാല നാണയങ്ങൾ (Gupta Coins)

ഗുപ്തകാലത്തെ ചില പ്രധാന നഗരങ്ങൾ




ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗുപ്തകാലത്തെ നഗരങ്ങൾ ഇന്നത്തെ ഏതൊക്കെ സംസ്ഥാനങ്ങളിലാണെന്ന് കണ്ടെത്തുക.

- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................

സി.ഇ. ആറാംനൂറ്റാണ്ടോടെ റോമാസാമ്രാജ്യം തകരുകയും ചൈനക്കാരിൽ നിന്നും പാശ്ചാത്യർ പട്ടുനിർമ്മാണവിദ്യ പഠിക്കുകയും ചെയ്തശേഷം, ഇന്ത്യയുടെ വിദേശ വാണിജ്യത്തിൽ വലിയ മാന്ദ്യം സംഭവിച്ചു. ഇത് ആഭ്യന്തര വാണിജ്യത്തെയും പ്രതികൂലമായി ബാധിച്ചു. കൈത്തൊഴിലുകാരും കരകൗശലവിദ്യക്കാരും കച്ചവടത്തിനായി രാജ്യത്തിന്റെ പലഭാഗങ്ങളിലേക്ക് നീങ്ങുന്നതിന് കുറവുവന്നു. അവർ ഗ്രാമങ്ങളിൽതന്നെ ഒതുങ്ങിജീവിക്കാൻ തുടങ്ങി. ഇത് കലകളുടെയും കൈത്തൊഴിലുകളുടെയും ഗ്രാമവൽക്കരണത്തിലേക്ക് നയിച്ചു. കച്ചവടത്തിന്റെ തകർച്ചയും കൈത്തൊഴിലുകളുടെ കുറവും ഗ്രാമവൽക്കരണവും പല പ്രധാന നഗരങ്ങളുടെയും തകർച്ചയ്ക്ക് കാരണമായി. കൗസാംബി, ഹസ്തിനപുരം, അഹിച്ഛത്രം, തക്ഷശില, അയോധ്യ, ഉജ്ജയിനി, മഥുര തുടങ്ങിയ നഗരങ്ങളുടെയെല്ലാം പ്രൗഢി നഷ്ടപ്പെട്ടു. സി.ഇ. അഞ്ചാം നൂറ്റാണ്ടിലെ ചൈനയിൽ നിന്നുള്ള സഞ്ചാരിയായിരുന്ന ഫാഹിയാന്റെ വിവരണങ്ങളിൽ വൻനഗരങ്ങളായി വിശേഷിപ്പിച്ച പല നഗരങ്ങളും, ഏഴാം നൂറ്റാണ്ടിലെ ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ്ങിന്റെ വിവരണങ്ങളിൽ ഗ്രാമങ്ങളായാണ് വിവരിക്കുന്നത്. അക്കാലത്തുണ്ടായ നഗരങ്ങളുടെ തകർച്ചയെ സൂചിപ്പിക്കുന്നതാണ് ഈ വിവരണം.

## സാമൂഹിക ജീവിതം

ഗുപ്തന്മാരുടെ കാലത്ത് രൂപംകൊണ്ട വിവിധ തൊഴിൽക്കൂട്ടങ്ങളെ (ശ്രേണികൾ) ക്കുറിച്ച് മുമ്പ് നമ്മൾ ചർച്ചചെയ്തുവല്ലോ. പുതിയ തൊഴിൽക്കൂട്ടങ്ങളുടെയും ജനവിഭാഗങ്ങളുടെയും കടന്നുവരവ് നിരവധി ഉപവിഭാഗങ്ങളുടെ രൂപീകരണത്തിന് കാരണമായി. നിലനിന്നിരുന്ന വർണ്ണവ്യവസ്ഥയ്ക്ക് പുതുതായി ഉയർന്നുവന്ന തൊഴിൽക്കൂട്ടങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെവന്നു. ഈ സാഹചര്യത്തിൽ ഓരോ തൊഴിൽക്കൂട്ടവും പുതിയജാതികളും ഉപജാതികളുമായിത്തീർന്നു. വ്യത്യസ്ത തൊഴിൽക്കൂട്ടങ്ങൾക്കുപുറമെ അന്യദേശങ്ങളിൽ നിന്ന് എത്തിച്ചേർന്നവർ, വനങ്ങളിൽ വസിച്ചിരുന്നവർ (നിഷാദർ), വ്യത്യസ്ത ജാതിയിൽപ്പെട്ടവർ തമ്മിലുള്ള വിവാഹത്തിലൂടെ ജനിക്കുന്നവർ, എന്നിവരെല്ലാം പുതിയ പുതിയ ജാതികളായിത്തീർന്നു. അങ്ങനെ ജാതിവ്യവസ്ഥ കൂടുതൽ സങ്കീർണ്ണമായി മാറി.

ഇപ്രകാരം രൂപപ്പെട്ട വ്യവസ്ഥയിൽ, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവർക്ക് സമൂഹം കല്പിച്ചിരുന്ന സ്ഥാനമാനങ്ങൾക്ക് മാറ്റംവന്നില്ല. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ് ശൂദ്രരെ കൃഷിക്കാർ എന്ന് വിശേഷിപ്പിക്കുന്നു. ഈ വിവരണങ്ങൾ കാർഷിക സമൂഹത്തിൽ ശൂദ്രരുടെ അവസ്ഥയെ സൂചിപ്പിക്കുന്നതാണ്.

ചാതുർവർണ്യ വ്യവസ്ഥയ്ക്ക് പുറത്തായിരുന്ന 'അന്ത്യജർ' എന്ന വിഭാഗത്തെ തൊട്ടുകൂടാത്തവരായി കണക്കാക്കി. അന്ത്യജരിൽ ഏറ്റവും താഴെയായി കണക്കാക്കപ്പെട്ടത് 'ചണ്ഡാലർ' എന്ന ശ്മശാനപാലകരും 'ചർമ്മകാരർ' എന്ന തോൽ ഊറയ്ക്കിടുന്ന വിഭാഗങ്ങളുമായിരുന്നു.

## സ്ത്രീകളുടെ പദവി

വകാടക റാണിയായിരുന്ന പ്രഭാവതിഗുപ്തയെപ്പോലെ ചില രാജ്ഞിമാർ ആദരിക്കപ്പെട്ടിരുന്നെങ്കിലും പൊതുവേ സ്ത്രീകളുടെ നില വളരെ താഴ്ന്നതായിരുന്നു. രാജ്ഞി മുതൽ താഴോട്ട് എല്ലാ വിഭാഗം സ്ത്രീകളും പുരുഷന്മാർക്ക് വിധേയരായിരിക്കണം എന്നു കരുതപ്പെട്ടിരുന്നു. ഉന്നത വിഭാഗങ്ങളിലെ സ്ത്രീക്ക് പോലും പൊതുവേ, സമൂഹത്തിൽ ഉയർന്ന പദവിയോ പരിഗണനയോ ലഭിച്ചിരുന്നില്ല. ഒരു ബ്രാഹ്മണ സ്ത്രീക്കുപോലും ഭൂമിദാനം ചെയ്യപ്പെട്ടതായി തെളിവില്ല.

### അനുലോമ, പ്രതിലോമ വിവാഹങ്ങൾ

വിവിധ ജാതികളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങളെക്കുറിച്ച് അർഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. ഉയർന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ പുരുഷനും താഴ്ന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ സ്ത്രീയും തമ്മിലുള്ള വിവാഹം അനുലോമ വിവാഹം എന്നറിയപ്പെടുന്നു.

ഉയർന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ സ്ത്രീയും താഴ്ന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ പുരുഷനും തമ്മിലുള്ള വിവാഹം പ്രതിലോമ വിവാഹം എന്നറിയപ്പെടുന്നു.

### ചണ്ഡാലർ ഫാഹിയാന്റെ വിവരണങ്ങളിൽ

ചന്ദ്രഗുപ്തൻ രണ്ടാമന്റെ ഭരണകാലത്ത് (സി.ഇ. അഞ്ചാം നൂറ്റാണ്ട്) ഇന്ത്യ സന്ദർശിച്ച ചൈനയിൽ നിന്നുള്ള ബുദ്ധമതസഞ്ചാരിയായ ഫാഹിയാൻ ചണ്ഡാലന്മാരെക്കുറിച്ച് ഇങ്ങനെ പറയുന്നു. "നഗരത്തിലേക്കോ കമ്പോളത്തിലേക്കോ പ്രവേശിക്കുന്ന ചണ്ഡാലർ ഒരു മരപ്പലകയിൽ അടിച്ച് ശബ്ദമുണ്ടാക്കണമായിരുന്നു. ഇവരുടെ വരവ് മുൻകൂട്ടി മനസ്സിലാക്കി, മേൽജാതിക്കാർക്ക് മാറിനിൽക്കാൻ വേണ്ടിയായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്."

## രാഷ്ട്രം: കേന്ദ്ര അധികാരവും പ്രാദേശികാധികാരവും



*"കുബേരനും വരുണനും ഇന്ദ്രനും അന്തകനും സമനായവനും തനിക്കുപോന്ന ഒരെതിരാളിയും ഭൂമുഖത്തില്ലാത്തവനും...*

ഗുപ്തകാലത്തെ ഏറ്റവും ശക്തനായ ഭരണാധികാരിയായിരുന്ന സമുദ്രഗുപ്തനെപ്പറ്റിയുള്ള അലഹബാദിൽ സ്ഥിതിചെയ്യുന്ന പ്രയാഗ പ്രശസ്തിയിൽ നിന്നുള്ള വരികളാണിത്.

ഗുപ്തകാലഘട്ടത്തിലെ രാജാവിന്റെ അധികാരത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കും?

- രാജാവിനെ ദൈവസമാനനായി കണക്കാക്കി
- 

### ഗുപ്തകാലത്തെ ഗ്രാമഭരണം

ഗുപ്തകാലത്തെ ഗ്രാമഭരണം നടത്തിയിരുന്നത് 'ഗ്രാമപതി' അഥവാ 'ഗ്രാമാധ്യക്ഷൻ' ആയിരുന്നു. 'ഗ്രാമവൃദ്ധർ' എന്നറിയപ്പെട്ടിരുന്ന ഗ്രാമമുഖ്യരുടെ സംഘമാണ് ഗ്രാമത്തിലെ തർക്കങ്ങൾ തീർത്തിരുന്നത്. ഗ്രാമത്തിൽ പ്രധാന ജനവിഭാഗം കർഷകരായിരുന്നു. മരപ്പണിക്കാർ, നെയ്ത്തുകാർ, കാലിമേക്കുന്നവർ എന്നിവരും ഉണ്ടായിരുന്നു. ഇവരുടെ സംഘങ്ങൾക്കും ഗ്രാമഭരണത്തിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു.

വിപുലമായ അധികാരമുണ്ടായിരുന്നവരാണ് ഗുപ്തരാജാക്കന്മാർ. അതോടൊപ്പം അവർക്ക് ചില ഉത്തരവാദിത്വങ്ങളും ഉണ്ടായിരുന്നു. അവ എന്തെല്ലാമെന്ന് നോക്കാം.

- ആക്രമണങ്ങളിൽ നിന്ന് പ്രജകളെ സംരക്ഷിക്കുക
- ബ്രാഹ്മണരെയും ശ്രമണരെയും (ബുദ്ധ-ജൈന വിഭാഗങ്ങൾ) അബലരെയും സംരക്ഷിക്കുക
- നീതിനിർവഹണം നടത്തുക

ഗുപ്തരാജാക്കന്മാർ കീഴടക്കിയ പ്രദേശങ്ങളിൽ അവിടത്തെ രാജാക്കന്മാരെ തങ്ങളുടെ സാമന്തന്മാരായി കണക്കാക്കി തുടരാൻ അനുവദിച്ചു. അവർക്ക് സ്വയംഭരണം നൽകി. അവരുടെ ഭരണകാര്യങ്ങളിലും പിന്തുടർച്ചയിലും ഗുപ്തരാജാക്കന്മാർ ഇടപെട്ടിരുന്നില്ല. എന്നാൽ നേരിട്ടുഭരിച്ച പ്രദേശങ്ങളിൽ വിപുലമായ ഭരണസംവിധാനം ഇവർ വികസിപ്പിച്ചു.

ഗുപ്തകാലത്തെ ഭരണസംവിധാനവും മൗര്യകാലത്തെ ഭരണസംവിധാനവും തമ്മിൽ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

## പ്രശസ്തികൾ

പുരാതനകാലത്തെ ഇന്ത്യൻ രാജാക്കന്മാർ അവരുടെ നേട്ടങ്ങൾ ഘോഷിക്കാനായി കല്ലിൽ കൊത്തിവച്ച ലിഖിതങ്ങളാണ് പ്രശസ്തികൾ. അറിയപ്പെട്ടതിൽ ഏറ്റവും ആദ്യത്തേത് സി.ഇ. രണ്ടാം നൂറ്റാണ്ടിൽ കൊത്തിവയ്ക്കപ്പെട്ട രുദ്രദാമന്റെ ജുനഗഡ് പ്രശസ്തിയാണ്. അശോക ചക്രവർത്തിയുടെ ജുനഗഡ് ശാസനത്തിന്റെ ഒരു ഭാഗത്തായാണ് ഈ പ്രശസ്തി കൊത്തിവച്ചിരിക്കുന്നത്. രാജാവിനെ പ്രശംസിക്കുക, അദ്ദേഹത്തിന്റെ യുദ്ധനേട്ടങ്ങളെ പ്രകീർത്തിക്കുക, തുടങ്ങിയവയായിരുന്നു പ്രശസ്തികളുടെ പ്രത്യേകതകൾ. പ്രശസ്തി എഴുതുന്ന രീതി പുതിയരൂപത്തിൽ ദക്ഷിണേന്ത്യയിലെ ചോള, രാഷ്ട്രകൂട, ചാലൂക്യ, പല്ലവ രാജാക്കന്മാരും പിന്തുടർന്നിരുന്നു. അതിശയോക്തി ഉണ്ടാകുമെങ്കിലും ഒരു ഭരണകർത്താവിനെപറ്റിയുള്ള ചരിത്രരേഖകൾ എന്ന നിലയിൽ ഇവ നമ്മെ സഹായിക്കുന്നു.

### പ്രയാഗ പ്രശസ്തി

ഗുപ്തരാജാവായ സമുദ്രഗുപ്തന്റെ ആക്രമണങ്ങൾ, യുദ്ധവിജയങ്ങൾ, എന്നിവയെ പ്രകീർത്തിച്ചുകൊണ്ട് കൊത്തിവച്ചതാണ് പ്രയാഗ പ്രശസ്തി. ഇത് അലഹബാദ് പ്രശസ്തി എന്നും അറിയപ്പെടുന്നു. സമുദ്രഗുപ്തൻ വടക്ക് നേപ്പാൾ മുതൽ തെക്ക് തമിഴ്നാടിന്റെ പ്രദേശങ്ങൾ വരെ ആക്രമിച്ച് കീഴ്പ്പെടുത്തിയതിനെ ഈ പ്രശസ്തിയിൽ പ്രകീർത്തിക്കുന്നു. ഗുപ്തസദസ്സിലെ രാജകവിയായിരുന്ന ഹരിസേനൻ ആണ് സംസ്കൃത ഭാഷയിൽ ഈ പ്രശസ്തി എഴുതിയത്.

## കലയും സാഹിത്യവും

ഗുപ്തകാലഘട്ടത്തിലെ സാമൂഹിക-രാഷ്ട്രീയ വികാസങ്ങൾ നമ്മൾ കണ്ടല്ലോ. ഇതിനോട് അനുയോജ്യമായി നിൽക്കുന്ന രീതിയിൽ ഇക്കാലഘട്ടത്തിൽ കലയും സംസ്കൃതസാഹിത്യവും വളർന്നുവന്നു. വാസ്തുശില്പവിദ്യയായിരുന്നു കലാരംഗത്ത് ഏറ്റവും പുരോഗതിപ്രാപിച്ചത്. നിരവധി ക്ഷേത്രങ്ങൾ ഇക്കാലത്ത് നിർമ്മിക്കപ്പെട്ടു. അവയുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നു എന്ന് നോക്കാം.

**ഘടനാ ക്ഷേത്രങ്ങളുടെ നിർമ്മിതി (Structural Temples)**

- കല്ലും ഇഷ്ടികയും ഉപയോഗിച്ചുള്ള ക്ഷേത്രനിർമ്മിതി
- കൊത്തുപണികൾ

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഗുപ്തകാലഘട്ടത്തിലെ വാസ്തുവിദ്യയുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.



ദശാവതാര ക്ഷേത്രം, ദേവ്ഗഢ്, ഉത്തർപ്രദേശ്



തിഗാവയിലെ വിഷ്ണുക്ഷേത്രം, മധ്യപ്രദേശ്



നാച്ന-കുതാര പാർവതി ക്ഷേത്രം, പന്നാ, മധ്യപ്രദേശ്

ലോകപ്രശസ്തമായ അജന്തയിലെ (മഹാരാഷ്ട്ര) ഗുഹാചിത്രങ്ങളിൽ ഗുപ്തകാലത്ത് തയ്യാറാക്കപ്പെട്ടവയുമുണ്ട്. രാജകീയജീവിതം, രാജസദസ്സ്, അതിമാനുഷജീവികൾ എന്നിവ ഇവയിൽ ചിത്രീകരണവിഷയമാകുന്നുണ്ട്. അവയിൽ രാമായണ-മഹാഭാരത രംഗങ്ങളും ഇതിവൃത്തങ്ങളാണ്. അനേകനൂറ്റാണ്ടുകളെ അതിജീവിച്ച് ഇന്നും ഭംഗിയായി നിലനിൽക്കുന്ന ഈ ചിത്രങ്ങൾ ഏറെയും തയ്യാറാക്കപ്പെട്ടത് പ്രകൃതിദത്തവർണ്ണങ്ങൾ കൊണ്ടാണ്.



ഗുപ്തഭരണകാലത്തെ ക്ഷേത്രങ്ങളുടെയും ഗുഹാചിത്രങ്ങളുടെയും ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കി പ്രദർശിപ്പിക്കുക.

ഗുപ്തഭരണകാലത്ത് സംസ്കൃതസാഹിത്യത്തിന് രാജകീയപ്രോത്സാഹനം ലഭിച്ചു. സംസ്കൃതം ഭരണഭാഷയായിരുന്നു. പാലി പോലെ ജനകീയഭാഷ ഉപയോഗിച്ചിരുന്ന ബുദ്ധമതക്കാർ പോലും സംസ്കൃതത്തിൽ രചനകൾ നടത്തി. രാമായണവും മഹാഭാരതവും മിക്ക പുരാണങ്ങളും ചിട്ടപ്പെടുത്തിയത് (വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്ക് മാറ്റപ്പെട്ടത്) ഇക്കാലത്താണ്.

സംസ്കൃതഭാഷയിൽ നാടകങ്ങൾ, കാവ്യങ്ങൾ, വ്യാകരണം, നിഘണ്ടു തുടങ്ങിയവ ഇക്കാലത്ത് രചിക്കപ്പെട്ടു. ഇവയിൽ പ്രധാനപ്പെട്ട ചിലത് ചുവടെ നൽകുന്നു.

| ഗ്രന്ഥനാമം | ഗ്രന്ഥ കർത്താവ് | സാഹിത്യ വിഭാഗം |
|---|---|---|
| അഭിജ്ഞാനശാകുന്തളം | കാളിദാസൻ | നാടകം |
| കുമാരസംഭവം | കാളിദാസൻ | കാവ്യം |
| മൃച്ഛകടികം | ശൂദ്രകൻ | നാടകം |
| സ്വപ്നവാസവദത്തം | ഭാസൻ | നാടകം |
| ത്രികാണ്ഡി | ഭർതൃഹരി | വ്യാകരണം |
| അമരകോശം | അമരസിംഹൻ | നിഘണ്ടു |

സംസ്കൃതനാടകങ്ങൾ ലോകപ്രസിദ്ധമാണെങ്കിലും അവ അവതരിപ്പിക്കുമ്പോൾ ഉന്നത പുരുഷകഥാപാത്രങ്ങൾ മാത്രമേ സംസ്കൃതഭാഷ സംസാരിച്ചിരുന്നുള്ളൂ. രാജ്ഞിയടക്കമുള്ള സ്ത്രീകളും താഴ്ന്നതായി കണക്കാക്കപ്പെട്ട ജാതികളിലെ പുരുഷകഥാപാത്രങ്ങളും പ്രാകൃത് ഭാഷ പറയണമായിരുന്നു.

ഇന്ത്യൻ തത്വചിന്തയ്ക്ക് അടിസ്ഥാനമിട്ട ചില ദർശനങ്ങളും ഈ കാലഘട്ടത്തിൽ ഉയർന്നുവന്നു. ഷഡ്ദർശനങ്ങൾ (Six Systems of Philosophy) എന്ന് അറിയപ്പെട്ട ഇവ പരസ്പര സംവാദങ്ങളിലൂടെയാണ് രൂപപ്പെട്ടുവന്നത്. ആ ദർശനങ്ങളെയും അവയുടെ വക്താക്കളെയും നമുക്ക് പരിചയപ്പെടാം.

| ദർശനം | വക്താവ് |
|---|---|
| സാംഖ്യ | കപിലൻ |
| യോഗ | പതഞ്ജലി |
| ന്യായ | ഗൗതമൻ |
| വൈശേഷിക | കണാദൻ |
| വേദാന്ത | ബാദരായണ |
| മീമാംസ | ജൈമിനി |

## ശാസ്ത്രം

ഗുപ്തകാലത്ത് ശാസ്ത്രഗ്രന്ഥങ്ങളും രചിക്കപ്പെട്ടിരുന്നു. ഇവ പ്രധാനമായും ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം എന്നീ മേഖലകളിലായിരുന്നു. വരാഹമിഹിരന്റെ ബൃഹത്സംഹിതയും ആര്യഭടന്റെ ആര്യഭടീയവും അമരസിംഹന്റെ അമരകോശവും ഇക്കാലത്ത് രചിക്കപ്പെട്ട പ്രധാന ശാസ്ത്രഗ്രന്ഥങ്ങളാണ്.

### ലോഹസംസ്കരണം

സി.ഇ. നാലാം നൂറ്റാണ്ടിൽ നിർമ്മിച്ച ഡൽഹിക്കടുത്ത് മഹ്റൗളിയിൽ നിൽക്കുന്ന ഇരുമ്പുസ്തംഭം അക്കാലത്തെ ലോഹസംസ്കരണ സാങ്കേതികവിദ്യക്ക് ഉദാഹരണമാണ്. നൂറ്റാണ്ടുകളായി മഴയും വെയിലുമേറ്റ് നിൽക്കുന്ന ഈ ഇരുമ്പുസ്തംഭം ഇപ്പോഴും തുരുമ്പിക്കാതെ നിലനിൽക്കുന്നു.



ഗുപ്തകാലഘട്ടത്തിലെ ശാസ്ത്രരംഗത്തെ സംഭാവനകൾ വിലയിരുത്തുക.

## ദക്ഷിണേന്ത്യയിലേക്ക്

ഗുപ്തരാജാക്കന്മാർ ബ്രാഹ്മണർക്ക് ഭൂമിദാനം നൽകിയതിനെക്കുറിച്ചു മുമ്പ് ചർച്ചചെയ്തുവല്ലോ. സി.ഇ. ആറാം നൂറ്റാണ്ടോടെ ഭൂമിദാനം ചെയ്യുന്ന പതിവ് ദക്ഷിണേന്ത്യയിലേക്ക് വ്യാപിച്ചു. ഇതിനുകാരണം ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിലേക്കുള്ള ബ്രാഹ്മണരുടെ കുടിയേറ്റമാണ്. പല്ലവരും പാണ്ഡ്യരുമായിരുന്നു ഇക്കാലത്ത് ദക്ഷിണേന്ത്യയിലെ പ്രധാന രാജവംശങ്ങൾ. അവർ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും ഭൂമി ദാനംചെയ്തു. ഇതിന്റെ ഫലമായി ദക്ഷിണേന്ത്യയിലെ സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും ബ്രാഹ്മണർക്ക് ഉയർന്നസ്ഥാനം ലഭിച്ചു. ബ്രാഹ്മണർക്ക് ഭൂമിദാനം ചെയ്തത് ഈ പ്രദേശങ്ങളിൽ കൃഷി വികസിക്കുന്നതിന് കാരണമായി. മുമ്പ് സൂചിപ്പിച്ചിരുന്നപോലെ, ബ്രാഹ്മണർക്ക് കൃഷിയുടെ സാങ്കേതികവിദ്യയെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചുമുണ്ടായിരുന്ന അറിവ് കൃഷിയുടെ വ്യാപനത്തിന് സഹായകമായി. രാജാക്കന്മാരും ഗ്രാമഭരണകൂടങ്ങളും ജലസംഭരണികൾ നിർമ്മിച്ചും ജലസേചനസംവിധാനം ഒരുക്കിയും കൃഷിയെ പ്രോത്സാഹിപ്പിച്ചു.

ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്ന ക്ഷേത്രങ്ങളുടെ ഇടപെടലിന്റെ ഫലമായി പല്ലവരാജ്യത്ത് കാർഷികപുരോഗതിയുണ്ടായി. കൃഷിയിലെ ഉൽപാദനമിച്ചം വ്യാപാരത്തിന്റെ പുരോഗതിക്കു കാരണമായി. ആഭ്യന്തര വ്യാപാരത്തിനൊടൊപ്പം സമുദ്രവ്യാപാരവും വളർന്നു. മഹാബലിപുരം പല്ലവരുടെ തിരക്കേറിയ തുറമുഖമായിരുന്നു. നാഗപട്ടണമായിരുന്നു മറ്റൊരു തുറമുഖം. പാണ്ഡ്യരാജ്യത്തെ വ്യാപാരത്തിന്റെ സവിശേഷതയായിരുന്നു വണികസമൂഹങ്ങൾ. ഉത്തരേന്ത്യയിൽ ശ്രേണികൾ എന്നറിയപ്പെട്ട കച്ചവടകൂട്ടായ്മകൾ ദക്ഷിണേന്ത്യയിൽ വണികസമൂഹങ്ങളെന്ന് അറിയപ്പെട്ടു. ഓരോ ഉൽപന്നത്തിന്റെയും വ്യാപാരത്തിൽ ഓരോ വണികസംഘം ശ്രദ്ധ കേന്ദ്രീകരിച്ചു.

'നഗരത്താർ'മാർ വ്യാപാരികളായിരുന്നു. കുരുമുളക്, ചന്ദനം, സ്വർണ്ണം, മുത്ത് എന്നിവയായിരുന്നു പാണ്ഡ്യരുടെ പ്രധാന കയറ്റുമതിയിനങ്ങൾ. കോർകൈ, കായൽ പട്ടണം, പെരിയപട്ടണം മുതലായ തുറമുഖങ്ങൾ വഴി റോമൻ, ഗ്രീക്ക്, ചൈനീസ്, അറബി വ്യാപാരികളുമായി പാണ്ഡ്യർ കച്ചവടം നടത്തിപ്പോന്നു. കൃഷിയുടെ വ്യാപനവും വ്യാപാരവളർച്ചയും വ്യത്യസ്ത തൊഴിലുകളും പല്ലവ - പാണ്ഡ്യ രാജ്യങ്ങൾക്ക് നികുതിമാർഗങ്ങളായി മാറി. ഭൂനികുതിയായിരുന്നു പ്രധാനം. ഇത് വിളവിന്റെ $\frac{1}{10}$ മുതൽ $\frac{1}{6}$ വരെ നൽകണമായിരുന്നു. വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്നവർ നികുതി അടയ്ക്കണമായിരുന്നു. ക്ഷേത്രത്തിനു ദാനംചെയ്യപ്പെട്ട ബ്രഹ്മദേയം, ബ്രാഹ്മണർ താമസമാക്കിയ അഗ്രഹാരം എന്നിവക്ക് ഭൂനികുതി ഒഴിവാക്കിയിരുന്നു.

### ബ്രഹ്മസ്വം അഥവാ ബ്രഹ്മദേയം

ഒരുകൂട്ടം ബ്രാഹ്മണർക്ക് ദാനമായി നൽക്കുന്ന ഭൂമിയെ ബ്രഹ്മദേയം എന്നു വിളിക്കുന്നു

### അഗ്രഹാരം

ബ്രാഹ്മണഗ്രാമങ്ങൾ അഗ്രഹാരങ്ങൾ എന്നറിയപ്പെട്ടു.

### ദേവസ്വം അഥവാ ദേവദാനം

ദേവന് അഥവാ ക്ഷേത്രത്തിന് ദാനം ചെയ്യപ്പെട്ട ഭൂമി ദേവദാനം എന്ന് വിളിക്കപ്പെട്ടു. ക്ഷേത്രം നടത്തിപ്പുകാരാണ് ഈ ഭൂമിയും നോക്കി നടത്തിയിരുന്നത്.

ദക്ഷിണേന്ത്യയിലേക്കുള്ള ഭൂമിദാനത്തിന്റെ വ്യാപനം ഇവിടത്തെ സാമ്പത്തികരംഗത്ത് വരുത്തിയ മാറ്റങ്ങൾ ചർച്ചചെയ്യുക.

ഇനി നമുക്ക് ദക്ഷിണേന്ത്യയിലെ സാമൂഹിക-സാംസ്കാരിക ജീവിതത്തെപ്പറ്റി ചർച്ചചെയ്യാം.

പല്ലവ-പാണ്ഡ്യ പ്രദേശങ്ങളിലെ സമൂഹം ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്നു. 'ബ്രഹ്മദേയങ്ങൾ' എന്നപേരിൽ ധാരാളമായി ഭൂമിദാനം ലഭിച്ച ബ്രാഹ്മണർ സമ്പന്നരും സമൂഹത്തിൽ ഉന്നതസ്ഥാനമുള്ളവരുമായിരുന്നു.

കീഴ്ജാതികളായി കണക്കാക്കപ്പെട്ടവർ പല അവശതകളും അനുഭവിച്ചിരുന്നു. വർണ്ണവ്യവസ്ഥയ്ക്ക് പുറത്തുള്ള വിഭാഗങ്ങളുമുണ്ടായിരുന്നു.

പല്ലവ-പാണ്ഡ്യ ദേശങ്ങളിൽ ഗ്രാമ സ്വയംഭരണം നിലനിന്നിരുന്നു. ഗ്രാമക്കോടതികളുമുണ്ടായിരുന്നു. വിദ്യാഭ്യാസം, നീതിന്യായം എന്നിവ നടപ്പാക്കലും ഒരുമിച്ചുകൂടി ചർച്ചചെയ്ത് തർക്കങ്ങൾ തീർപ്പാക്കലും ഉണ്ടായിരുന്നു. ഇവയിലൊന്നും തന്നെ രാജാക്കന്മാർ ഇടപെട്ടിരുന്നില്ല. ആചാരങ്ങൾ, ആരാധനാക്രമങ്ങൾ, ജാതിനിയമങ്ങൾ ഇവയിലും രാജാക്കന്മാർ കൈകടത്തിയിരുന്നില്ല.

നിങ്ങൾ മുൻ പാഠഭാഗത്ത് പരിചയപ്പെട്ട ജൈനമതവും ബുദ്ധമതവും പല്ലവരുടെ കാലത്തിനുമുമ്പ് ദക്ഷിണേന്ത്യയിൽ വളരെ സജീവമായിരുന്നു. എന്നാൽ ബ്രാഹ്മണരുടെ അധികാരം വളർന്നതോടെ ഈ മതങ്ങൾ ക്ഷയിച്ചു. പല്ലവരും പാണ്ഡ്യരും ശൈവ-വൈഷ്ണവ ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ഭക്തി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ബ്രാഹ്മണമതത്തിന്റെയും ഭക്തിയുടെയും ആശയങ്ങളാണ് അക്കാലത്തെ ദക്ഷിണേന്ത്യൻസാഹിത്യത്തിൽ പ്രതിഫലിച്ചത്. പല്ലവർ സംസ്കൃതസാഹിത്യത്തെ പ്രോത്സാഹിപ്പിച്ചു. പല്ലവരാജാവായ മഹേന്ദ്രവർമ്മൻ ഒന്നാമൻ സംസ്കൃത പണ്ഡിതനായിരുന്നു. 'മത്തവിലാസപ്രഹസനം' അദ്ദേഹം രചിച്ച കൃതിയാണ്.

ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ അക്കാലത്തെ ജനജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. ക്ഷേത്രങ്ങൾ അക്കാലത്തെ പ്രധാന കലാനിർമ്മിതികളായിരുന്നു. കാഞ്ചീപുരം, മഹാബലിപുരം, മധുര എന്നിവിടങ്ങളിലാണ് അക്കാലത്തെ പ്രധാന ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത്. 'ദ്രാവിഡശൈലി' എന്ന ദക്ഷിണേന്ത്യൻ ക്ഷേത്രനിർമ്മാണശൈലി പല്ലവരുടെ കാലത്താണ് രൂപപ്പെട്ടത്. കാലക്രമേണ ക്ഷേത്രനിർമ്മാണം മൂന്നുഘട്ടങ്ങളിലായി വികാസം പ്രാപിച്ചു. അവ ചുവടെ നൽകിയിരിക്കുന്നു

- പാറവെട്ടി നിർമ്മിച്ച ക്ഷേത്രങ്ങൾ
- ഒറ്റക്കല്ലിൽ തീർത്ത രഥക്ഷേത്രങ്ങൾ
- ഘടനാ ക്ഷേത്രങ്ങൾ



മാമണ്ടൂർ ഗുഹാക്ഷേത്രം (കാഞ്ചിപുരം)



മഹാബലിപുരത്തെ രഥക്ഷേത്രം



മധുര മീനാക്ഷി ക്ഷേത്രം

## ദ്രാവിഡ വാസ്തുശില്പകല

ക്ഷേത്രനിർമ്മാണം ഇന്ത്യയിൽ പുരാതനകാലംതൊട്ടേ നിലനിന്നിരുന്നു. ക്ഷേത്രവാസ്തുശില്പകല മൂന്നു തരത്തിലായിരുന്നു. 'നഗര', 'വാസര' ശൈലികൾ പൊതുവേ ഉത്തരേന്ത്യയിലും 'ദ്രാവിഡ' ശൈലി ദക്ഷിണേന്ത്യയിലും നിലനിന്നു. ഭീമാകാരമായ മണ്ഡപങ്ങൾ ദ്രാവിഡ വാസ്തുശില്പകലയുടെ പ്രധാന സവിശേഷതയാണ്.

പല്ലവരാണ് ദ്രാവിഡ വാസ്തുശില്പകലാ വൈദഗ്ധ്യം ആദ്യം തെളിയിച്ചത്. മഹാബലിപുരത്തെ ക്ഷേത്രങ്ങൾ അവരുടെ വാസ്തുശില്പകലാ വൈദഗ്ധ്യത്തിന്റെ ഉത്തമോദാഹരണങ്ങളാണ്. എന്നാൽ ദ്രാവിഡശൈലിയിൽ ഏറ്റവുമധികം ക്ഷേത്രങ്ങൾ നിർമ്മിച്ചത് ചോളന്മാരാണ്. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ അക്കാലത്ത് നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ ഇന്നും നിലകൊള്ളുന്നു. മധുര മീനാക്ഷി ക്ഷേത്രം, ശ്രീരംഗം ക്ഷേത്രം തുടങ്ങിയവ പാണ്ഡ്യരുടെ കാലത്തെ പ്രശസ്തമായ നിർമ്മിതികളാണ്.

ദ്രാവിഡ വാസ്തുശില്പകലയിൽ തീർത്ത ക്ഷേത്രങ്ങൾക്ക് പ്രധാനമായും ശ്രീകോവിൽ (ഗർഭഗൃഹം), വിമാനം (ക്ഷേത്രത്തിന്റെ മുകൾഭാഗം), ശിഖരം (വിമാനത്തിന്റെ മുകളറ്റം), മണ്ഡപം, പ്രദക്ഷിണപഥം, എന്നിവയുണ്ടാവും. ഭീമാകാരങ്ങളായ പ്രവേശനകവാടങ്ങൾ, ഉയർന്ന ഗോപുരങ്ങൾ, അലങ്കാരമായി കൊത്തിവച്ച ആനകൾ, കുതിരകൾ, വ്യാളീമുഖങ്ങൾ എന്നിവ ദ്രാവിഡശൈലിയുടെ സവിശേഷതകളാണ്. ഈ ക്ഷേത്രങ്ങളുടെ ചുമരുകളിൽ അസാമാന്യ വൈദഗ്ധ്യത്തോടെ ഇതിഹാസ-പുരാണങ്ങളിലെ കഥകളും കഥാപാത്രങ്ങളും അതിസൂക്ഷ്മമായി കൊത്തിവച്ചിട്ടുണ്ട്.

## മഹാബലിപുരം



ഷോർ ടെമ്പിൾ

ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ ക്ഷേത്രങ്ങളും കല്ലിൽ കൊത്തിയ ചിത്രങ്ങളും കാണാവുന്നത് തമിഴ്നാട്ടിലെ മഹാബലിപുരത്താണ്. മാമല്ലപുരം എന്നുകൂടി അറിയപ്പെടുന്ന മഹാബലിപുരം ബംഗാൾ ഉൾക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. ഒറ്റക്കല്ലുകളിൽ തീർത്ത, പഞ്ചപാണ്ഡവരെ സൂചിപ്പിക്കുന്ന അഞ്ചു രഥക്ഷേത്രങ്ങളും കടൽതീരത്ത് നിർമ്മിച്ച ഷോർ ടെമ്പിളും (Shore Temple) പല്ലവരുടെ വാസ്തുശില്പകലയുടെ മികച്ച ഉദാഹരണങ്ങളാണ്. പാറയിലെ കൊത്തുപണികളായ 'അർജുന തപസ്സ്', 'മഹിഷാസുരമർദനം' എന്നിവ പല്ലവകലയുടെ മറ്റ് ഉദാഹരണങ്ങളാണ്. യുനെസ്കോ പൈതൃകനഗരമായി മഹാബലിപുരത്തെ അംഗീകരിച്ചിട്ടുണ്ട്.

### തുടർപ്രവർത്തനങ്ങൾ

- ഗുപ്തഭരണകാലത്തെ 'ഭൂമിദാനങ്ങളും പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
- വിവിധ നിർമ്മാണശൈലികൾ പ്രകടമാകുന്ന ക്ഷേത്രങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- ഗുപ്തകാലത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ നടത്തുക

# 4 ഇന്ത്യൻ ഭരണഘടനയിലെ അധികാരവിന്യാസം






"വർഷങ്ങൾക്കുമുമ്പ് നാം വിധിയുമായി ഒരു കൂടിക്കാഴ്ച നടത്തി. ആ പ്രതിജ്ഞ പൂർണ്ണമല്ലെങ്കിലും സുപ്രധാനമായിത്തന്നെ നമ്മൾ നിറവേറ്റിയ സമയമായിരിക്കുന്നു. ഇന്ന് പാതിരാമണി മുഴങ്ങുമ്പോൾ ഇന്ത്യ ഉണർന്നെഴുന്നേൽക്കും. പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും...

ഒരു യുഗം അവസാനിക്കുന്നു. ദീർഘനാളായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദിക്കുന്നു. ഈ അപൂർവ നിമിഷത്തിൽ ഇന്ത്യയുടെയും ഇവിടത്തെ ജനങ്ങളുടെയും മനുഷ്യരാശിയുടെയും ആകെത്തന്നെയും സേവനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് നമുക്ക് പ്രതിജ്ഞ ചെയ്യാം"

സ്വാതന്ത്ര്യപ്പുലരിയിൽ പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു രാഷ്ട്രത്തെ അഭിസംബോധനചെയ്ത് നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗമാണ് മുകളിൽ നൽകിയിട്ടുള്ളത്.

വൈദേശികഭരണത്തിന്റെ കെടുതികൾ കുടഞ്ഞെറിഞ്ഞ് പ്രതീക്ഷാനിർഭരവും ഉത്തരവാദിത്വപൂർണ്ണവുമായ പാതയിലേക്ക് രാജ്യത്തെ നയിക്കാനുള്ള ആഹ്വാനമാണ് ഭരണഘടനാനിർമ്മാണസഭയിൽ നെഹ്റു നൽകുന്നത്. 1947 ആഗസ്റ്റ് 15ന് ഇന്ത്യ നേടിയ സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനാനിർമ്മാണ സഭയെ ഏൽപ്പിച്ച ഉത്തരവാദിത്വം വളരെ വലുതും പ്രധാനപ്പെട്ടതുമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ വിവേചനപരവും ജനാധിപത്യവിരുദ്ധവും നീതിരഹിതവുമായ നടപടികൾക്ക് ജനങ്ങൾ വിധേയമാക്കപ്പെട്ടിരുന്നു. അക്കാലത്ത് ഇന്ത്യൻസമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും മറ്റു സാമൂഹിക ദുരാചാരങ്ങളും മനുഷ്യാവകാശലംഘനങ്ങളും ആധുനികസമൂഹത്തിന് ചിന്തിക്കാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇവയെല്ലാം പരിഹാരമാകുന്ന ഒരു ജനാധിപത്യഭരണക്രമവും ക്ഷേമരാഷ്ട്രസംവിധാനവും ഉണ്ടാകണമെന്ന ചിന്ത നമ്മുടെ ദേശീയ പ്രസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടായിരുന്നു.

സ്വതന്ത്ര ഇന്ത്യ ജനങ്ങൾക്കു നൽകിയ പ്രധാനപ്പെട്ട രണ്ടുവാഗ്ദാനങ്ങളായിരുന്നു ജനാധിപത്യഭരണക്രമവും ക്ഷേമരാഷ്ട്രനിർമ്മാണവും. ഇതിലേക്കുള്ള ചുവടുവയ്പ്പായിരുന്നു ഭരണഘടനാനിർമ്മാണസഭയുടെ രൂപീകരണവും നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയവും.

## ലക്ഷ്യപ്രമേയത്തിൽ നിന്നും ഭരണഘടനയിലേക്ക്

### ലക്ഷ്യപ്രമേയം

- ഭരണഘടനാനിർമ്മാണസഭ ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായി തീർക്കുവാനും അതിനായി ഒരു ഭരണഘടന തയ്യാറാക്കുവാനുമുള്ള ഗൗരവമേറിയ ദൃഢനിശ്ചയം പ്രഖ്യാപിക്കുന്നു.
- സ്വതന്ത്ര പരമാധികാര ഇന്ത്യ എന്നത് പഴയ ബ്രിട്ടീഷ് ഇന്ത്യൻ പ്രദേശങ്ങൾ, ഇന്ത്യൻ സംസ്ഥാനങ്ങൾ, ഇന്ത്യൻ യൂണിയന്റെ ഭാഗമാകാൻ തയ്യാറുള്ള ബ്രിട്ടീഷ് ഇന്ത്യക്ക് പുറത്തുള്ള മറ്റുഭാഗങ്ങൾ എന്നിവയുടെ ഒരു യൂണിയനായിരിക്കും.
- ഇന്ത്യൻ യൂണിയൻ രൂപീകരിക്കുന്ന പ്രദേശങ്ങൾ സ്വയംഭരണ യൂണിറ്റുകളായിരിക്കും. കൂടാതെ, കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാകാതെയുള്ള എല്ലാ അധികാരങ്ങളും ചുമതലകളും അവയ്ക്ക് നൽകപ്പെടും.
- സ്വതന്ത്ര പരമാധികാര ഇന്ത്യയുടെ എല്ലാ അധികാരങ്ങളും ജനങ്ങളിൽ നിന്നുമായിരിക്കും ഉത്ഭവിക്കുക.
- ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും പദവിസമത്വവും അവസരസമത്വവും നിയമത്തിന് മുമ്പിലുള്ള സമത്വവും കൂടാതെ നിയമത്തിനും പൊതുധാർമ്മികതയ്ക്കും വിധേയമായി സംസാരം, ആവിഷ്കാരം, വിശ്വാസം, ആരാധന, തൊഴിൽ, സംഘടനയും പ്രവർത്തനവും എന്നീ മൗലികസ്വാതന്ത്ര്യങ്ങളും ഉറപ്പാക്കുകയും സംരക്ഷിക്കുകയും ചെയ്യും.

1946 ഡിസംബർ 13ന് ഭരണഘടനാനിർമ്മാണസഭയിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ച ലക്ഷ്യപ്രമേയത്തിലെ ചില ആശയങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച പ്രധാനാശയങ്ങളാണ് ലക്ഷ്യപ്രമേയത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്.

ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ചിട്ടുള്ള ഏതൊക്കെ ആശയങ്ങളാണ് ലക്ഷ്യപ്രമേയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്?

- അവസരസമത്വം.
- 
- 
- 

## ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

ലക്ഷ്യപ്രമേയത്തിൽ അവതരിപ്പിക്കപ്പെട്ട എന്തെല്ലാം ആശയങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് താരതമ്യം ചെയ്ത് കണ്ടെത്തുക..

- പരമാധികാരം ജനങ്ങൾക്ക്
-
-
-

ലക്ഷ്യപ്രമേയത്തിലെ വിവിധ ആശയങ്ങൾ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായല്ലോ? ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള ആശയങ്ങൾ, കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ തുടങ്ങിയവ സാക്ഷാത്കരിക്കുന്നതിന് ഭരണഘടനയിലെ വ്യവസ്ഥകൾ എത്രമാത്രം പര്യാപ്തമാണെന്ന് നമുക്ക് പരിശോധിക്കാം.

## ഭരണഘടനയുടെ സവിശേഷതകൾ

ക്യാബിനറ്റ് മിഷന്റെ നിർദേശാനുസരണം 1946 ഡിസംബർ 6ന് രൂപീകരിക്കപ്പെട്ട ഭരണഘടനാ നിർമ്മാണസമിതി 1946 ഡിസംബർ 9 മുതൽ 2 വർഷവും 11 മാസവും 17 ദിവസവും നീണ്ടുനിന്ന ഒരു മഹത്തായ പ്രക്രിയയിലൂടെ നിർമ്മിച്ചതാണ് ഇന്ത്യൻ ഭരണഘടന. 1949 നവംബർ 26ന് അംഗീകരിച്ച്, നിയമമാക്കി, നമുക്കായിത്തന്നെ സമർപ്പിച്ച ഇന്ത്യൻ ഭരണഘടനയിൽ 22 ഭാഗങ്ങളിലായി 395 വകുപ്പുകളും 8 പട്ടികകളുമാണ് ഉണ്ടായിരുന്നത്. 1950 ജനുവരി 26ന് നിലവിൽവന്ന ഇന്ത്യൻ ഭരണഘടന കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു സജീവപ്രമാണമായി തുടരുന്നു.

ഇന്ത്യൻ ദേശീയപ്രസ്ഥാനം മുറുകെപ്പിടിച്ചതും ലക്ഷ്യപ്രമേയത്തിൽ സൂചിപ്പിച്ചതുമായ നിരവധി ആശയങ്ങൾ ഭരണഘടനയുടെ ഭാഗമായിട്ടുണ്ട്. വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം തയ്യാറാക്കപ്പെട്ട ഭരണഘടനയുടെ സവിശേഷതകൾ നമുക്ക് പരിചയപ്പെടാം.

**ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടന** → ഒന്നര ലക്ഷത്തോളം വാക്കുകളടങ്ങിയ സമഗ്രവും വിപുലവുമായ രേഖ. രാജ്യത്തിന്റെ വൈവിധ്യവും വൈപുല്യവും പരിഗണിച്ചുള്ള വിശദമായ ഉള്ളടക്കം.

**പാർലമെന്ററി ജനാധിപത്യം** → കാര്യനിർവഹണവിഭാഗത്തിലെ അംഗങ്ങൾ നിയമനിർമ്മാണസഭയിൽ നിന്നുള്ള വരായിരിക്കും, നിയമനിർമ്മാണവിഭാഗം കാര്യനിർവഹണവിഭാഗത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു.

**ദൃഢവും അയവുള്ളതുമായ ഘടന**

ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ പ്രത്യേക നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. എന്നാൽ മറ്റു ചിലത് സാധാരണ നിയമനിർമ്മാണ രീതിയിൽ ഭേദഗതി ചെയ്യാവുന്നതാണ്.

**മൗലികാവകാശങ്ങളും, മൗലിക കർത്തവ്യങ്ങളും**

- ഓരോ വ്യക്തിക്കും രാഷ്ട്രം ഉറപ്പുവരുത്തേണ്ട അടിസ്ഥാന അവകാശങ്ങൾ.
- പൗരർ രാഷ്ട്രത്തോടും സമൂഹത്തോടും പാലിക്കേണ്ട ഉത്തരവാദിത്വങ്ങൾ.

**മാർഗനിർദേശക തത്വങ്ങൾ**

ഭാവിരാഷ്ട്രത്തിന്റെ സാമൂഹിക-സാമ്പത്തിക അഭിവൃദ്ധിക്കായി രാഷ്ട്രത്തിന് നൽകിയിട്ടുള്ള നിർദേശങ്ങൾ.

**ദ്വിമണ്ഡല നിയമ നിർമ്മാണ സഭകൾ**

മൊത്തം ജനത്തെയും പ്രതിനിധീകരിക്കുന്ന അധോസഭ (ലോകസഭ); നിയമനിർമ്മാണത്തിൽ രണ്ടാമതൊരു ചിന്തയ്ക്കായി സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ഉപരിസഭ (രാജ്യസഭ) എന്നിങ്ങനെ രണ്ടു സഭകൾ.

**ശക്തമായ കേന്ദ്രഗവൺമെന്റോടുകൂടിയ ഫെഡറലിസം**

അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വേർതിരിച്ചിട്ടുണ്ട്. എങ്കിലും കേന്ദ്രത്തിന് മേൽക്കൈ നൽകുന്ന ചില സവിശേഷാധികാരങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ**

നിയമനിർമ്മാണ, കാര്യനിർവഹണവിഭാഗങ്ങളുടെ നിയന്ത്രണത്തിലല്ലാത്ത കോടതി സംവിധാനം.

**സ്വതന്ത്ര ഭരണഘടനാ സ്ഥാപനങ്ങൾ**

ജനാധിപത്യവ്യവസ്ഥ വിപുലവും അർഥപൂർണ്ണവുമാക്കുന്നതിന്, സ്വതന്ത്രസ്വഭാവമുള്ള ഭരണഘടനാ സ്ഥാപനങ്ങൾ.

നിലവിൽ ഭരണഘടനയിൽ എത്ര ഭാഗങ്ങളും പട്ടികകളുമുണ്ട്? കണ്ടെത്തുക.

## ഇന്ത്യൻ ഫെഡറലിസം

ഭരണഘടനയുടെ സവിശേഷതകളെക്കുറിച്ച് ക്ലാസിൽ അവതരിപ്പിച്ച സെമിനാർ പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധിക്കൂ.

......നമ്മുടെ രാജ്യത്തിന്റെ വൈവിധ്യവും ഐക്യവും ഒരേപോലെ പരിപാലിക്കുന്നതിന് ഫെഡറൽ സംവിധാനം സഹായിക്കുന്നുണ്ട്. കൂടാതെ പ്രാദേശിക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലൂടെ വിഘടനവാദ പ്രവണതകളെ ഫലപ്രദമായി ചെറുക്കുന്നതിനും ഇത്തരം ഒരു ഭരണക്രമീകരണം പ്രയോജനപ്പെടുന്നു. ഭരണത്തിന്റെ വിവിധതലങ്ങളെ കൂട്ടിയിണക്കി സാമ്പത്തികപുരോഗതി കൈവരിക്കുന്നതിനും എല്ലാ വിഭാഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഫെഡറലിസത്തിലൂടെ സാധിക്കുന്നുണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും അധികാരം പങ്കിടുന്ന ഈ ഭരണസംവിധാനം ജനാധിപത്യം എന്ന ആശയത്തെ കൂടുതൽ അർഥപൂർണ്ണമാക്കുകയും ചെയ്യുന്നു...

മുകളിൽ കൊടുത്തിരിക്കുന്ന പ്രബന്ധഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ഫെഡറൽ സംവിധാനം സ്വീകരിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ അധികാരം പങ്കിടുന്നതിലൂടെ ജനാധിപത്യം ഊട്ടിയുറപ്പിക്കുന്നതിന്.
- 
- 
- 
- 
- 

ഭരണഘടനയുടെ അടിസ്ഥാനത്തിൽ അധികാരം രണ്ടുതലങ്ങളിലേക്ക് വിഭജിക്കപ്പെടുന്ന ഭരണസംവിധാനമാണ് ഫെഡറലിസം. കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റുകളും അധികാരം പങ്കിടുന്ന ഭരണക്രമീകരണമാണിത്. ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളായി കണക്കാക്കുന്നത്.

എഴുതപ്പെട്ട ദൃഢമായ ഭരണഘടന, അധികാരവിഭജനം, സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ എന്നിവയാണ്.

### ഭാഗം I

### യൂണിയനും അതിന്റെ ഭൂപ്രദേശവും

**1. യൂണിയന്റെ പേരും ഭൂപ്രദേശവും**-(1) ഇന്ത്യ അതായത് ഭാരതം, സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കുന്നതാണ്.

[1][(2) സംസ്ഥാനങ്ങളും അവയുടെ ഭൂപ്രദേശങ്ങളും ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിധം ആയിരിക്കുന്നതാണ്.]

(3) ഭാരതത്തിന്റെ ഭൂപ്രദേശം -

(ക) സംസ്ഥാനങ്ങളുടെ ഭൂപ്രദേശങ്ങളും;

[2][(ഖ) ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള യൂണിയൻ പ്രദേശങ്ങളും;]

(ഗ) ആർജ്ജിക്കുന്ന മറ്റ് ഭൂപ്രദേശങ്ങളും, അടങ്ങിയതാകുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ഒന്നാമത്തെ അനുച്ഛേദം നിങ്ങൾ വായിച്ചുവല്ലോ. ഇതുപ്രകാരം ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കും. എന്നാൽ ഭരണഘടനയിൽ ഒരിടത്തും ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമാണെന്ന് പരാമർശിക്കുന്നില്ല. ഇന്ത്യയുടെ സാമൂഹികവും പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടിയാണ് നാം ഫെഡറൽ സംവിധാനം സ്വീകരിച്ചത്.

ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകളിൽ ചിലത് താഴെക്കൊടുക്കുന്നു.



ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യപ്രതിബദ്ധതയുടെ മറ്റൊരു സവിശേഷതയാണ് ഇന്ത്യയുടെ ഫെഡറൽ ഘടന. രാഷ്ട്രത്തിന്റെ അധികാരങ്ങൾ ഒരു തലത്തിൽമാത്രം കേന്ദ്രീകരിക്കാതെ അവ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഇടയിൽ വിഭജിച്ചു നൽകുന്ന സമീപനമാണ് ഇന്ത്യൻ ഭരണഘടന സ്വീകരിച്ചിട്ടുള്ളത്. അധികാരവിഭജനം പരാമർശിക്കുന്ന ഭരണഘടനയുടെ ഏഴാംപട്ടിക നമുക്ക് പരിശോധിക്കാം.

## അധികാരവിഭജനം (Division of Powers) ഏഴാംപട്ടികയിൽ

**യൂണിയൻ ലിസ്റ്റ്** (Union List) - കേന്ദ്രഗവൺമെന്റിന് സമ്പൂർണ്ണ നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ ഒരു പട്ടികയാണിത്. ഭരണഘടന നിലവിൽ വന്നപ്പോൾ ഇതിൽ 97 വിഷയങ്ങളുണ്ടായിരുന്നു.

ഉദാഹരണം - വിദേശകാര്യം, പ്രതിരോധം, റെയിൽവെ, ബാങ്കിംഗ്, പൗരത്വം തുടങ്ങിയവ

**സംസ്ഥാന ലിസ്റ്റ്** (State List) - സാധാരണഗതിയിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ പട്ടികയാണിത്. തുടക്കത്തിൽ ഇതിൽ 66 വിഷയങ്ങളുണ്ടായിരുന്നു.

ഉദാഹരണം - കൃഷി, ജയിൽ, പോലീസ്, തദ്ദേശസ്വയംഭരണം തുടങ്ങിയവ.

**സമവർത്തി ലിസ്റ്റ്** (Concurrent List) - കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളുടെ പട്ടികയാണിത്. തുടക്കത്തിൽ ഇതിൽ 47 വിഷയങ്ങളുണ്ടായിരുന്നു.

ഉദാഹരണം - വിദ്യാഭ്യാസം, വനം, ട്രേഡ് യൂണിയനുകൾ, വിവാഹം, ജനന മരണ രജിസ്ട്രേഷൻ മുതലായവ.

**അവശേഷിക്കുന്ന അധികാരങ്ങൾ** (Residuary Powers) - മേൽപ്പറഞ്ഞ മൂന്ന് അധികാര പട്ടികകളിലും ഉൾപ്പെടാത്തതായ വിഷയങ്ങളെ അവശേഷിക്കുന്ന അധികാരങ്ങൾ എന്നാണ് വിളിക്കുന്നത്. ഇവയിലെ നിയമനിർമ്മാണാധികാരം കേന്ദ്ര ഗവൺമെന്റിനാണ്.

ഉദാഹരണം - സൈബർ നിയമങ്ങൾ.



മുകളിൽ കൊടുത്തിരിക്കുന്ന വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചുവല്ലോ. ഇവ ഏത് പട്ടികയിൽ ഉൾപ്പെടുന്നുവെന്ന് രേഖപ്പെടുത്തുക.

| യൂണിയൻ ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | സമവർത്തി ലിസ്റ്റ് |
|---|---|---|
| | | |

ഇന്ത്യൻ ഫെഡറലിസം ജനാധിപത്യത്തെ എങ്ങനെ സ്വാധീനിക്കുന്നു? സംവാദം സംഘടിപ്പിക്കുക.

## അധികാരം വേർതിരിക്കൽ

"ഭരണഘടന ഒരു മൗലികരേഖയാണ്. ഭരണകൂടത്തിന്റെ മൂന്നുഘടകങ്ങളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയുടെ സ്ഥാനവും അധികാരവും അത് നിർവചിക്കുന്നുണ്ട്... ഭരണഘടനയുടെ ലക്ഷ്യം ഭരണകൂടത്തിന്റെ സംവിധാനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, അവയുടെ അധികാരം പരിമിതപ്പെടുത്തുക എന്നതാണ്, കാരണം ഘടകങ്ങളുടെ അധികാരത്തിന്മേൽ ഒരു പരിമിതിയും ഏർപ്പെടുത്തിയില്ലെങ്കിൽ, സമ്പൂർണ്ണ സ്വേച്ഛാധിപത്യവും പൂർണ്ണമായ അടിച്ചമർത്തലും ഉണ്ടാകും".

ഡോ. ബി ആർ അംബേദ്കർ: ഭരണഘടനാ നിർമ്മാണസമിതിയിൽ നടത്തിയ പ്രസംഗത്തിൽ നിന്നും.



## അധികാരം വേർതിരിക്കൽ (Separation of Powers)




നമ്മുടെ ഭരണഘടന വ്യവസ്ഥചെയ്യുന്ന അധികാരം വേർതിരിക്കൽ സംവിധാനത്തെക്കുറിച്ച് ഭരണഘടനാശില്പിയായ ഡോ. ബി.ആർ. അംബേദ്കറുടെ നിരീക്ഷണം ശ്രദ്ധിച്ചുവല്ലോ. ഇന്ത്യൻ ഭരണസംവിധാനത്തിൽ അധികാരം നിയമനിർമ്മാണസഭ, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം ഇവയിൽ ഏതെങ്കിലും ഒന്നിൽ കേന്ദ്രീകരിക്കുന്നത് തടയുന്നതിനും ജനാധിപത്യത്തെ പിന്തള്ളി ഏകാധിപത്യം കടന്നുവരാതിരിക്കാനും ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്. ഈ ചർച്ചകളിൽ നിന്നാണ് പാർലമെന്ററി ഭരണസംവിധാനവും ഫെഡറൽ ഘടനയും ഉരുത്തിരിഞ്ഞത്.

ഇനി നമുക്ക് ഭരണഘടനാ വ്യവസ്ഥപ്രകാരം നിയമനിർമ്മാണ സഭ, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം എന്നിവയുടെ ഘടനയും അധികാരങ്ങളും ചുമതലകളും എങ്ങനെയാണ് വിഭജിച്ചിരിക്കുന്നതെന്ന് പരിശോധിക്കാം.

### നിയമനിർമ്മാണ സഭ (Legislature)

ഇന്ത്യയുടെ നിയമനിർമ്മാണ സഭയുടെ പേര് പാർലമെന്റ് എന്നാണ്. രാജ്യത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുക എന്നതാണ് പാർലമെന്റിന്റെ പ്രാഥമികധർമ്മം. വിവിധങ്ങളായ ജനാഭിലാഷങ്ങളെ മുൻനിർത്തിയും കാലാനുസൃതമായ പരിവർത്തനങ്ങളെ സാധ്യമാക്കുന്നതിനും പുതിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടി നിയമങ്ങൾ നിർമ്മിക്കാറുണ്ട്. ലോക്സഭ, രാജ്യസഭ എന്നീ രണ്ട് സഭകൾ ഉള്ള ഇന്ത്യയുടെ പാർലമെന്റ് ഒരു ദ്വിമണ്ഡല നിയമനിർമ്മാണ സഭയാണ്. വലുപ്പവും വൈവിധ്യവുമുള്ള രാജ്യങ്ങൾ സാധാരണയായി അവയുടെ ദേശീയ നിയമനിർമ്മാണസഭയിൽ രണ്ടുസഭകൾ സ്ഥാപിക്കാറുണ്ട്. രാജ്യത്തെ എല്ലാ വൈവിധ്യങ്ങളെയും (ജനങ്ങളെയും പ്രദേശങ്ങളെയും) പ്രതിനിധാനം ചെയ്യുന്നതിന് ഇത് സഹായകമാണ്. കൂടാതെ ജനാധിപത്യപരമായ ചർച്ചകളും സംവാദങ്ങളും സാധ്യമാക്കുന്നതിൽ ദ്വിമണ്ഡല നിയമനിർമ്മാണസഭകൾ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തുന്നത് സംസ്ഥാന നിയമനിർമ്മാണസഭകളാണ്.

നിയമനിർമ്മാണസഭയുടെ ചുമതലകൾ ഏതെല്ലാമാണെന്ന് പരിചയപ്പെടാം.




പാർലമെന്റിന്റെ പ്രധാനചുമതലകൾ പരിചയപ്പെട്ടല്ലോ. പാർലമെന്റിന്റെ രണ്ടുസഭകളായ ലോകസഭയുടെയും രാജ്യസഭയുടെയും പ്രധാനസവിശേഷതകൾ പരിശോധിക്കാം.

## ലോകസഭ



പാർലമെന്റിന്റെ അധോമണ്ഡലമാണ് ലോകസഭ. ഭൂരിപക്ഷ സമ്പ്രദായപ്രകാരം ജനങ്ങൾ നേരിട്ടാണ് ലോകസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ഇരുപത്തിയഞ്ചുവയസ്സ് പൂർത്തിയായ ഇന്ത്യൻ പൗരർക്ക് ലോകസഭയിലേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്. ലോകസഭയുടെ കാലാവധി അഞ്ചുവർഷമാണ്. ലോകസഭയുടെ പരമാവധി അംഗബലം 550 ആണ്. എന്നാൽ നിലവിൽ 543 (2023) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണുള്ളത്. ലോകസഭയിലെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാരുകളുടെ രൂപീകരണവും നിലനിൽപ്പും സാധ്യമാകുന്നത്. ഒരു പാർട്ടിക്കോ സഖ്യത്തിനോ സർക്കാർ രൂപീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ഭരിക്കുന്ന പാർട്ടിക്കോ സഖ്യത്തിനോ ഭൂരിപക്ഷം നഷ്ടപ്പെടുന്ന സാഹചര്യത്തിലോ രാജ്യം പൊതുതിരഞ്ഞെടുപ്പിലേക്ക് പോകുന്നതാണ്. ലോകസഭയുടെ അധ്യക്ഷൻ സ്പീക്കറാണ്. ധനപരമായ വിഷയങ്ങളിൽ ലോകസഭയ്ക്ക് രാജ്യസഭയെക്കാൾ കൂടുതൽ അധികാരങ്ങളുണ്ട്. ധനബില്ലും അവിശ്വാസപ്രമേയവും അവതരിപ്പിക്കുന്നത് ലോകസഭയിലാണ്.

## രാജ്യസഭ

പാർലമെന്റിലെ ഉപരിസഭയാണ് രാജ്യസഭ. ജനസംഖ്യാനുപാതികമായി സംസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം നൽകിയിരിക്കുന്ന സഭയാണിത്. സംസ്ഥാന നിയമനിർമ്മാണ സഭകളിലെ തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാരാണ് രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. മുപ്പതുവയസ്സ് പൂർത്തിയായ ഇന്ത്യൻപൗരർക്ക് രാജ്യസഭയിലേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്.



രാജ്യസഭ ഒരു സ്ഥിരംസഭയാണ്. സഭാംഗങ്ങളുടെ കാലാവധി ആറുവർഷമാണ്. രാജ്യസഭയിലെ മൂന്നിലൊന്ന് അംഗങ്ങൾ ഓരോ രണ്ടുവർഷം കൂടുമ്പോഴും വിരമിക്കുകയും ആ ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുകയും ചെയ്യുന്നു. ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ അധ്യക്ഷൻ. രാജ്യസഭയുടെ പരമാവധി അംഗബലം 250 ആണ്. ഇതിൽ 238 പേരെ തിരഞ്ഞെടുക്കുകയും 12 പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുകയും ചെയ്യുന്നു. ഉപരാഷ്ട്രപതിയെ നീക്കംചെയ്യാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നത് രാജ്യസഭയിൽ നിന്നാണ്. കൂടാതെ പുതിയ അഖിലേന്ത്യാ സർവീസ് സൃഷ്ടിക്കുന്നതിന് പാർലമെന്റിനെ ചുമതലപ്പെടുത്താനുള്ള അധികാരം രാജ്യസഭയിൽ നിക്ഷിപ്തമാണ്.

ലോകസഭയുടെയും രാജ്യസഭയുടെയും സവിശേഷതകൾ മനസ്സിലാക്കിയല്ലോ. താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| ലോകസഭ | രാജ്യസഭ |
|---|---|
| അധോസഭ | ഉപരിസഭ |
| | |
| | |
| | |
| | |

കേരളത്തിൽ എത്ര ലോകസഭാമണ്ഡലങ്ങൾ ഉണ്ട്? അവയുടെ പേരുകൾ കണ്ടെത്തുക.

## നിയമനിർമ്മാണം ഇന്ത്യയിൽ

ഇന്ത്യയിൽ നിയമം നിർമ്മിക്കാനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. നിയമനിർമ്മാണപ്രക്രിയയിൽ ഭരണഘടന അനുശാസിക്കുന്നതും പിന്നീട് രൂപപ്പെട്ടുവന്നതുമായ നിരവധി നടപടിക്രമങ്ങളുണ്ട്. നിയമനിർമ്മാണം കേവലം ഒരു സാങ്കേതികപ്രക്രിയ മാത്രമല്ല, ഒരു രാഷ്ട്രീയ പ്രക്രിയ കൂടിയാണ്. സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ജനാഭിപ്രായങ്ങളോട് സർക്കാരിന്റെ പ്രതികരണമാണ് നിയമങ്ങൾ. രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പുവാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായും ഭരണപ്രക്രിയ കൂടുതൽ സുഗമമാക്കുന്നതിനായും നിയമനിർമ്മാണം നടത്താറുണ്ട്. നിയമനിർമ്മാണത്തിന് മന്ത്രിസഭ അംഗീകാരം നൽകിയാൽ ബന്ധപ്പെട്ട

മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലും നിർദേശങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥരാണ് നിയമത്തിന്റെ കരടുരൂപമായ ബിൽ തയ്യാറാക്കുന്നത്.

ബില്ലുകൾ വിവിധതരമുണ്ട്. മന്ത്രിമാർ അവതരിപ്പിക്കുന്ന ബില്ലാണ് ഗവൺമെന്റ് ബിൽ. മന്ത്രിയല്ലാത്ത പാർലമെന്റ് അംഗം അവതരിപ്പിക്കുന്ന ബില്ലാണ് സ്വകാര്യ ബിൽ. ഇതുകൂടാതെ പൊതുഖജനാവിലേക്കുള്ള ധനസമാഹരണവും ചെലവഴിക്കലും സംബന്ധിച്ച ബില്ലുകളാണ് ധനബില്ലുകൾ. ധനബിൽ ലോകസഭയിലാണ് ആദ്യം അവതരിപ്പിക്കുന്നത്. ധനബില്ലുകളല്ലാത്തവയാണ് ധനേതര ബില്ലുകൾ. ഭരണഘടനാഭേദഗതി ബില്ലുകളും സാധാരണബില്ലുകളുമാണ് ധനേതരബില്ലുകളായി കണക്കാക്കുന്നത്.

ഒരു ബിൽ നിയമമാകുന്നതിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടാം?

**ഒന്നാം വായന** - ധനബിൽ അല്ലാത്ത ഏതൊരു ബില്ലും ഇരുസഭകളിൽ ഏതെങ്കിലുമൊന്നിൽ മന്ത്രിയോ സ്വകാര്യ അംഗമോ അവതരിപ്പിക്കുന്നു.

**രണ്ടാം വായന** – ഈ ഘട്ടത്തിൽ ബിൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയോ സഭയിൽ തന്നെ ചർച്ചചെയ്യുകയോ ചെയ്യുന്നു. കമ്മറ്റിഘട്ടം എന്നും ഇത് അറിയപ്പെടുന്നു. മാറ്റങ്ങളോ ഭേദഗതികളോ ഈ ഘട്ടത്തിൽ സ്വീകരിക്കാം.

**മൂന്നാം വായന** – ബിൽ സഭ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നു.

ബിൽ ആദ്യമവതരിപ്പിച്ച സഭയിൽ നടപടിക്രമങ്ങൾ പൂർത്തിയായാൽ ഇതേ പ്രക്രിയ രണ്ടാമത്തെ സഭയിലും ആവർത്തിക്കപ്പെടുന്നു. ഇരുസഭകളും അംഗീകരിക്കുന്നപക്ഷം ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതോടുകൂടി ബിൽ നിയമമായി മാറുന്നു.

## ഭരണഘടനാ ഭേദഗതി

**61-ാം ഭരണഘടനാഭേദഗതിക്ക് അംഗീകാരം: 18 വയസ്സ് പൂർത്തിയായാൽ ഇനി തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാം.**

**86-ാം ഭരണഘടനാഭേദഗതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം: വിദ്യാഭ്യാസം നമുക്കിനി മൗലികാവകാശം.**

**101-ാം ഭേദഗതി പ്രകാരം ചരക്ക് സേവനനികുതി (GST) നിലവിൽ വന്നു**



മുകളിൽ കൊടുത്തിട്ടുള്ള വാർത്താ തലക്കെട്ടുകൾ ശ്രദ്ധിക്കൂ... ഭരണഘടനാ ഭേദഗതിയുടെ ആവശ്യകത ചർച്ചചെയ്യൂ...

ഭരണഘടനയിൽ തിരുത്തലുകളോ ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നതിനെയാണ് ഭരണഘടനാഭേദഗതിയെന്ന് പറയുന്നത്. സാമൂഹിക-രാഷ്ട്രീയ ആവശ്യങ്ങളെ പരിഗണിച്ച് കാലാനുസൃതമായി ഭരണഘടനയിൽ മാറ്റംവരുത്തുവാൻ ഭേദഗതി പ്രക്രിയ സഹായകമാകുന്നു. ഇന്ത്യയിൽ ഭരണഘടന ഭേദഗതിചെയ്യുന്നതിനുള്ള അധികാരം പാർലമെന്റിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 368 പ്രകാരമാണ് പാർലമെന്റിന് ഭേദഗതിക്കുള്ള അധികാരം ലഭിക്കുന്നത്. ഭേദഗതി ബില്ലിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. ഭരണഘടനാഭേദഗതി ബിൽ നിയമമാകണമെങ്കിൽ ഇരുസഭകളുടെയും അംഗീകാരം അനിവാര്യമാണ്. ഇരുസഭകൾക്കുമിടയിൽ ഭരണഘടനാഭേദഗതി ബില്ലിന്മേലുള്ള തർക്കങ്ങൾ പരിഹരിക്കാനായി സംയുക്തസമ്മേളനം പോലുള്ള നടപടിക്രമം ഇല്ല. ഏതെങ്കിലും ഒരു ഭരണഘടനാ ഭേദഗതിനിയമം ഭരണഘടനയുടെ വാക്കുകൾക്കോ അർഥത്തിനോ വിരുദ്ധമാണെന്ന് കണ്ടാൽ ആ നിയമത്തെ അസാധുവാക്കുവാൻ ജുഡീഷ്യറിക്ക് അധികാരമുണ്ട്.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വിവിധ ഭേദഗതിരീതികൾ പരിചയപ്പെടാം.

## ഭേദഗതി രീതികൾ

### അയവുള്ള ഭേദഗതി

ഇന്ത്യൻ ഭരണഘടനയിലെ ചില വകുപ്പുകൾ പാർലമെന്റിന് കേവല ഭൂരിപക്ഷത്തിലൂടെ സാധാരണ നിയമനിർമ്മാണത്തിന് സമാനമായ നടപടിക്രമങ്ങൾ വഴി ഭേദഗതി ചെയ്യാവുന്നതാണ്. ഉദാഹരണം- സംസ്ഥാനങ്ങളുടെ പേര്, അതിരുകൾ, പൗരത്വം തുടങ്ങിയവ.

### ദൃഢമായ ഭേദഗതി

ചില പ്രധാനപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തുവാൻ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. ഉദാഹരണം - മൗലികാവകാശങ്ങൾ, മാർഗനിർദേശക തത്വങ്ങൾ തുടങ്ങിയവ.

### അതിദൃഢമായ ഭേദഗതി

ചില അതിപ്രധാനമായ വകുപ്പുകൾ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം പകുതിയിൽ കുറയാത്ത സംസ്ഥാനങ്ങളുടെ അംഗീകാരത്തോടുംകൂടി മാത്രമേ ഭേദഗതി ചെയ്യാൻ കഴിയുകയുള്ളൂ. ഉദാഹരണം - കേന്ദ്ര – സംസ്ഥാന അധികാര വിഭജനം, ജനപ്രാതിനിധ്യ നിയമം തുടങ്ങിയവ.

ഇന്ത്യൻ ഭരണഘടനയുടെ മൂന്നുതരം ഭേദഗതികൾ പരിചയപ്പെട്ടുവല്ലോ. അതിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| വിഷയങ്ങൾ | ഭേദഗതി രീതി |
|---|---|
| സംസ്ഥാനങ്ങളുടെ പേരുമാറ്റം | |
| 86-ാം ഭരണഘടനാഭേദഗതി | |
| കൺകറന്റ് ലിസ്റ്റിൽ ഭേദഗതി വരുത്തൽ | |

കാലാനുസൃതമായ മാറ്റങ്ങൾ ഭേദഗതികൾ വഴി ഉൾച്ചേർക്കുന്നതിലൂടെ നമ്മുടെ ഭരണഘടന ഒരു സജീവ ഭരണഘടനയായി പരിണമിക്കുന്നു. പാർലമെന്റിലെ നിയമനിർമ്മാണപ്രക്രിയ നാം പരിചയപ്പെട്ടുവല്ലോ. പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ നടപ്പിൽവരുത്തുക എന്ന കർത്തവ്യം നിർവഹിക്കുന്നത് കാര്യനിർവഹണ വിഭാഗമാണ്.

## കാര്യനിർവഹണ വിഭാഗം (Executive)

നിയമങ്ങളുടെയും നയങ്ങളുടെയും നടപ്പിലാക്കൽ, ഭരണനിർവഹണം എന്നീ ചുമതലകൾ നിർവഹിക്കുന്ന ഗവൺമെന്റിന്റെ വിഭാഗമാണ് കാര്യനിർവഹണ വിഭാഗം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തലവനായ മന്ത്രിസഭ എന്നിവ ഉൾപ്പെടുന്നതാണ് കാര്യനിർവഹണവിഭാഗം. ഇന്ത്യൻ ഭരണഘടന പ്രകാരം കാര്യനിർവഹണവിഭാഗത്തിന്റെ അധികാരങ്ങൾ രാഷ്ട്രപതിയിലാണ് നിക്ഷിപ്തമായിരിക്കുന്നതെങ്കിലും അത് നിർവഹിക്കപ്പെടുന്നത് പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലൂടെയാണ്.

**കാര്യനിർവഹണവിഭാഗം**

- **രാഷ്ട്രീയ എക്സിക്യൂട്ടീവ് :** രാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിമാർ.
  - **നാമമാത്ര എക്സിക്യൂട്ടീവ്:** രാഷ്ട്രപതി
  - **യഥാർഥ എക്സിക്യൂട്ടീവ് :** പ്രധാനമന്ത്രിയും മന്ത്രിസഭയും
- **സ്ഥിരം എക്സിക്യൂട്ടീവ് :** ഉദ്യോഗസ്ഥവൃന്ദം - അഖിലേന്ത്യാ സർവീസ്, കേന്ദ്ര സർവീസ്, സംസ്ഥാനസർവീസ്.

മുകളിൽ നൽകിയിട്ടുള്ള ഫ്ലോ ചാർട്ട് ശ്രദ്ധിച്ചല്ലോ. ഇവയോരോന്നും നമുക്ക് പരിചയപ്പെടാം.

## രാഷ്ട്രീയ കാര്യനിർവഹണ വിഭാഗം (Political Executive)



ഡോ. രാജേന്ദ്രപ്രസാദ്
(ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി)

രാഷ്ട്രപതി, ഉപരാഷ്ട്രപതി, സർക്കാരിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരടങ്ങുന്നതാണ് രാഷ്ട്രീയ കാര്യനിർവഹണവിഭാഗം. ഭരണഘടനാപരമായി രാഷ്ട്രപതിയാണ് കാര്യനിർവഹണവിഭാഗത്തിന്റെ തലവൻ. എന്നാൽ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയും നൽകുന്ന ഉപദേശങ്ങൾ അനുസരിച്ചുവേണം രാഷ്ട്രപതി പ്രവർത്തിക്കേണ്ടത്. അതേസമയം രാഷ്ട്രപതിക്ക് സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന സാഹചര്യങ്ങളുമുണ്ട്.

## രാഷ്ട്രപതി (President)

ഇന്ത്യയിലെ കാര്യനിർവഹണവിഭാഗത്തിന്റെ തലവനാണ് രാഷ്ട്രപതി. മുപ്പത്തിയഞ്ചുവയസ്സ് പൂർത്തിയായ ഇന്ത്യൻ പൗരർക്ക് രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്. പാർലമെന്റിന്റെ ഇരുസഭകളിലെയും സംസ്ഥാന നിയമനിർമ്മാണ സഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇലക്ടറൽകോളേജാണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. അഞ്ചുവർഷമാണ് രാഷ്ട്രപതിയുടെ ഔദ്യോഗികകാലാവധി. പാർലമെന്റ് വിളിച്ചുചേർക്കുക, ലോകസഭ പിരിച്ചുവിടുക, പ്രധാനമന്ത്രിയെയും മന്ത്രിസഭയെയും നിയമിക്കുക, സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരെ നിയമിക്കുക, സംസ്ഥാന ഗവർണ്ണർമാരെ നിയമിക്കുക, അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുക, പ്രതിരോധസേനകളുടെ സർവസൈന്യാധിപനായി പ്രവർത്തിക്കുക തുടങ്ങിയവയാണ് രാഷ്ട്രപതിയുടെ ചുമതലകൾ. രാഷ്ട്രപതി രാജി സമർപ്പിക്കുന്നത് ഉപരാഷ്ട്രപതിയ്ക്കാണ്. രാഷ്ട്രപതിയുടെ അഭാവത്തിൽ ഉപരാഷ്ട്രപതിയാണ് ഈ ചുമതലകൾ നിർവഹിക്കുന്നത്.

## പ്രധാനമന്ത്രി (Prime Minister)

രാജ്യത്തെ ഭരണത്തലവനായ പ്രധാനമന്ത്രി ലോകസഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെയും മുന്നണിയുടെയും, രാജ്യത്തിന്റെയും നേതാവാണ്. മന്ത്രിസഭ രൂപീകരിക്കുന്നതും മന്ത്രിസഭയിലെയും ക്യാബിനറ്റിലെയും അംഗങ്ങളെ നിശ്ചയിക്കുന്നതും പ്രധാനമന്ത്രിയാണ്. മന്ത്രിമാരുടെ വകുപ്പുകളിൽ മാറ്റംവരുത്തുവാനും ക്യാബിനറ്റിലേക്കും മന്ത്രിസഭയിലേക്കും അംഗങ്ങളെ ഉൾപ്പെടുത്തുവാനും ഒഴിവാക്കുവാനുമുള്ള അധികാരം പ്രധാനമന്ത്രിക്കുണ്ട്. രാഷ്ട്രപതിയെയും മന്ത്രിസഭയെയും പാർലമെന്റിനെയും

പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രധാനമന്ത്രി പ്രവർത്തിക്കുന്നു. അഞ്ചുവർഷക്കാലാവധിക്കു മുമ്പായി ലോക്സഭയിലെ ഭൂരിപക്ഷം നഷ്ടമായാൽ പ്രധാനമന്ത്രി രാഷ്ട്രപതിക്ക് രാജി സമർപ്പിച്ച് പദവി ഒഴിയേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവയ്ക്ക് നേരെ (✓) തെറ്റായവയ്ക്കുനേരെ (✗) ചെയ്യുക.

- കാര്യനിർവഹണവിഭാഗത്തിന്റെ തലവൻ പ്രധാനമന്ത്രിയാണ്. ☐
- രാഷ്ട്രപതിക്ക് വിവേചനാധികാരമുണ്ട്. ☐
- മന്ത്രിസഭയുടെ തലവൻ പ്രധാനമന്ത്രിയാണ്. ☐
- പ്രതിരോധസേനകളുടെ സർവസൈന്യാധിപൻ പ്രധാനമന്ത്രിയാണ്. ☐
- ഗവർണർമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ☐
- രാഷ്ട്രപതി രാജി സമർപ്പിക്കുന്നത് പ്രധാനമന്ത്രിക്കാണ്. ☐
- ഗവർണറാണ് പ്രധാനമന്ത്രിയെ നിയമിക്കുന്നത്. ☐

രാഷ്ട്രപതിയെ ഭരണനിർവഹണത്തിൽ സഹായിക്കുന്ന സമിതിയാണ് മന്ത്രിസഭ. ഇതിന്റെ തലവൻ പ്രധാനമന്ത്രിയാണ്. മന്ത്രിസഭയുടെ പ്രധാന ചുമതലകൾ പരിശോധിക്കാം.

## മന്ത്രിസഭയുടെ ചുമതലകൾ



## സ്ഥിരകാര്യനിർവഹണ വിഭാഗം (Permanent Executive)

ഗവൺമെന്റിന്റെ ദൈനംദിനപ്രവർത്തനങ്ങൾ നിറവേറ്റുന്നതും, ബജറ്റ് ഉൾപ്പെടെയുള്ള ബില്ലുകൾ രൂപീകരിക്കുന്നതിൽ രാഷ്ട്രീയകാര്യനിർവഹണ വിഭാഗത്തെ സഹായിക്കുന്നതും ബ്യൂറോക്രസി (Bureaucracy) എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദമാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സരപരീക്ഷകളിലൂടെ തിരഞ്ഞെടുക്കപ്പെടുകയും പരിശീലനം ലഭിക്കുകയും ചെയ്യുന്ന വൈദഗ്ധ്യമുള്ളവരും നിപുണരുമായ വിഭാഗമാണിവർ. നിശ്ചിത റിട്ടയർമെന്റ് പ്രായംവരെ കാലാവധി ഉള്ളവരാകയാലാണ് ഇവരെ 'സ്ഥിരകാര്യനിർവഹണ വിഭാഗം' എന്ന് വിളിക്കുന്നത്.

## നീതിന്യായ വിഭാഗം (Judiciary)





മുകളിൽ പറഞ്ഞിരിക്കുന്ന നിയമനിർമ്മാണ കാര്യനിർവഹണവിഭാഗങ്ങൾ ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന സംവിധാനമാണ് നീതിന്യായവിഭാഗം. പൗരരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കുന്നു. അതുകൊണ്ട് നീതിന്യായവിഭാഗം ഭരണഘടനയുടെ 'കാവലാൾ' എന്ന് അറിയപ്പെടുന്നു. കാര്യക്ഷമമായ ജനാധിപത്യവ്യവസ്ഥയ്ക്ക് സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ സംവിധാനം അനിവാര്യമാണ്.




"നോക്കൂ അമ്മൂ.... സുപ്രീംകോടതിയുടെ നേതൃത്വത്തിൽ ഒരു ഏക സംയോജിത ജുഡീഷ്യൽ സംവിധാനമാണ് ഇന്ത്യയിലുള്ളത്. പിരമിഡിന്റെ രൂപത്തിൽ ക്രമീകരിച്ചിരിക്കുന്ന നമ്മുടെ ജുഡീഷ്യൽ വ്യവസ്ഥയിൽ മുകളിലേക്ക് പോകുംതോറും കോടതികളുടെ എണ്ണം കുറയുകയും അധികാരങ്ങൾ കൂടുകയും ചെയ്യുന്നു. താഴേക്ക് വരുംതോറും കോടതികളുടെ എണ്ണം കൂടുകയും അധികാരങ്ങൾ കുറയുകയും ചെയ്യുന്നു."



## സുപ്രീംകോടതി (Supreme Court)

നമ്മുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി നിലവിൽ വന്നത് 1950 ജനുവരി 28നാണ്. ന്യൂഡൽഹിയാണ് ആസ്ഥാനം. സുപ്രീംകോടതി ജഡ്ജിമാരുടെ ഔദ്യോഗിക കാലാവധി അറുപത്തിയഞ്ച് വയസ്സാണ്. ജഡ്ജിമാരെ കാലാവധിക്ക് മുമ്പായി നീക്കംചെയ്യുന്നതിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ചീഫ് ജസ്റ്റിസും മറ്റ് ജഡ്ജിമാരും സത്യപ്രതിജ്ഞ ചെയ്യുന്നതും രാജി സമർപ്പിക്കുന്നതും രാഷ്ട്രപതി മുമ്പാകെയാണ്. വിവിധതരത്തിലുള്ള നിയമതർക്കങ്ങൾക്ക് പരിഹാരം നൽകുന്നതോടൊപ്പം സുപ്രീംകോടതി ഭരണഘടനയുടെ പരമോന്നത വ്യാഖ്യാതാവായും മൗലികാവകാശങ്ങളുടെ സംരക്ഷകരായും നിലകൊള്ളുന്നു.

## സുപ്രീംകോടതിയുടെ അധികാരങ്ങൾ

- **ഉത്ഭവാധികാരം** : സുപ്രീംകോടതിക്ക് മാത്രം പരിഹരിക്കാൻ കഴിയുന്ന ചില വിഷയങ്ങളാണ് ഉത്ഭവാധികാരങ്ങളുടെ പരിധിയിൽ വരുന്നത്. ഉദാഹരണം - കേന്ദ്ര-സംസ്ഥാന തർക്കങ്ങൾ.

- **അപ്പീൽ പരിഗണിക്കാനുള്ള അധികാരം** : സുപ്രീംകോടതി ഏറ്റവും ഉയർന്ന അപ്പീൽകോടതിയാണ്. അതുകൊണ്ടുതന്നെ രാജ്യത്തെ ഏതൊരു കീഴ്ക്കോടതിയുടെയും വിധിയിന്മേൽ വരുന്ന അപ്പീലുകൾ സ്വീകരിക്കാനുള്ള അധികാരം സുപ്രീംകോടതിക്കുണ്ട്.

- **ഉപദേശക അധികാരം** : രാഷ്ട്രപതി ആവശ്യപ്പെടുന്ന ഏതൊരു വിഷയത്തെ സംബന്ധിച്ചും നിയമോപദേശം നൽകുവാൻ സുപ്രീംകോടതിക്ക് ഭരണഘടനാപരമായ ബാധ്യതയുണ്ട്.

- **റിട്ട് അധികാരം** : മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ അവയുടെ സംരക്ഷണാർഥം റിട്ടുകളുടെ രൂപത്തിൽ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കാൻ സുപ്രീംകോടതിക്ക് അധികാരമുണ്ട്.

- **പുനരവലോകന അധികാരം** : ഭരണഘടനയുടെ സംരക്ഷകർ എന്ന ചുമതല നിർവഹിക്കുന്നതിൽ നീതിന്യായ വിഭാഗത്തിന് ഏറ്റവും കരുത്തായി നിൽക്കുന്നത് അതിന്റെ 'നീതിന്യായ പുനരവലോകന' അധികാരമാണ്.

### നീതിന്യായ പുനരവലോകനം (Judicial Review)

പാർലമെന്റ് പാസാക്കുന്ന നിയമങ്ങളുടെയും കാര്യനിർവഹണ വിഭാഗം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും ഭരണഘടനാസാധുത പരിശോധിക്കുവാനും അവ ഭരണഘടനയുടെ വാക്കുകൾക്കോ അർഥത്തിനോ വിരുദ്ധമാണെന്ന് ബോധ്യമായാൽ അവയെ ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിക്കുവാനുമുള്ള സുപ്രീംകോടതിയുടെ പ്രത്യേക അധികാരമാണ് നീതിന്യായ പുനരവലോകന അധികാരം.

## പരസ്പരനിയന്ത്രണവും അധികാരസന്തുലനവും (Checks and Balances)

ഭരണഘടനാപരമായി ഗവൺമെന്റിന്റെ അധികാരങ്ങൾ, നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ മൂന്ന് വിഭാഗങ്ങൾക്കായി വിഭജിച്ച് നൽകിയിരിക്കുന്നു. എന്നിരുന്നാലും ഇവയ്ക്കിടയിൽ യുക്തിസഹമായ ഒരു

പരസ്പരനിയന്ത്രണവും ഏകോപനവും അധികാരപ്രയോഗത്തിലെ സന്തുലനവും സാധ്യമാക്കുവാൻ നമ്മുടെ ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്.

ചുവടെ കൊടുത്തിരിക്കുന്ന ഡയഗ്രം നിരീക്ഷിക്കുക.

ബജറ്റ് പരിഗണിക്കൽ, ചോദ്യോത്തരവേള തുടങ്ങിയ മാർഗങ്ങളിലൂടെ എക്സിക്യൂട്ടീവിനെയും ഇംപീച്ച്മെന്റ് പോലുള്ളവയിലൂടെ ജുഡിഷ്യറിയിയെയും നിയന്ത്രിക്കുവാൻ പാർലമെന്റിന് കഴിയും.

ബില്ലുകൾക്ക് അംഗീകാരം നൽകൽ, ദയാഹർജി പരിഗണിക്കൽ, ജഡ്ജിമാരുടെ നിയമനം, സ്ഥലം മാറ്റം പോലുള്ളവയിലൂടെ എക്സിക്യൂട്ടീവിന് പാർലമെന്റിനെയും ജുഡീഷ്യറിയെയും ക്രിയാത്മകമായി നിയന്ത്രിക്കാവുന്നതാണ്.

നീതിന്യായപുനരവലോകന അധികാരത്തിലൂടെ ജുഡീഷ്യറിക്ക് പാർലമെന്റിനെയും എക്സിക്യൂട്ടീവിനെയും നിയന്ത്രിക്കുവാൻ സാധിക്കും.

ഇന്ത്യൻഭരണഘടന ജനാധിപത്യമെന്ന ഭരണസംവിധാനത്തെയും മൂല്യത്തെയും അതിന്റെ രാഷ്ട്രസങ്കല്പങ്ങളിൽ ഉറപ്പിക്കുന്നു. അധികാരകേന്ദ്രീകരണം ഒഴിവാക്കുന്നതിനും സ്വേച്ഛാധിപത്യ പ്രവണതകൾ തടയുന്നതിനും ജനാധിപത്യം പരിപാലിക്കുന്നതിനും വേണ്ടിയാണ് ഗവൺമെന്റിന്റെ അധികാരം മൂന്ന് ശാഖകൾക്കിടയിൽ വിഭജിച്ച് നൽകിയിരിക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ ആശയങ്ങളും അഭിലാഷങ്ങളും ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളും ദർശനങ്ങളും വ്യവസ്ഥാപിതമാക്കാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റിന്റെ ശാഖകളിലൂടെ നമ്മുടെ രാഷ്ട്രം നടപ്പിലാക്കി വരുന്നത്.

## തുടർപ്രവർത്തനങ്ങൾ

- 'ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
- ഭരണഘടനയുടെ അധികാരപ്പട്ടികയിൽപ്പെടുന്ന മൂന്നു ലിസ്റ്റുകളിൽ നിലവിൽ എത്ര വിഷയങ്ങൾ വീതമുണ്ടെന്ന് ലൈബ്രറിയുടെ സഹായത്തോടെ കണ്ടെത്തുക.
- നിയമനിർമ്മാണപ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുന്ന രീതിയിൽ ഒരു 'മാതൃകാ പാർലമെന്റ്' ക്ലാസിൽ സംഘടിപ്പിക്കുക.
- സുപ്രീംകോടതിയുടെ അധികാരങ്ങൾ സംബന്ധിച്ച് നിയമവിദഗ്ധനുമായി ഒരു അഭിമുഖം സംഘടിപ്പിക്കുക.

# 5 ഇന്ത്യയിലെ ജനസംഖ്യാപ്രവണതകൾ



ഇന്ത്യയിലെ അമിതജനസംഖ്യ : ജനസംഖ്യയും ഭക്ഷ്യോൽപാദന ശേഷിയും നേർക്കുനേർ

ഇന്ത്യയിലെ കുതിച്ചുയരുന്ന ജനസംഖ്യ വർധിച്ചുവരുന്ന ദാരിദ്ര്യവും പോഷകാഹാരക്കുറവും അഭിമുഖീകരിക്കുന്നു

ഏറ്റവും ജനസംഖ്യയുള്ള രാജ്യം : ഇന്ത്യ സന്തോഷിക്കുമോ? പരിഭ്രമിക്കുമോ?

ഇന്ത്യയിലെ ജനസംഖ്യ : തൊഴിൽ പ്രതിസന്ധി ദശലക്ഷക്കണക്കിന് ആളുകളെ വലിയ നഗരങ്ങളിലേക്ക് നയിക്കുന്നു

ജനസംഖ്യാവർധനവ് ആരോഗ്യമേഖലയിലും ജീവിതഗുണനിലവാരത്തിലും ദൂരവ്യാപകമായ പ്രതിസന്ധി സൃഷ്ടിക്കുന്നു.

ഇന്ത്യയിലെ ജനസംഖ്യ : കുഴയ്ക്കുന്ന ഒരു പ്രശ്നം

വാർത്താതലക്കെട്ട് വായിച്ചുവല്ലോ. ഇന്ത്യയുടെ ജനസംഖ്യാവളർച്ചയെക്കുറിച്ചാണ് ഇവ സൂചിപ്പിക്കുന്നത്. ജനസംഖ്യ വർധിക്കുമ്പോൾ എന്തൊക്കെ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്?

- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- പട്ടിണി
- 

ഒരു പ്രദേശത്ത് നിശ്ചിതകാലയളവിൽ അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ പ്രദേശത്തെ ജനസംഖ്യ. ജനങ്ങളുടെ എണ്ണം വർധിക്കുമ്പോൾ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയെ എങ്ങനെ ബാധിക്കുന്നുവെന്ന് വാർത്താതലക്കെട്ടുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിലായാൽ നമ്മുടെ രാജ്യത്തിന് സുസ്ഥിര വികസനം നേടാൻ സാധിക്കുമോ? ഭൂമിയിലെ ലഭ്യമായ വിഭവങ്ങൾക്കാനുപാതികമായി ജനസംഖ്യയെ നിയന്ത്രിക്കേണ്ടതല്ലേ?

2023-ലെ യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് (UNFPA) റിപ്പോർട്ട് പ്രകാരം ലോകജനസംഖ്യ 804.5 കോടിയും ഇന്ത്യയിലെ ജനസംഖ്യ 142.86 കോടിയുമാണ്.

### യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് (UNFPA)

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഒരു അന്താരാഷ്ട്ര ഏജൻസിയാണ് യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്. എല്ലാ വ്യക്തികൾക്കും മികച്ച രീതിയിലുള്ള പ്രത്യുൽപാദന ആരോഗ്യസംവിധാനങ്ങൾ, സ്വമേധയാലുള്ള കുടുംബാസൂത്രണം, മാതൃആരോഗ്യപരിപാലനം, വയോജന പരിപാലനം, സമഗ്ര ലൈംഗികവിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുകയും അതുവഴി ജനസംഖ്യയുടെ വികസനം സാധ്യമാകുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ സാമൂഹികവികസനസൂചിക നിർണ്ണയിക്കുന്നത് അവിടത്തെ ജനസംഖ്യാവിവരങ്ങൾ (ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, പ്രായഘടന മുതലായവ) കണക്കിലെടുത്താണ്. അതിനായി ജനസംഖ്യയുടെ വ്യത്യസ്തപ്രവണതകളെയും ജനസംഖ്യാഘടനയെയും കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്.

ജനന-മരണനിരക്കുകൾ, കുടിയേറ്റം, ജനസാന്ദ്രത തുടങ്ങി ജനസംഖ്യാഘടനയെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയെ ജനസംഖ്യാശാസ്ത്രം (Demography) എന്നുപറയുന്നു.

ഒരു പ്രദേശത്തിന്റെ വൈവിധ്യമാർന്ന മാനുഷികവിഭവങ്ങളെയും അതിന്റെ ഘടനാപരമായ മാറ്റങ്ങളെയും ജനസംഖ്യാശാസ്ത്രം വിശകലനംചെയ്യുന്നു. ഈ മാനുഷികവിഭവങ്ങൾ ഒരു സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താമെന്നുള്ള വിശദമായ പഠനരീതിയാണ് ജനസംഖ്യാശാസ്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നത്.

ചിട്ടയായ ജനസഖ്യാപഠനമാണ് ജനസംഖ്യാശാസ്ത്രം (Demography). ഈ പദം ഗ്രീക്ക് പദങ്ങളായ Demos (ജനങ്ങൾ) Graphein (വിശദീകരിക്കുക) എന്നിവ ചേർന്നുണ്ടായതാണ്.

ജനങ്ങളെക്കുറിച്ചുള്ള വിവരണത്തെയാണിത് സൂചിപ്പിക്കുന്നത്. ജന സംഖ്യയുമായി ബന്ധപ്പെട്ട പ്രവണതകളെയും പ്രക്രിയകളെയും കുറിച്ച് ഇത് പഠിക്കുന്നു.

ജനസംഖ്യയുടെ വലുപ്പത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് ജനനം, മരണം, കുടിയേറ്റം തുടങ്ങിയവ. ഒരു പ്രദേശത്തെ ജനസംഖ്യാവലുപ്പ ത്തിന് (size of population) മാറ്റമുണ്ടാകുന്നത് ഇവയുടെ അളവിനനുസ രിച്ചാണ്. ഒരു പ്രദേശത്തെ ജനസംഖ്യയുടെ ഘടനയെയും ക്രമീകരണ ത്തെയും (structure and composition of population) മനസ്സിലാക്കുന്നത് അവിടെയുള്ളവരുടെ പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനു പാതം തുടങ്ങിയവ കണക്കിലെടുത്താണ്.

ഒരു പ്രദേശത്തു താമസിക്കുന്ന ജനങ്ങളുടെ ചിട്ടയായ ദത്തശേഖര ണത്തിലൂന്നിയുള്ള സർവെ, സെൻസസ് തുടങ്ങിയവ അടിസ്ഥാനമാ ക്കിയാണ് എല്ലാ ജനസംഖ്യാപഠനങ്ങളും നടത്തുന്നത്. ജനസംഖ്യാ ശാസ്ത്രത്തിന്റെ സങ്കല്പനങ്ങൾ മിക്കതും അനുപാതത്തിന്റെയും നിരക്കു കളുടെയും രൂപത്തിലാണ് സൂചിപ്പിക്കുന്നത് - ഉദാഹരണമായി ജനന നിരക്ക്, മരണനിരക്ക്, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനുപാതം മുതലായവ.

ജനസംഖ്യാശാസ്ത്രത്തിന്റെ രണ്ടുശാഖകളാണ് സാമൂഹിക ജനസംഖ്യാ ശാസ്ത്രവും ഔപചാരിക ജനസംഖ്യാശാസ്ത്രവും.

സാമൂഹിക ജനസംഖ്യാശാസ്ത്രം (Social Demography) ജനസംഖ്യ യുടെ ഘടനയും അവയുടെ മാറ്റത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും അന്വേഷി ക്കുന്നു. ഒരു പ്രദേശത്തെ സാമൂ ഹിക-സാമ്പത്തിക-രാഷ്ട്രീയ രീതി കൾക്കു പ്രാധാന്യം നൽകുന്നു.

ഔപചാരിക ജനസംഖ്യാശാസ്ത്ര ത്തിൽ (Formal Demography) ജന സംഖ്യാമാറ്റത്തിന്റെ ഘടകങ്ങളെ അള ക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ഔപചാരിക ജനസംഖ്യാ ശാസ്ത്രപഠനത്തിന് ഉദാഹരണമാണ് ജനസംഖ്യാകണക്കെടുപ്പ് (Census). ഇത് രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, സാമൂഹിക-സാമ്പത്തികാവസ്ഥ തുട ങ്ങിയ ദത്തങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നു.

ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയാണ്. ലോകത്തിലെ ഏറ്റവും വലിയ സെൻസസ് ഇന്ത്യയുടേതാണ്. സാധാ രണയായി പത്തുവർഷത്തിൽ ഒരിക്കലാണ് ഇന്ത്യയിൽ സെൻസസ് നടത്തുന്നത്.



- ഇന്ത്യയിൽ സെൻസസ് ആരംഭിച്ചത് എപ്പോഴാണ്?
- ഇന്ത്യയിൽ അവസാനത്തെ സെൻസസ് നടന്നത് എപ്പോഴാണ്?

## ഇന്ത്യയുടെ ജനസംഖ്യാവളർച്ച

| വർഷം | ആകെ ജനസംഖ്യ (ദശലക്ഷത്തിൽ) |
|---|---|
| 1901 | 238 |
| 1911 | 252 |
| 1921 | 251 |
| 1931 | 279 |
| 1941 | 319 |
| 1951 | 361 |
| 1961 | 439 |
| 1971 | 548 |
| 1981 | 683 |
| 1991 | 846 |
| 2001 | 1028 |
| 2011 | 1210 |




നൽകിയിട്ടുള്ള പട്ടികയും ഗ്രാഫും നിരീക്ഷിച്ച് ഇന്ത്യയിലെ ജനസംഖ്യാവളർച്ചയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

Source: Census of India 2011 (Provisional).
website: http//censusindia.gov.in

## ജനസംഖ്യാശാസ്ത്രത്തിന്റെ സാമൂഹികപ്രാധാന്യം

വൈവിധ്യമാർന്ന ജനസംഖ്യയെക്കുറിച്ചാണ് ജനസംഖ്യാശാസ്ത്രം പഠനവിധേയമാക്കുന്നത്. ജനസംഖ്യയുടെ ചലനാത്മകതയെയും വികസനത്തെയും കുറിച്ച് പഠിക്കുന്നു. ജനസംഖ്യയുടെ വിശകലനം സാധ്യമാകുന്നത് അത് സാമൂഹിക സാഹചര്യങ്ങളുമായി ഇഴചേർന്ന് നിൽക്കുമ്പോഴാണ്. സാമൂഹിക ജനസംഖ്യാശാസ്ത്രം ജനസംഖ്യാഘടനയും മാറ്റവും സംബന്ധിച്ചുള്ള അന്വേഷണവും അത് എങ്ങനെ സമൂഹശാസ്ത്രപരമായ ഘടകങ്ങളുമായി (പ്രദേശം, മതം, ജാതി, ജെൻഡർ മുതലായവ) ഇടപെടുന്നു എന്നതാണ് കൈകാര്യം ചെയ്യുന്നത്. ഒരു പ്രദേശത്തെ ജനസംഖ്യാഘടകങ്ങൾ ആ പ്രദേശത്തെ വിവിധ സാമൂഹികഘടകങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സാമൂഹിക ജനസംഖ്യാശാസ്ത്രം വിശകലനം ചെയ്യുന്നു. ഇത്തരത്തിൽ ജനസംഖ്യാശാസ്ത്രപഠനം ഒരു സാമൂഹീകരണ പ്രക്രിയയാണ്.

**സാമൂഹികഘടകങ്ങൾ :**

- സംസ്കാരം
- വഴക്കങ്ങൾ
- മതം
- സാമൂഹികനിയന്ത്രണം
- സാമ്പത്തികം
- സമുദായം മുതലായവ

**ജനസംഖ്യാഘടകങ്ങൾ :**

- ജനസംഖ്യാവലുപ്പം
- പ്രായവും ലിംഗപദവിയും
- ജനസംഖ്യാമാറ്റം
- ആഭ്യന്തരകുടിയേറ്റം
- രാജ്യാന്തരകുടിയേറ്റം
- രോഗാതുരത മുതലായവ

ഇന്ത്യയിൽ ജനസംഖ്യാപഠനം നടത്തുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO), നീതി ആയോഗ് (National Institution for Transforming India), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസ് (NIPS) നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS) തുടങ്ങിയവ.

ജനസംഖ്യാശാസ്ത്രത്തിന്റെ വ്യത്യസ്ത സൂചകങ്ങളെ പരിചയപ്പെടാം.




## കുടിയേറ്റം

ഈ കവിത ശ്രദ്ധിക്കൂ.

“ജനിച്ചനാടുവിട്ടകലെയാസ്സാമിൽ
പണിക്കുപോകുന്ന പരിഷകൾ നമ്മൾ
കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
തിരയടിക്കും താഴ്‌വാരവും പാടവും”

ആസ്സാം പണിക്കാർ (വൈലോപ്പിള്ളി ശ്രീധരമേനോൻ)

രണ്ടാം ലോകയുദ്ധകാലത്ത് കേരളത്തിൽനിന്നും ആസ്സാമിലേക്ക് തൊഴിലന്വേഷിച്ചു പോയ ആളുകളെക്കുറിച്ചാണ് വൈലോപ്പിള്ളി തന്റെ കവിതയിൽ പരാമർശിക്കുന്നത്.

1941 കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾ തൊഴിൽതേടി ആസ്സാമിലേക്ക് പോയിരുന്നു എന്ന് മനസിലാക്കിയല്ലോ? നിലവിൽ ആസ്സാമിൽനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും ജനങ്ങൾ കേരളത്തിലേക്കാണ് വരുന്നത്.

## മറുനാടൻ തൊഴിലാളികളെ 'അതിഥിത്തൊഴിലാളികൾ' എന്നു വിളിച്ചു കേരളം, കൈയടിച്ചു ലോകം

കേരളത്തിൽ ഒരു പുതിയ വാക്ക് ഉപയോഗിച്ചാണ് കുടിയേറ്റത്തൊഴിലാളികളെ പരമാർശിക്കുന്നത് 'അതിഥി തൊഴിലാളികൾ'.

നല്കിയിട്ടുള്ള പത്രവാർത്ത ശ്രദ്ധിച്ചുവല്ലോ? അതിഥിത്തൊഴിലാളികൾ എന്ന പ്രയോഗം നിങ്ങൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ?

അതിഥിത്തൊഴിലാളികൾ ഇന്ന് കേരളീയ സമൂഹത്തിന്റെ ഭാഗമായി മാറി. നഗര-ഗ്രാമഭേദമന്യേ ഏത് മേഖലയിലും ഇന്ന് അതിഥിത്തൊഴിലാളികളുണ്ട്. അവർ ഒരു ദേശത്ത് നിന്നും മറ്റൊരു ദേശത്തേക്ക് തൊഴിൽതേടി പോകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാവാം?

കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കുമല്ലോ.

- മെച്ചപ്പെട്ട വരുമാനം
- ഉയർന്ന സാമൂഹികപദവി
- 
- 

### കേരളത്തിലെ കുടിയേറ്റചരിത്രം

മലയാളം സംസാരിക്കുന്ന ജനത കൂട്ടായ ഒരു ദേശീയബോധം, ഭാഷ, ഭൂമിശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളീയർ എന്ന ഒറ്റ സ്വത്വമാകുന്നതിനു മുമ്പുതന്നെ ഇവിടെ നിന്ന് കുടിയേറ്റങ്ങളും പ്രവാസങ്ങളും ലക്ഷ്യമാക്കിയുള്ള പല രീതിയിലുള്ള യാത്രകൾ സംഭവിച്ചിരുന്നു. കേരളത്തിൽനിന്ന് ബ്രിട്ടീഷ് കോളനിയിലേക്ക് കേരളീയരെ നിർബന്ധപൂർവം അടിമത്തൊഴിലാളികളായി ഉപയോഗിച്ചിരുന്നു. മധ്യകേരളത്തിൽ നിന്നും തെക്കൻകേരളത്തിൽനിന്നും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലബാർപ്രദേശങ്ങളിലേക്ക് ഒറ്റപ്പെട്ടതും സംഘടിതവുമായ കുടിയേറ്റങ്ങൾ നടന്നിരുന്നു. ഇക്കാലയളവിൽ തന്നെ മലയാളികൾ ഇന്ത്യയിലെ വൻനഗരങ്ങളായ മുംബൈ (ബോംബെ), ചെന്നൈ (മദ്രാസ്), കൊൽക്കത്ത (കൽക്കട്ട), ഡൽഹി തുടങ്ങിയ ഇടങ്ങളിലേക്ക് ജോലി അന്വേഷിച്ച് വ്യാപകമായി പോയതും ജനസംഖ്യാടിസ്ഥാനമാക്കിയ ചലനാത്മകതയ്ക്ക് ഉദാഹരണമാണ്. ഇതിന് ശേഷമാണ് ഗൾഫ് പ്രദേശങ്ങളിലേക്കുള്ള വ്യാപകകുടിയേറ്റം കേരളത്തിൽ നിന്നുണ്ടാകുന്നത്. ലോകത്തിലെ വികസനകാര്യങ്ങളിൽ മുന്നാക്കം നിൽക്കുന്ന വിദേശ രാജ്യങ്ങളിലേക്കും മലയാളികൾ ജോലിക്കും സ്ഥിരതാമസത്തിനുമായി എത്തിയിട്ടുണ്ട്. വിദ്യാഭ്യാസവും അനുബന്ധതൊഴിലും തേടിയുള്ള കുടിയേറ്റങ്ങളാണ് കേരളത്തിൽ നിന്ന് കൂടുതലും ഉണ്ടാകുന്നത്. കാനഡ, യു.കെ, യു.എസ്.എ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് നിലവിൽ ധാരാളം പേർ കുടിയേറുന്നത്.

മുകളിൽ നൽകിയിട്ടുള്ള കാരണങ്ങളിൽ നിന്നും കുടിയേറ്റം എന്താണെന്ന് മനസിലാക്കാം.

ഒരുപ്രദേശത്ത് നിന്ന് മറ്റൊരുപ്രദേശത്തേക്ക് സ്ഥിരമായോ താൽക്കാലികമായോ ജനങ്ങൾ മാറിത്താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്ന് പറയുന്നത്. പ്രധാനമായും രണ്ടുതരത്തിലുള്ള കുടിയേറ്റങ്ങളാണുള്ളത്.

### ആഭ്യന്തരകുടിയേറ്റം

രാജ്യാതിർത്തിക്കുള്ളിലുള്ള കുടിയേറ്റങ്ങളെ ആഭ്യന്തരകുടിയേറ്റങ്ങൾ എന്നു പറയുന്നു. കേരളത്തിലെ ജനങ്ങൾ തൊഴിൽതേടി മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നും ജനങ്ങൾ കേരളത്തിലേക്ക് വരുന്നതും ആഭ്യന്തര കുടിയേറ്റത്തിന് ഉദാഹരണമാണ്.

### രാജ്യാന്തരകുടിയേറ്റം

രാജ്യത്തിന്റെ അതിർത്തി കടന്നുള്ള കുടിയേറ്റങ്ങളെ പൊതുവെ രാജ്യാന്തരകുടിയേറ്റം എന്ന്പറയുന്നു. ഇന്ത്യയിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും ജനങ്ങൾ പോകുന്നത് രാജ്യാന്തരകുടിയേറ്റത്തിന് ഉദാഹരണമാണ്.

കുടിയേറ്റം ഒരു പ്രദേശത്തിന്റെ ജനസംഖ്യാഘടനയിൽ മാറ്റമുണ്ടാക്കുന്നു.

വിവിധതരം കുടിയേറ്റങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അവ ഏതൊക്കെ കുടിയേറ്റങ്ങളാണ് എന്ന് തിരിച്ചറിഞ്ഞ് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൂ.

- വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ
- കേരളത്തിലെ നിർമ്മാണമേഖലയിൽ ജോലിചെയ്യുന്ന ഉത്തരേന്ത്യൻ തൊഴിലാളികൾ
- പഠനാവശ്യത്തിനായി വിദേശരാജ്യങ്ങളിൽ പോകുന്ന വിദ്യാർഥികൾ

| ആഭ്യന്തരകുടിയേറ്റം | രാജ്യാന്തരകുടിയേറ്റം |
|---|---|
| • | • |

## ജനനനിരക്കും മരണനിരക്കും

ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച കണക്കാക്കുന്നതിനുള്ള പ്രധാനപ്പെട്ട ഘടകങ്ങളാണ് അവിടത്തെ ജനനനിരക്കും മരണനിരക്കും.

ജനസംഖ്യയിലെ ഓരോ ആയിരത്തിനും ജീവനോടെ ജനിക്കുന്നവരുടെ എണ്ണമാണ് ജനനനിരക്ക്.

ഒരു പ്രത്യേക പ്രദേശത്ത് നിശ്ചിതസമയത്തിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിലും മരിക്കുന്നവരുടെ എണ്ണമാണ് മരണനിരക്ക്.

## ശിശുമരണ നിരക്ക്

ഒരു വർഷത്തിൽ ആയിരം ജീവനോടെയുള്ള ജനനങ്ങളിൽ ഒരു വയസ്സിനുള്ളിൽ മരണപ്പെടുന്ന ശിശുക്കളുടെ എണ്ണത്തെ ശിശുമരണനിരക്ക് (Infant Mortality) എന്നു പറയുന്നു.

## മാതൃമരണനിരക്ക്

ഒരു വർഷം നടക്കുന്ന ആയിരം പ്രസവങ്ങളിൽ മരിക്കുന്ന സ്ത്രീകളുടെ എണ്ണത്തെ മാതൃമരണനിരക്ക് (Maternal mortality rate) എന്നു പറയുന്നു.

ഒരു രാജ്യത്തെ ഉയർന്ന ശിശുമരണനിരക്കും മാതൃമരണനിരക്കും ആ രാജ്യത്തിന്റെ പിന്നാക്കാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും സൂചകങ്ങളാണ്.

ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസത്തിലാണ് ജനസംഖ്യാവളർച്ച കണക്കാക്കുന്നത്. ജനനനിരക്ക് കുറയുകയും മരണനിരക്ക് ഉയരുകയും ചെയ്യുന്ന അവസ്ഥയിൽ ജനസംഖ്യ കുറയുന്നു. മരണനിരക്കിനെക്കാൾ ജനനനിരക്ക് ഉയരുമ്പോൾ ജനസംഖ്യ വർധിക്കുന്നു.

### ഇന്ത്യയിലെ ജനന-മരണനിരക്ക് 1901-2001




| വർഷം | ജനന നിരക്ക് | മരണ നിരക്ക് |
|---|---|---|
| 1901 | 49.2 | 42.6 |
| 1911 | 48.1 | 47.2 |
| 1921 | 46.4 | 36.3 |
| 1931 | 45.2 | 31.2 |
| 1941 | 39.9 | 27.4 |
| 1951 | 41.7 | 22.8 |
| 1961 | 41.2 | 19 |
| 1971 | 37.1 | 14.8 |
| 1981 | 33.9 | 12.5 |
| 1991 | 29.5 | 9.8 |
| 2001 | 26 | 9 |

നൽകിയിട്ടുള്ള പട്ടികയും ഗ്രാഫും നിരീക്ഷിച്ച് ഇന്ത്യയിലെ ജനനനിരക്ക്, മരണനിരക്ക് എന്നിവയുടെ പ്രവണതകൾ കണ്ടെത്തൂ. 2011 സെൻസസ് പ്രകാരം ഇന്ത്യയിലെ ജനനനിരക്കും മരണനിരക്കും കണ്ടെത്തുക.

*Source: SRS Bulletin, Registrar General of India, 2016, National Commission on Population, Government of India.*
*website: http://populationcommission.nic.in/facts1.htm#*

ജനന-മരണ സ്ഥിതിവിവരക്കണക്കിന്റെ കൃത്യത, ഇവ ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയടക്കമുള്ള ഒട്ടുമിക്ക രാജ്യങ്ങളിലും ജനനമരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നു.

ഗ്രാമപ്രദേശത്ത് ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതെവിടെയാണ്?
നഗര/പട്ടണപ്രദേശത്ത് ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതെവിടെയാണ്?

പകർച്ചവ്യാധി, ക്ഷാമം, കാലാവസ്ഥാവ്യതിയാനം എന്നിവ മരണനിരക്കിനെ എങ്ങനെ ബാധിക്കുന്നുവെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2011 സെൻസസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും ജനനനിരക്കും മരണനിരക്കും കണ്ടെത്തി നോട്ട് ബുക്കിൽ കുറിക്കൂ.

## ജനസാന്ദ്രത

ഒരു പ്രദേശത്തെ പ്രധാന സാമൂഹിക-സാമ്പത്തിക ഘടകങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒന്നാണ് അവിടത്തെ ജനസാന്ദ്രത.

ഒരുപ്രദേശത്ത് നിശ്ചിതകാലയളവിൽ അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ പ്രദേശത്തെ ജനസംഖ്യ. എന്നാൽ ഓരോ ചതുരശ്ര കിലോമീറ്റർ പ്രദേശത്തുള്ള ശരാശരി ജനസംഖ്യയെ ജനസാന്ദ്രത (Density of Population) എന്നുപറയുന്നു.

2011 സെൻസസ് റിപ്പോർട്ട് പരിശോധിച്ച് ജനസംഖ്യ, ജനസാന്ദ്രത എന്നിവ കൂടുതലുള്ള സംസ്ഥാനങ്ങൾ, കുറവുള്ള സംസ്ഥാനങ്ങൾ എന്നിവ കണ്ടെത്തി, ചാർട്ട് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

ഇന്ത്യയിൽ ജനസാന്ദ്രതയിൽ പ്രകടമായ പ്രാദേശിക വ്യത്യാസങ്ങൾ നിലനിൽക്കുന്നു. 2011 സെൻസസ് പ്രകാരം ജനസാന്ദ്രതയിൽ ഡൽഹി ഏറ്റവും മുന്നിലും അരുണാചൽപ്രദേശ് ഏറ്റവും പിന്നിലുമാണ്.

ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശത്തെ സാമൂഹികപ്രശ്നങ്ങൾ എന്തെല്ലാമാണ്? പട്ടിക പൂർത്തീകരിക്കൂ.

- തുറസ്സായ സ്ഥലമില്ലായ്മ
- മലിനീകരണം
- ജലസംഭരണ കുറവ്
- ആൾക്കൂട്ടം
- 
- 



ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ ജനസംഖ്യ വളരെ ഉയർന്നും മറ്റ് ചില സംസ്ഥാനങ്ങളിൽ വളരെ താഴ്ന്നും നിൽക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കാം?

- കാലാവസ്ഥ
- ഭൂപ്രകൃതി
- ജലലഭ്യത
- മണ്ണിനങ്ങൾ
-
-

## സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും

സ്ത്രീ-പുരുഷാനുപാതം ജനസംഖ്യയുടെ വളർച്ചാനിരക്കുകളെയും അതിന്റെ പരിണാമത്തെയും സ്വാധീനിക്കുന്നു. ജനസംഖ്യയുടെ സ്ത്രീ-പുരുഷാനുപാതം ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവയെ ബാധിക്കുന്നു.

ഒരു നിശ്ചിതകാലയളവിൽ ഒരു പ്രത്യേക പ്രദേശത്തെ ആയിരം പുരുഷന്മാർക്ക് ആനുപാതികമായി എത്ര സ്ത്രീകളുണ്ട് എന്ന് കണക്കാക്കുന്നതിനെയാണ് സ്ത്രീ-പുരുഷാനുപാതം (Sex Ratio) എന്നു പറയുന്നത്.

0-6 വയസിനുള്ളിൽ 1000 ആൺകുട്ടികൾക്ക് ആനുപാതികമായി എത്ര പെൺകുട്ടികൾ എന്ന് കണക്കാക്കുന്നതിനെയാണ് ശിശുലിംഗാനുപാതം (Child Sex Ratio) എന്നു പറയുന്നത്.

### ഇന്ത്യയിലെ കുറയുന്ന സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും - 1961-2011

| വർഷം | സ്ത്രീ-പുരുഷാനുപാതം | ശിശുലിംഗാനുപാതം |
|---|---|---|
| 1961 | 941 | 960 |
| 1971 | 930 | 964 |
| 1981 | 934 | 962 |
| 1991 | 927 | 945 |
| 2001 | 933 | 927 |
| 2011 | 940 | 914 |

*Source: *Census of India 2011 (Provisional) Government of India*

പട്ടിക നിരീക്ഷിച്ച് ഇന്ത്യയിലെ സ്ത്രീ-പുരുഷാനുപാതത്തിലെയും ശിശുലിംഗാനുപാതത്തിലെയും പ്രവണതകളെക്കുറിച്ച് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ. കേരളത്തിന്റെ സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും തമ്മിൽ താരതമ്യം ചെയ്യുക.

സ്ത്രീ-പുരുഷാനുപാതത്തിന് സ്ത്രീ-പുരുഷ സന്തുലിതാവസ്ഥയിൽ വലിയ പങ്കുണ്ട്. ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച പ്രവചിക്കുന്നതിനും ജനസംഖ്യയുടെ വലുപ്പം കണക്കാക്കുന്നതിനും സ്ത്രീ-പുരുഷാനുപാതം ഉപയോഗിക്കുന്നു.

2011 സെൻസസ് പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീ-പുരുഷാനുപാതം എത്രയാണ്?

കുറയുന്ന സ്ത്രീ-പുരുഷാനുപാതം എന്തൊക്കെ സാമൂഹികപ്രശ്നങ്ങളായി രിക്കാം സൃഷ്ടിക്കുന്നത്?

•

•

ഇന്ത്യയിൽ സ്ത്രീ-പുരുഷാനുപാതം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നീതിആയോഗ് മുന്നോട്ടു വച്ചിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

- പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുക
- പെൺകുട്ടികൾക്ക് മികച്ച ആരോഗ്യസംരക്ഷണവും വിദ്യാഭ്യാസവും നൽകുക
- സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുക

## ആയൂർദൈർഘ്യം

എല്ലാ രാജ്യങ്ങളും അവിടെയുള്ള ജനതയുടെ ആരോഗ്യം വർധിപ്പി ക്കുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി പ്രയത്നിക്കുന്നു. ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച കണക്കാക്കുന്നതിനുള്ള പ്രധാന ഘടകമാണ് ആയുർദൈർഘ്യം.

ഒരാൾ ശരാശരി എത്രകാലം ജീവിച്ചിരിക്കും എന്ന കണക്കാണ് ആയൂർദൈർഘ്യം എന്നു പറയുന്നത്. ഒരു നിശ്ചിത പ്രദേശത്തെ ഓരോ പ്രായവിഭാഗത്തിലെയും മരണനിരക്കിന്റെ അടിസ്ഥാനത്തിലാണ് ആയൂർദൈർഘ്യം കണക്കാക്കുന്നത്.

താഴെ നൽകിയിരിക്കുന്ന പട്ടിക ശ്രദ്ധിക്കൂ.

| സംസ്ഥാനം/ കേന്ദ്രഭരണപ്രദേശം | ആയുർദൈർഘ്യം (പുരുഷൻ) | ആയുർദൈർഘ്യം (സ്ത്രീ) |
|---|---|---|
| കേരളം | 72.3 | 78.0 |
| മഹാരാഷ്ട്ര | 71.6 | 74.0 |
| പഞ്ചാബ് | 71.1 | 74.7 |
| ഉത്തർപ്രദേശ് | 65.0 | 66.2 |
| ഛത്തിസ്ഗഢ് | 63.7 | 66.9 |
| ഇന്ത്യ | 68.4 | 71.1 |

അവലംബം : NSO, 2022

2022-ൽ പുറത്തിറങ്ങിയ 'നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (NSO), വിമൺ ആൻഡ് മെൻ ഇൻ ഇന്ത്യ റിപ്പോർട്ട്' അനുസരിച്ച് 2015-19 കാലയളവിൽ ഇന്ത്യയിലെ സ്ത്രീ-പുരുഷ ആയുർദൈർഘ്യം യഥാക്രമം 71.1 ഉം, 68.4 ഉം ആണ്. അതേസമയം കേരളത്തിലെ സ്ത്രീ-പുരുഷ ആയുർദൈർഘ്യം 78.0 ഉം 72.3ഉം ആണ്.

കേരളത്തിലെ ഉയർന്ന ആയൂർദൈർഘ്യത്തിന് നിരവധി ഘടകങ്ങൾ കാരണമാണ്.

- ഉയർന്ന സാക്ഷരതാനിരക്കും ഉന്നതവിദ്യാഭ്യാസവും
- വികേന്ദ്രീകൃത പൊതുജനാരോഗ്യനയം
- ശുചിത്വം
- ഭക്ഷ്യലഭ്യതയും പൊതുവിതരണവും

☎ **14567**

വയോജനങ്ങൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പർ

വയോജനങ്ങളുടെ സാമൂഹികക്ഷേമത്തിനും സുരക്ഷിതത്വത്തിനും വിവിധ കർമ്മപരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ 60 വയസ്സിന് മേൽ പ്രായമുള്ളവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ 2013-ൽ '**സംസ്ഥാന വയോജന നയം**' ആവിഷ്ക്കരിച്ചു.

വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പകൽവീട്, വയോരക്ഷാപദ്ധതി, വയോമിത്രം പദ്ധതി, അമൃതം പദ്ധതി എന്നിവ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇവയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

ലോക ജനസംഖ്യാദിനമായി ആചരിക്കുന്നത് എന്നാണ്? ലോക ജനസംഖ്യാദിന സന്ദേശമടങ്ങുന്ന പ്ലക്കാർഡ് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

## ജനസംഖ്യാ പ്രായഘടന

ജനസംഖ്യക്രമീകരണത്തിന്റെ പ്രധാനപ്പെട്ട സൂചകമാണ് ജനസംഖ്യാ പ്രായഘടന.

ആപേക്ഷികമായി വ്യത്യസ്ത പ്രായവിഭാഗത്തിലുള്ള വ്യക്തികളുടെ അനുപാതമാണ് ജനസംഖ്യാ പ്രായഘടന (Age structure of population).

പുരോഗതി, ശരാശരി ആയുർദൈർഘ്യം എന്നിവയിലുള്ള മാറ്റങ്ങൾ പ്രായഘടനയെ ബാധിക്കുന്നു. ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായിതിരിച്ച് ആകെ ജനസംഖ്യയിൽ ഓരോഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതിനെയാണ് ജനസംഖ്യപ്രായ ഘടന എന്ന് പറയുന്നത്.

| പ്രായവിഭാഗം | പ്രായം |
|---|---|
| 0-14 | കുട്ടികൾ |
| 15-59 | യുവാക്കൾ |
| 60 ന് മുകളിൽ | പ്രായമായവർ |

*Source: Technical Group on Population Projections (1996 and 2006) of the National Commission on Population. http://populationcommission.nic.in/facts1.htm*

ഒരു പ്രദേശത്തെ ജനനനിരക്കും മരണനിരക്കും ആ പ്രദേശത്തിന്റെ ജനസംഖ്യാപ്രായഘടനയിൽ സ്വാധീനം ചെലുത്തുന്നു. നമ്മുടെ രാജ്യത്ത് മുമ്പ് ശരിയായ ആരോഗ്യ സംരക്ഷണമില്ലാത്തതുകൊണ്ടും രോഗങ്ങൾ കൊണ്ടും മറ്റു ഘടകങ്ങൾ കൊണ്ടും ശരാശരി ആയുർദൈർഘ്യം കുറയുന്നതിന് കാരണമായി. കൂടാതെ ശിശു-മാതൃ മരണനിരക്ക് ഉയർന്നതും പ്രായഘടനയെ സ്വാധീനിച്ചു. എന്നാൽ രാജ്യത്തിന്റെ വികസനത്തോടൊപ്പം ജീവിതനിലവാരവും ഉയരുകയും ആയുർദൈർഘ്യം വർധിക്കുകയും ചെയ്തു. താരതമ്യേന പ്രായംകൂടിയ വിഭാഗത്തിന്റെ പ്രായഘടനാനുപാതം ചെറുപ്രായവിഭാഗത്തെക്കാൾ ഉയർന്നു. ഈ പ്രായഘടനയെയാണ് വാർധക്യബാധിത ജനത (Ageing Population) എന്നു പറയുന്നത്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ പ്രായവിഭാഗത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| ജനസംഖ്യയുടെ പ്രായവിഭാഗം | ജനസംഖ്യയുടെ ശതമാനം |
|---|---|
| 0 – 14 വയസ്സ് | 29 |
| 15 – 59 | 63 |
| 60 വയസ്സും അതിൽ കൂടുതലും | 8 |

*Source: Based on data from the Technical Group on Population Projections (1996 and 2006) of the National Commission on Population.*

*Webpage for 1996 Report: http://populationcommission.nic.in/facts1.htm*

- ഏറ്റവും കൂടുതൽ ജനസംഖ്യ ഏത് പ്രായവിഭാഗത്തിൽ ആണ്?
- കുറഞ്ഞ ജനസംഖ്യ ഏത് പ്രായവിഭാഗത്തിൽ ആണ്?

ഇന്ത്യയിൽ ഉയർന്ന അനുപാതത്തിൽ യുവജന സംഖ്യയുണ്ടെന്നും കുറഞ്ഞ അനുപാതത്തിൽ പ്രായമായവരാണെന്നും പട്ടിക സൂചിപ്പിക്കുന്നു. യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ ശക്തിനൽകാനും സാമ്പത്തികവളർച്ചയുണ്ടാക്കാനും സാധിക്കും. ഇതിനായി യുവജനങ്ങൾക്ക് വിദ്യാഭ്യാസത്തിലും ആരോഗ്യസംരക്ഷണത്തിലും കൂടുതൽ പ്രാധാന്യം ആവശ്യമാണ്. അതേസമയം പ്രായാധിക്യമുള്ളവർക്ക് സാമൂഹിക സുരക്ഷ, ആരോഗ്യപരിരക്ഷാ സംവിധാനം എന്നിവയിൽ കൂടുതൽ ശ്രദ്ധനൽകേണ്ടതായും വരുന്നു.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയുടെയും കേരളത്തിന്റെയും ജനസംഖ്യ പ്രായഘടന കണ്ടെത്തി 'വയോജനത' രാജ്യത്തിനെയും സംസ്ഥാനത്തിനെയും എങ്ങനെ ബാധിക്കുന്നുവെന്ന് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

## ആശ്രിതാനുപാതം

15 മുതൽ 64 വയസ്സ് വരെ പ്രായമുള്ളവരാണ് (സജീവമായ പ്രായഘടന) ഒരുരാജ്യത്തെ അധ്വാനിക്കുന്ന ജനസംഖ്യ. 15ന് താഴെയും 64 ന് മുകളിലും പ്രായഘടനയിൽ ഉള്ളവർ ആശ്രിതവിഭാഗത്തിൽ ഉൾപ്പെടുന്നു.

ജനസംഖ്യയിലെ ആശ്രിതവിഭാഗത്തെയും തൊഴിലെടുക്കുന്ന വിഭാഗത്തെയും താരതമ്യം ചെയ്യുന്ന മാനദണ്ഡത്തെ ആശ്രിതാനുപാതം എന്ന് പറയുന്നു.

ആശ്രിതാനുപാതം ഒരു രാജ്യത്തെ സാമ്പത്തികക്ഷമതയെ ഒരു പരിധിവരെ സ്വാധീനിക്കും. ആശ്രിതാനുപാതം മനസ്സിലാക്കുന്നതിലൂടെ

തിലൂടെ സർക്കാരുകൾക്ക് ആരോഗ്യ സംവിധാനം, വിദ്യാഭ്യാസമേഖല എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായി വിലയിരുത്താനും അതോടൊപ്പം പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാനും കഴിയുന്നു. ക്ഷേമവും കരുതലും ആവശ്യമുള്ളവരുടെ എണ്ണം മനസ്സിലാക്കാനും അവർക്ക് വേണ്ട പദ്ധതികൾ രൂപീകരിക്കാനും ആശ്രിതാനുപാതം സഹായിക്കുന്നു.

ആശ്രിതാനുപാതം ഉയരുമ്പോൾ വയോജനതയുടെ എണ്ണവും വർധിക്കുന്നത് രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലൊന്നാണ്. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ജനത (15നും 64നും ഇടയിൽ പ്രായമുള്ളവർ) തൊഴിലിലേർപ്പെടാൻ കഴിയാത്ത വലിയവിഭാഗത്തെ ഏറ്റെടുക്കേണ്ട ബാധ്യതയുണ്ടാകുന്നു. ആശ്രിതാനുപാതം കുറയുന്നത് രാജ്യത്തെ സാമ്പത്തികപുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. അതായത് സജീവപ്രായത്തിലുള്ളവരിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം തൊഴിലെടുക്കാത്തവരുടെ എണ്ണത്തെക്കാൾ കൂടുതലാകുന്നു. ഇതിനെ **ജനസംഖ്യാലാഭവിഹിതം അല്ലെങ്കിൽ ജനസംഖ്യാപരമായ നേട്ടം** (Demographic Dividend) എന്നു പറയുന്നു. ജോലിയെടുക്കുന്നവർ ക്രമേണ ജോലിയെടുക്കാൻ പ്രാപ്തിയല്ലാത്തവരായി മാറുന്നതിനാൽ ഇത് സ്ഥായിയായി നിൽക്കുന്നില്ല.

### ജനസംഖ്യാലാഭവിഹിതത്തിന്റെ നേട്ടങ്ങൾ

- രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതി വർധിക്കുന്നു
- രാജ്യത്തിന്റെ ഉൽപാദനക്ഷമത വർധിക്കുന്നു
- രാജ്യത്തിന് ഉയർന്ന മനുഷ്യവിഭവശേഷി ലഭിക്കുന്നു

ജനസംഖ്യാലാഭവിഹിതത്തിന്റെ മുഴുവൻ നേട്ടങ്ങളും ലഭിക്കുന്നതിനായി യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ആവശ്യമാണ്. ഇതിനായി ധാരാളം സംരംഭങ്ങൾ നിലവിലുണ്ട്.

KERALA STARTUP MISSION™

കേരളത്തിലെ സംരംഭകത്വ വികസനത്തിനും പ്രവർത്തനങ്ങൾക്കുമുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതികവിദ്യാധിഷ്ഠിത വാണിജ്യപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2006-ലാണ് തിരുവനന്തപുരം ആസ്ഥാനമാക്കി ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

ഇന്ത്യക്ക് ജനസംഖ്യാലാഭവിഹിതത്തിന്റെ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

ഇന്ത്യയിലെ ജനസംഖ്യ യുവത്വമുള്ളതാണ്. അതായത് ഇവിടെ ഭൂരിപക്ഷവും യുവജനതകളാണ്. രാജ്യത്തിന്റെ സുസ്ഥിരവികസനത്തിന് മനുഷ്യവിഭവ ശേഷിയുടെ പങ്ക് നിർണ്ണായകമാണ്. ഈ അധ്യായത്തിൽ നമ്മൾ ചർച്ചചെയ്യ്തത് ജനസംഖ്യ പ്രവണതകളായ ജനന-മരണ നിരക്കുകൾ, കുടിയേറ്റം, പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനുപാതം, ആയുർദൈർഘ്യം തുടങ്ങിയവയാണ്. ജനസംഖ്യാലാഭവിഹിതത്തിൽ യുവജനതയുടെ പ്രയോജനം ലഭ്യമാക്കുന്നതിനോടൊപ്പം ആശ്രിതവിഭാഗങ്ങളുടെ സംരക്ഷണവും പരിഗണിക്കേണ്ടതുണ്ട്.

## ദേശീയ ജനസംഖ്യാനയം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ഇന്ത്യയുടെ വർധിച്ചുവരുന്ന ജനസംഖ്യ നിയന്ത്രിക്കുന്നതിനുള്ള ആലോചനകൾ ദേശീയപ്രസ്ഥാനങ്ങളുടെ ഭാഗമായി ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം സർക്കാറിന്റെ ആഭിമുഖ്യത്തിൽ കുടുംബാസൂത്രണ പദ്ധതി മുന്നോട്ടുവച്ച ആദ്യ വികസ്വര രാജ്യമായി ഇന്ത്യ മാറുകയുണ്ടായി. 1976 ലാണ് ഇന്ത്യയുടെ ആദ്യത്തെ ദേശീയ ജനസംഖ്യാനയം നിലവിൽവന്നത്. അതിനുശേഷം ഡോ.എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ദീർഘകാല നേട്ടങ്ങളെ ആസ്പദമാക്കി പുതിയ ദേശീയ ജനസംഖ്യാനയത്തിന്റെ കരട് രൂപീകരിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 2000-ൽ നിലവിലെ ദേശീയ ജനസംഖ്യാനയം പ്രാബല്യത്തിൽ വന്നു. 2045 ഓടു കൂടി സുസ്ഥിര സാമ്പത്തികവളർച്ച, സാമൂഹികപുരോഗതി, പരിസ്ഥിതി സംരക്ഷണം എന്നിവയെ ബലപ്പെടുത്തുന്ന രീതിയിൽ ജനസംഖ്യ ക്രമീകരിക്കപ്പെടണം എന്നാണ് ദേശീയ ജനസംഖ്യാ നയം 2000-ന്റെ ദീർഘകാലലക്ഷ്യം.

അവലംബം: National Population Policy 2000 Published by Govt. of India.

ഓരോ വ്യക്തിയുടെയും പൂർണ്ണമായ അറിവുകളും കഴിവുകളും ഉപയോഗിച്ചുകൊണ്ട് വ്യക്തിപരവും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം കൈവരിക്കാൻ രാജ്യത്തിന്റെ മനുഷ്യവിഭവശേഷിക്ക് സാധിക്കും. ഇന്ത്യയിലെ ജനസംഖ്യാവളർച്ചയും ലഭ്യമായ വിഭവങ്ങളും പാരിസ്ഥിതികശേഷിയും ഇപ്പോഴത്തെ തലമുറയുടെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട്, വരുംതലമുറകൾക്കു കൂടി ഉപയുക്തമാകുന്ന രീതിയിൽ കൈകാര്യം ചെയ്യ്താൽ മാത്രമേ സുസ്ഥിരവികസനം കൈവരിക്കാൻ സാധിക്കുകയുള്ളു.

## തുടർപ്രവർത്തനങ്ങൾ

- www.censusindia.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് ജനസംഖ്യയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
- കേരളത്തിൽ രാജ്യാന്തരകുടിയേറ്റം മൂലം മനുഷ്യവിഭവശോഷണം സംഭവിക്കുന്ന പ്രദേശങ്ങളെകുറിച്ച് വാർത്തകൾ ശേഖരിച്ച് കൊളാഷ് തയ്യാറാക്കുക.
- മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് വെബ്സൈറ്റ് സന്ദർശിച്ച് ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റത്തിന്റെ സ്ഥിതിവിവരകണക്ക് ശേഖരിച്ച് ചാർട്ട് തയ്യാറാക്കി പ്രദർശിപ്പിക്കുക.
- NSO വെബ്സൈറ്റിൽ (https://mospi.gov.in) നിന്നും മറ്റ് സംസ്ഥാനങ്ങളുടെ സ്ത്രീ-പുരുഷാനുപാതം കണ്ടുപിടിക്കുമല്ലോ? എന്തുകൊണ്ടായിരിക്കാം വിവിധ സംസ്ഥാനങ്ങളിൽ സ്ത്രീ-പുരുഷാനുപാതത്തിൽ വ്യത്യാസം ഉള്ളത്. ക്ലാസിൽചർച്ച നടത്തി അവതരിപ്പിക്കുമല്ലോ?

  ചർച്ചാസൂചകങ്ങൾ

  - പെൺഭ്രൂണഹത്യ
  - ആൺകുട്ടികളോടുള്ള മുൻഗണനാമനോഭാവം
  - അപര്യാപ്തമായ ആരോഗ്യപരിപാലനം
- കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിയും കേരളസർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

  - സഹായഹസ്തം
  - പ്രത്യാശ
  - വിവകേരള

  മേല്പറഞ്ഞവയുടെ വിശദാംശങ്ങൾ ശേഖരിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക
- കേരളത്തിലെ ജനസംഖ്യാവളർച്ചയെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക. ചുവടെ കൊടുത്തിരിക്കുന്ന ആശയമേഖലകൾ കൂടി പരിഗണിച്ചാണ് സെമിനാർ പ്രബന്ധം തയ്യാറാക്കേണ്ടത്.

  - കേരളത്തിലെ ജനസംഖ്യ - കൂടിയ ജില്ല, കുറവുള്ള ജില്ല
  - കേരളത്തിലെ ജനസാന്ദ്രത - കൂടിയ ജില്ല കുറവുള്ള ജില്ല
  - കുടിയേറ്റം - ആഭ്യന്തരം, രാജ്യാന്തരം
  - ജനന-മരണനിരക്ക്

- ആയുർദൈർഘ്യം
- പ്രായഘടന
- ജനസംഖ്യ, ലാഭവിഹിതം
-
-

- ജനസംഖ്യാശാസ്ത്രത്തിന്റെ സാമൂഹിക പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക
- മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സിന്റെ (MoEA) വെബ്സൈറ്റ് സന്ദർശിച്ച് ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നവരുടെ സ്ഥിതി വിവരക്കണക്ക് കണ്ടെത്തി ചാർട്ടിൽ പ്രദർശിപ്പിക്കുക.

# കുറിപ്പുകൾ

# കുറിപ്പുകൾ

ഭാഗം IV ക

# മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***